# പി.എസ്.സി. എംപ്ലോയി

മെയ് 2018

## 80 ഞാൻ കടന്നു






സാർവ്വദേശീയ വനിതാ ദിനം-എഫ്.എ.എസി.റ്റി.ഒ. ആലപ്പുഴ ജില്ലാ കമ്മിറ്റികൾ സംഘടിപ്പിച്ച വനിതാ സംഗമം അഡ്വ. സി.എസ്. സുജാത ഉദ്ഘാടനം ചെയ്യുന്നു




സാർവ്വദേശീയ വനിതാ ദിനം-യൂണിയൻ കോഴിക്കോട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച വനിതാ സംഗമം അഡ്വ.ആതിര.പി.എം. ഉദ്ഘാടനം ചെയ്യുന്നു

Since 1975

# പി.എസ്.സി. എംപ്ലോയി


കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയൻ പ്രസിദ്ധീകരണം

പട്ടം.പി.ഒ. തിരുവനന്തപുരം-695004
ഫോൺ 0471 2446691
Email: keralapsceu@gmail.com
website: www. keralapscemployeesunion.org

പുസ്തകം 43  ലക്കം 2

മെയ്
2018



ഇടതുപക്ഷ സർക്കാരും ബദൽ നയങ്ങളും
**എ.സി.മൊയ്തീൻ**
വ്യവസായ വകുപ്പ് മന്ത്രി
6






എൽ.ഡി.എഫ് ഗവൺമെന്റ് മൂന്നാംവർഷത്തിലേക്ക്
**പുനലൂർ വിജയൻ**
14

ലോംഗ് മാർച്ച്
**സമകാലികം**
16





ശാസ്ത്രം ദൈവത്തിന്റെ ആവശ്യം ഇല്ലാതാക്കിയിരിക്കുന്നു
**ഷിബു. എ. എസ്.**
19

നവലിബറൽ നയങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങൾ ശക്തമാകുന്നു
**കെ. സെബാസ്റ്റ്യൻ**
21

മഹിഷ്മതി സാമ്രാജ്യം
**വിദൂഷകൻ**
23

ചാരുത
**കവിത- രവികിരൺ.കെ.പി.**
28

ഗോവയിലേക്കൊരു ബൈക്ക് യാത്ര
**വൈ. സലാഹുദ്ദീൻ ആലപ്പുഴ**
29



**പത്രാധിപസമിതി**

| | | |
|---|---|---|
| ചിഫ് എഡിറ്റർ | : | എം.ഷാജഹാൻ |
| എഡിറ്റർ | : | കെ.വി.സുനുകുമാർ |
| മാനേജർ | : | ടി.കെ.വിജയൻ |
| അംഗങ്ങൾ | : | വി.ബി.മനുകുമാർ, സബിതാ ജാസ്മിൻ.എച്ച്, മനോജ്.സി.എസ്, ഷിബു.എ.സ്, അനിൽകുമാർ.പി. എസ്, രഞ്ജിത്.എം.ആർ. |
| കവർ ചിത്രം | : | സജീവ്.എൻ.ടി. ലേഔട്ട്&ഡിസൈൻ : sajeevnt@gmail.com |

മുഖക്കുറിപ്പ്



# നിർവ്വചിക്കപ്പെട്ട പെൻഷൻ വീണ്ടെടുക്കാനുള്ള പോരാട്ടം ശക്തമാക്കണം

ബ്രിട്ടീഷ് ഭരണകാലംമുതൽ നിലവിലുണ്ടായിരുന്നതും ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷവും തുടർന്നുപോന്നിരുന്നതുമായ ഏറ്റവും വലിയ സാമൂഹ്യസുരക്ഷാ പദ്ധതിയായിരുന്നു ജീവനക്കാർക്കും തൊഴിലാളികൾക്കുമുള്ള പെൻഷൻ. നിരന്തര പോരാട്ടങ്ങളിലൂടെ ജീവനക്കാർക്കനുകൂലമായ നിരവധി മാറ്റങ്ങൾ പെൻഷൻ പദ്ധതിയിൽ വരുത്തിയിരുന്നു. എന്നാൽ നവലിബറൽ നയങ്ങളുടെ ഭാഗമായി സ്വകാര്യവൽക്കരണം വ്യാപകമായതിനെ തുടർന്ന് പെൻഷനും സ്വകാര്യ വൽക്കരിക്കുകയാണുണ്ടായത്. കേന്ദ്രം ഭരിച്ച എൻ.ഡി.എ.-യു.പി.എ. ഗവൺമെന്റുകൾ മത്സരബുദ്ധിയോടെയാണ് ഈ നയം നടപ്പിലാക്കിയിട്ടുള്ളത്. കേരളത്തിൽ എഫ്.എസ്.എ. ടി.ഒ യുടെയും കേന്ദ്രത്തിൽ കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ കോൺഫെഡറേഷന്റെയും ആഭിമുഖ്യത്തിൽ പെൻഷൻ സ്വാകര്യവൽകരണത്തിനെതിരെ ശക്തമായ പോരാട്ടം നടക്കുകയാണ്. പങ്കാളിത്തപെൻഷൻ പദ്ധതി കേരളത്തിലെ ഇടതുപക്ഷ സർക്കാർ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചില സംഘടനകളുടെ സമരവും നടക്കുകയാണ്.

അന്താരാഷ്ട്ര നാണയ നിധിയുടേയും, വേൾഡ് ബാങ്കിന്റെയും നിർദ്ദേശാനുസരണം 1999– 2004 ലെ എ.ബി. വാജ്പേയ് നേതൃത്വം കൊടുത്ത എൻ.ഡി.എ സർക്കാർ 2004 ജനുവരി മാസം മുതൽ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. തുടർന്ന് കേന്ദ്രത്തിൽ അധികാരത്തിൽ വന്ന കോൺഗ്രസ് നേതൃത്വത്തിലുള്ള യു.പി.എ. സർക്കാർ ബി.ജെ.പി. പിന്തുണയോടെ 2013-ൽ പി.എഫ്.ആർ.ഡി. നിയമം പാർലമെന്റിൽ പാസ്സാക്കി. ഇടതുപക്ഷ കക്ഷികൾ ഈ നിയമത്തിനെതിരെ ശക്തമായി പ്രതികരിക്കുകയും തങ്ങൾ നേതൃത്വം നൽകിയിരുന്ന പശ്ചിമബംഗാൾ, കേരളം, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ പങ്കാളിത്ത പെൻഷൻ നടപ്പാക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്തു.

പങ്കാളിത്ത പെൻഷൻ പദ്ധതിയോട് കോൺഗ്രസിന്റെയും യു.ഡി.എഫിന്റെയും നയം വ്യക്തമാക്കുന്നതാണ് 2002 ജനുവരി 16 ന്റെ സർക്കാർ ഉത്തരവ്. പങ്കാളിത്ത പെൻഷൻ സംബന്ധിച്ച കേന്ദ്രത്തിലെ ബി.ജെ.പി. നേതൃത്വത്തിലുള്ള എൻ.ഡി.എ സർക്കാർ ആലോചന നടത്തിവരുന്ന ഘട്ടത്തിൽ തന്നെ കേരളത്തിൽ കൂടുതൽ ശക്തമായി ഇതു നടപ്പിലാക്കാനാണ് എ.കെ.ആന്റണിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ് സർക്കാർ തീരുമാനിച്ചത്. 32 ദിവസം നീണ്ടുനിന്ന സമാനതകളില്ലാത്ത സമരത്തെ തുടർന്ന് എ.കെ.ആന്റണി സർക്കാരിനു അത് നടപ്പിലാക്കാനായില്ല. തുടർന്നു

കേരളത്തിൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിക്കൊണ്ടുള്ള യു.ഡി.എഫ് സർക്കാരിന്റെ ഉത്തരവ് റദ്ദു ചെയ്യുകയും അതിന്റെ ഫലമായി കേരളത്തിൽ 2013 വരെ പങ്കാളിത്ത പെൻഷൻ പദ്ധതിയെ ചെറുക്കുവാനും കഴിഞ്ഞു. എന്നാൽ ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ 2013 ഏപ്രിൽ ഒന്നു മുതൽ സർവ്വീസിൽ വന്ന ജിവനക്കാർക്ക് പങ്കാളിത്ത പെൻഷൻ എർപ്പെടുത്തി. ഈ തീരുമാനത്തിൽ പ്രതിഷേധിച്ച് 2013 ജനുവരി 8 മുതൽ ജിവനക്കാരും അദ്ധ്യാപകരും പണിമുടക്ക് നടത്തി.

2013 ജനുവരിയിലെ പണിമുടക്കുകാലത്തു പങ്കാളിത്തപെൻഷൻ നടപ്പിലാക്കുന്നതിന് അനുകൂലമായ നിലപാടാണ് സെറ്റോ, ഫെറ്റോ സംഘടനകൾ കൈക്കൊണ്ടത്. പങ്കാളിത്ത പെൻഷന് ആധാരമായ PFRDA നിയമം പിൻവലിക്കണമെന്ന ആവശ്യമേ ഉന്നയിക്കാത്തവരാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കണമെന്ന വിചിത്രവാദവുമായി രംഗത്തുവരുന്നത്. ഇടതുപക്ഷം പാർലമെന്റിനകത്തും പുറത്തും PFRDA നിയമത്തിനെതിരെ നിലകൊള്ളുകയും 2002 ലെ കേരളത്തിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സമരത്തിനനുകൂലമായി നിലപാടെടുക്കുകയും 2002-ലെ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിക്കൊണ്ടുള്ള യു.ഡി.എഫ് സർക്കാരിന്റെ ഉത്തരവ് റദ്ദുചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. ഇപ്പോൾ പങ്കാളിത്ത പെൻഷൻ പദ്ധതി പുനപരിശോധന നടപടികളുമായി കേരളത്തിലെ ഇടതുപക്ഷ സർക്കാർ മുന്നോട്ടു പോകുകയാണ്. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ചേർന്നിട്ടുള്ള സംസ്ഥാനങ്ങൾക്ക് അതിൽ നിന്നും പിന്മാറാൻ കഴിയുകയില്ല എന്ന് കേന്ദ്ര ഗവണമെന്റ് വ്യക്തമാക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ കേന്ദ്രം നടപ്പിലാക്കിയിട്ടുള്ള PFRDA നിയമം റദ്ദുചെയ്യുന്നതിനാവശ്യമായ സമരപരിപാടികളുമായി എല്ലാ ജീവനക്കാരും മുന്നേറാനുള്ള സാഹര്യമാണിത്. ഈ നിയമം നടപ്പിലാക്കിയതിന് യാതൊരു പങ്കുമില്ലാത്ത കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെതിരെയുള്ള സമരം ജീവനക്കാരെ ഭിന്നിപ്പിക്കുന്നതിനും തെറ്റിദ്ധരിപ്പിക്കുന്നതിനും വേണ്ടിയുള്ളതാണ്. 2013 ലെ സമരകാലത്ത് നിലവിലുള്ള ജീവനക്കാരെ പങ്കാളിത്തപെൻഷൻ ബാധിക്കുന്നില്ല അതുകൊണ്ട് നിലവിലുള്ള ജീവനക്കാരുടെ സമരത്തിന് പ്രസക്തിയില്ലെന്ന് വാദിക്കുകയും 2002 ലേതുപോലെയുള്ള യോജിച്ച സമരം ഉണ്ടാകാതിരിക്കുന്നതിനുള്ള പരിശ്രമം നടത്തുകയും ചെയ്തവരാണ് ഇപ്പോൾ സംസ്ഥാന ഗവൺമെന്റിനെതിരെ നീങ്ങുന്നത്.

ജീവനക്കാരും അദ്ധ്യാപകരും ഈ കുതന്ത്രം മനസ്സിലാക്കുകയും PFRDA നിയമം റദ്ദ് ചെയ്യുന്നതിനാവശ്യമായ സമരപോരാട്ടങ്ങളിൽ അണിചേരുകയുമാണ് വേണ്ടത്.

**ചീഫ് എഡിറ്റർ**

# ഇടതുപക്ഷ സർക്കാരും

**എ.സി.മൊയ്തീൻ**
വ്യവസായ വകുപ്പ് മന്ത്രി

**പുതിയ കാലഘട്ടത്തിൽ എല്ലാ മേഖലകളിൽ നിന്നും സർക്കാർ ഒഴിഞ്ഞുനിൽക്കുകയാണ്. എല്ലാം കമ്പോളം നിശ്ചയിച്ചോട്ടെ എന്ന് തീരുമാനിച്ചിരിക്കുയാണ്. ആ നയമാണ് ലോകത്തുള്ളത്. നമ്മുടെ രാജ്യത്തിന്റെ പൊതുഅവസ്ഥയിൽ നിന്ന് ഭരണഘടനാ ബാധ്യതകൾ ഉള്ള ഒരു ഗവണ്മെന്റിന് ഈ നയങ്ങളെ ചെറുത്ത് പരാജയപ്പെടുത്താനൊന്നും കഴിയില്ല. പക്ഷെ ഈ നയം മാത്രമാണ് ഏക ആശ്രയം എന്നതിനു ബദലായി മറ്റൊരു മാർഗ്ഗമുണ്ട് എന്ന് ചൂണ്ടിക്കാണിക്കാനാണ് എൽ ഡി എഫ് ഗവണ്മെന്റ് ശ്രമിക്കുന്നത്**

പുതിയ കാലഘട്ടത്തിൽ എല്ലാ മേഖലകളിൽ നിന്നും സർക്കാർ ഒഴിഞ്ഞുനിൽക്കുകയാണ്. എല്ലാം കമ്പോളം നിശ്ചയിച്ചോട്ടെ എന്ന് തീരുമാനിച്ചിരിക്കുയാണ്. ആ നയമാണ് ലോകത്തുള്ളത്. നമ്മുടെ രാജ്യത്തിൽ അതിവേഗത്തിൽ കഴിഞ്ഞ ഗവണ്മെന്റുകളും ഇപ്പോഴത്തെ കേന്ദ്രഗവണ്മെന്റും സ്വീകരിക്കുന്നത് ഇതാണ് എന്ന് പൊതുവിൽ നമ്മൾ മനസ്സിലാക്കിയിട്ടുണ്ട്. അത്തരമൊരു സാഹചര്യത്തിലാണ് ഒരു ഇടതുപക്ഷഗവണ്മെന്റ് കേരളത്തിൽ അധികാരത്തിലുള്ളത്. നമ്മുടെ രാജ്യത്തിന്റെ പൊതുഅവസ്ഥയിൽ നിന്ന് ഭരണഘടനാബാധ്യതകൾ ഉള്ള ഒരു ഗവണ്മെന്റിന് ഈ നയങ്ങളെ ചെറുത്ത് പരാജയപ്പെടുത്താനൊന്നും കഴിയില്ല. പക്ഷെ ഈ നയം മാത്രമാണ് ഏക ആശ്രയം എന്നതിനു ബദലായി മറ്റൊരു മാർഗ്ഗമുണ്ട് എന്ന് ചൂണ്ടിക്കാണിക്കാനാണ് എൽ ഡി എഫ് ഗവണ്മെന്റ് ശ്രമിക്കുന്നത്. ഇതിലേറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു സാഹചര്യം കേരളത്തിലുണ്ട്. ഈ സാഹചര്യം അഭിമാനപൂർവ്വം നമുക്ക് പറയാൻ കഴിയുന്നത് കേരളത്തിന്റെ ജീവിതനിലവാരത്തിലുള്ള മികവാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ആരോഗ്യപരിരക്ഷയുടെ കാര്യത്തിൽ ആയുസ്സിന്റെ കാര്യത്തിൽ, ശിശുമരണനിരക്ക് കുറവുള്ളതിന്റെ കാര്യത്തിൽ ഇന്ത്യാരാജ്യത്ത് മറ്റെല്ലാസംസ്ഥാനങ്ങളെയും അപേക്ഷിച്ച് വികസിതരാജ്യങ്ങൾക്കൊപ്പം നിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം എന്ന് നമ്മൾ പറയുന്നു. കേരളം ഇങ്ങിനെ ഒരു നേട്ടത്തിലേക്ക് എത്തുന്നതിന്റെ പാശ്ചാത്തലം നമ്മൾ കാണണം. ഒന്ന് നമ്മുടെ കേരളത്തിലെ നാടുജന്മി നാടുവാഴിത്തവ്യവസ്ഥക്കെതിരായി നടന്ന പോരാട്ടം, നവോത്ഥാനപ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന അയിത്തത്തിനും അനാചാരത്തിനും എതിരായി നടന്ന പോരാട്ടത്തിൽ പുരോഗമനമൂല്യങ്ങൾ ഉയർത്തിപിടിച്ചുകൊണ്ട് നടന്ന നമ്മുടെ സംസ്ഥാനത്ത് നടന്ന പ്രവർത്തനങ്ങളാണ്. ഈ നവോത്ഥാനമൂല്യങ്ങളുടെ പിൻതുടർച്ചക്കാരായി ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ ഇടപെടലുണ്ട്. ഇതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്. ഉപരിവർഗ്ഗത്തിലുള്ള കുറച്ച് ആളുകളുടെ മാത്രമല്ല സ്വാതന്ത്യത്തിനു വേണ്ടിയുള്ള പോരാട്ടം എന്ന് കാണാനും ജനസാമാന്യത്തെ കയർതൊഴിലാളികൾ ഉൾപ്പെടെയുള്ള കർഷകതൊഴിലാളികൾ ഉൾപ്പെടെയുള്ള രാജ്യത്തെ ജനസാമാന്യത്തെ ദേശീയപ്രസ്ഥാനത്തിൽ അണിനിരത്താനും കഴിഞ്ഞ സംഘടിതപ്രസ്ഥാനം ശക്തിയാർജ്ജിച്ചതും കേരളത്തിലാണ്. ദേശീയപ്രസ്ഥാനത്തിലേക്ക് ജനപങ്കാളിത്തം ഉറപ്പാക്കിയതും അധ്വാനിക്കുന്നവന്റെ പങ്കാളിത്തം ഉറപ്പാക്കിയതും കേരളത്തിലാണ്. അതിന്റെ തുടർച്ച എന്ന നിലക്കാണ് കേരളത്തിലെ ഇടതുപക്ഷരാഷ്ട്രീയത്തിന്റെ പ്രസക്തി നമ്മൾ കാണേണ്ടത്. ദേശീയപ്രസ്ഥാനം ഉയർത്തിപിടിച്ച ഈ മൂല്യങ്ങൾ പിന്നീട് തുടർന്നുകൊണ്ടുപോയത് ഈ ഇടതുപക്ഷഗവണ്മെന്റാണ്. തൊഴിലാളികളുടെ സാധാരണക്കാരന്റെ അധ്വാനിക്കുന്നവന്റെ കൃഷിക്കാരന്റെ ഏറ്റവും പിന്നണിയിൽ കിടക്കുന്ന പട്ടികജാതിക്കാരന്റെ ദളിതന്റെ ജീവിതാധ്വാനങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടങ്ങൾ നിരവധിയുണ്ട്. അതൊക്കെ പിന്നീട് ഏറ്റെടുത്തത് കേരളത്തിലെ ഇടതുപക്ഷരാഷ്ട്രീയമാണ്. ആ ഇടതുപക്ഷരാഷ്ട്രീയം ഭൂമിക്ക് വേണ്ടിയുള്ള പോരാ

# ബദൽ നയങ്ങളും




ട്ടം വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള പോരാട്ടം ഒക്കെ ഇതിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്. മനുഷ്യൻ മനുഷ്യനെ തീണ്ടിക്കൂടാ എന്ന നയത്തിന് എതിരായിട്ടുള്ള പോരാട്ടം, ഇടതുപക്ഷം ഏറ്റെടുത്തിട്ടുണ്ട്. ഈ പോരാട്ടങ്ങളുടെ തുടർച്ചയായി കേരളത്തിൽ നമുക്കറിയുന്ന പോലെ വന്ന സഖാവ് ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ ഗവൺമെന്റ് -പോരാട്ടങ്ങളുടെ ഭാഗമായി വന്ന ഗവൺമെന്റ് സ്വീകരിച്ച നിലപാടുകളും ഇടതുപക്ഷരാഷ്ട്രീയം മുന്നോട്ടുവെച്ചു. ഇ എം എസ് പറഞ്ഞപോലെ ഇടതുപക്ഷം ഇല്ലായ്മ ചെയ്യാനല്ല ഭരണഘടനയ്ക്കകത്തുനിന്നുകൊണ്ട് ഇടതുകാഴ്ചപ്പാട് ഉയർത്തിപ്പിടിച്ചുകൊണ്ട് ജനങ്ങൾക്ക് സമാശ്വാസം നൽകാൻ അതിനുവേണ്ടി പരിശ്രമം ആരംഭിച്ച ഗവൺമെന്റ്, ആ ഗവൺമെന്റ് എന്തൊക്കെ ചെയ്തു എന്നുള്ള കാര്യം ഞാൻ പറയുന്നില്ല. പക്ഷെ ആ ഗവൺമെന്റ് തുടങ്ങിവെച്ച പ്രവർത്തനങ്ങളാണ് നേരത്തെ പറഞ്ഞത്. ഈ സാമൂഹികരാഷ്ട്രീയപാശ്ചാത്തലത്തിന്റെ ഭാഗമായി കേരളമോഡൽ എന്ന രീതിയിൽ വികസിച്ചുവന്നത്. അതിൽ ഞാൻ നേരത്തെ പറഞ്ഞ ജീവിതത്തിന്റെ നേട്ടങ്ങൾ. ഈ പോരാട്ടങ്ങളുടെ ഭാഗമായി, ആ പോരാട്ടങ്ങളുടെ ഉല്പന്നമായി ഇടതുപക്ഷഗവൺമെന്റുകൾ അധികാരത്തിൽ വന്നപ്പോൾ ഉണ്ടായ നേട്ടങ്ങൾ കേരള മോഡലായി നമ്മൾ വിശേഷിപ്പിക്കും. കേരളമോഡൽ രാജ്യത്തിന്റെ മുമ്പിൽ മാതൃകയായി നമ്മൾ ഉയർത്തിപ്പിടിച്ചതാണ്. ആ മോഡലിന്റെ പ്രസക്തഭാഗമാണ് വിദ്യാഭ്യാസം. എഴുതാനും വായിക്കാനും ആഗ്രഹമില്ലാഞ്ഞിട്ടല്ല വിദ്യ നിഷേധിക്കപ്പെട്ട ഒരു ജനവിഭാഗത്തിന്റെ വിദ്യാഭ്യാസം നൽകിയ പോരാട്ടമാണ് ജനകീയപോരാട്ടം പൂർത്തികരിച്ച ആ ഗവൺമെന്റാണ്. മുണ്ടശ്ശേരി മാഷ് ഒക്കെ നമ്മുക്ക് ഓർക്കാം. ഭൂമിക്കുവേണ്ടി ദാഹിക്കുന്ന കൃഷിക്കാരന്റെ ആവശ്യങ്ങൾ പരിഹരിച്ചത് ഈ ഗവൺമെന്റാണ്. പൊതുജനാരോഗ്യത്തിന് തുടക്കം കുറിക്കാൻ സാധാരണക്കാരുടെ ചികിത്സഅപേക്ഷയിൽ ആരോഗ്യപരിരക്ഷ സർക്കാരിന്റെ ഉത്തരവാദിത്വമാണ് എന്ന് തീരുമാനിച്ചത് ആ ഗവൺമെന്റാണ്. തൊഴിലാളി സമരങ്ങളെ അടിച്ചമർത്താനുള്ളതല്ല ഭരണകൂടത്തിന്റെ ഭാഗമായിട്ടുള്ള പോലീസ് എന്ന് തീരുമാനിക്കുകയും പോലീസിനെ ജനാധിപത്യവൽക്കരിക്കുകയും ജനങ്ങളോടൊപ്പം നിൽക്കണം എന്നുള്ളരീതിയിൽ മാറണം എന്ന് തീരുമാനിച്ച് ജനാധിപത്യബോധം ഉൾക്കൊണ്ടതും ആ ഗവൺമെന്റാണ്. ഇതൊക്കെ കേരള മോഡലിന്റെ ഭാഗമാണ്. അപ്പോൾ തീർച്ചയായും ആ കേരളമോഡൽ നമ്മുടെ രാജ്യത്തിന് അഭിമാനമായി നമ്മൾ ഉയർത്തിപ്പിടിക്കുന്നത്. പക്ഷെ ലോകം മാറി. നേരത്തെ ഇവിടെ പറഞ്ഞതുപോലെ ആഗോളവൽക്കരണനയങ്ങൾ നവലിബറൽ നയങ്ങൾ ഇതിന്റെ ഭാഗമായിട്ടുള്ള സർക്കാരിന്റെ ഒഴിഞ്ഞുപോക്ക്. ജനങ്ങളുടെ ഒരു ആവശ്യത്തിലും സർക്കാർ ഇടപെടേണ്ടതില്ല. അതൊക്കെ വളർച്ചക്കും വികസനത്തിനും തടസ്സമാണ്. കമ്പോളത്തിലെ മത്സരങ്ങളിലൂടെയാണ് വളർച്ച ഉണ്ടാകേണ്ടത് എന്ന പുതിയ തത്വശാസ്ത്രം വന്നതോടുകൂടി നേരത്തെ പറഞ്ഞ പൊതുമേഖലസ്ഥാപനം മാത്രമല്ല മറ്റ് എല്ലാ മേഖലയിൽ

**ഇടതുപക്ഷഗവണ്മെന്റുകൾ അധികാരത്തിൽ വന്നപ്പോൾ ഉണ്ടായ നേട്ടങ്ങൾ കേരള മോഡലായി നമ്മൾ വിശേഷിപ്പിക്കും. കേരളമോഡൽ രാജ്യത്തിന്റെ മുമ്പിൽ മാതൃകയായി നമ്മൾ ഉയർത്തിപ്പിടിച്ചതാണ്. ആ മോഡലിന്റെ പ്രസക്തഭാഗമാണ് വിദ്യാഭ്യാസം. വിദ്യ നിഷേധിക്കപ്പെട്ട ഒരു ജനവിഭാഗത്തിന് വിദ്യാഭ്യാസം നൽകിയ പോരാട്ടമാണ് ആ ജനകീയപോരാട്ടം പൂർത്തികരിച്ച ഗവണ്മെന്റാണ്.**

നിന്നും പിന്നോട്ടുപോകുകയാണ്. വിദ്യഭ്യാസം എന്തിനാണ് .സർക്കാർ പണം മുടക്കി നടത്തുന്നത്. നിങ്ങളുടെ കയ്യിൽ പണമുണ്ട്. നിങ്ങൾ കാശ് കൊടുത്ത് വാങ്ങിച്ചോ ചന്തയിൽ നിന്ന്. അതാണ് കമ്പോളവൽക്കരണത്തിന്റെ പ്രത്യേകത. അതിന്റെ ഭാഗമായി കേരളത്തിലുണ്ടായ പാശ്ചാത്തലം നോക്കിയോ നിങ്ങൾ . കൂണുപോലെയുണ്ടായ സ്വാശ്രയ സ്കൂളുകളും സ്വാശ്രയകോളേജുകളും .നിങ്ങൾക്ക് പണമുണ്ടോ അങ്ങിനെയുള്ളവർക്ക് പഠിക്കാം . സർക്കാരിന്റെ കയ്യിൽ മുതൽമുടക്കാൻ പണമില്ല. അതുകൊണ്ട് ഈ നയത്തിന്റെ ഭാഗമായി വിദ്യഭ്യാസം എന്ന് പറയുന്ന അൺ ഇക്കണോമിക് എന്ന ആശയം ഉദ്പ്പാദിപ്പിക്കപ്പെട്ടില്ലേ. അതുകൊണ്ട് അൺഇക്കണോമിക് ആയ ലാഭകരമല്ലാത്ത ഒന്നിനും സർക്കാർ പണം മുടക്കേണ്ടതില്ല. അതുകൊണ്ട് പൊതുവിദ്യഭ്യാസത്തിന് പണം മുടക്കേണ്ടതില്ല എന്നതാണ് കേരളീയവിദ്യഭ്യാസത്തിന്റെ നേട്ടം. ഭൂപരിഷ്കരണനിയമത്തെ തുടർന്ന് സ്വന്തം ഭൂമിയിൽ പണിയെടുത്ത് മനുഷ്യൻ അവരുടെ മക്കളെ പഠിപ്പിച്ച് വിദ്യഭ്യാസയോഗ്യതയുള്ളവരാക്കി കേരളത്തിൽ പണിയില്ലെങ്കിലും പുറത്തേക്ക് നമ്മുടെ മനുഷ്യ വിഭവശേഷി കയറ്റി അയച്ച് കേരളത്തിലേക്ക് പണം വരുന്നുണ്ട്. അതിന്റെ മേലാണ് നമ്മുടെ സമ്പദ് വ്യവസ്ഥ. .വിദേശപണത്തിന്റെ വലിയബലത്തിലാണ് കേരളത്തിന്റെ ഈ കേരളമോഡൽ എന്ന് പറഞ്ഞ് ഒരുപാടുകാലം തുടർന്നുപോയത്. വിദ്യഭ്യാസത്തിനു വേണ്ടി മുടക്കുന്ന പണം ആ വ്യക്തിയുടെ പണം ലാഭമാണോ എന്നാണ് കണക്കാക്കേണ്ടത്. ഇങ്ങിനെയുള്ള ഒരു സമൂഹത്തെ ഉണ്ടാക്കിയെടുത്താൽ അത് കേരളത്തിന് ഉണ്ടാക്കിയ അഭിവൃദ്ധിയെക്കുറിച്ചാണോ കാണേണ്ടത്. ആ കാഴ്ചപ്പാടിൽ നിന്ന് മാറുകയാണ്. വിദ്യാഭ്യാസം നൽകേണ്ട ചുമതലകളിൽ നിന്ന് സർക്കാർ മാറുകയും വിദ്യഭ്യാസം നൽകാനുള്ള ചുമതല മൂലധനശക്തികളെ ഏല്പിച്ചുകൊടുക്കുകയും ചെയ്യുക എന്നുള്ള നയം വന്നു. ഇത് വിദ്യഭ്യാസമേഖലയിൽ കേരളത്തിൽ ഈ കേരളമോഡലിന് ഉണ്ടാക്കിയ പരിക്കാണ്. പുറകോട്ട് പോക്കുണ്ട്. പൊതുവിദ്യഭ്യാസം തളർന്നു. ക്വാളിറ്റി കുറഞ്ഞു വിദ്യഭ്യാസത്തിന്റെ കാര്യത്തിൽ . അപ്പോൾ വിദ്യഭ്യാസ മേഖലയിൽ നമ്മൾ ആർജ്ജിച്ച നേട്ടത്തെ സർക്കാരിന്റെ ഈ പുറകോട്ട് പോക്ക് വളർത്തിയോ അതോ തളർത്തിയോ? കേരളമോഡലിന്റെ പ്രധാനപ്പെട്ട ഭാഗമാണ് വിദ്യഭ്യാസം. ഇപ്പോൾ കേരളത്തിലെ ഞാനിതിനെ ബന്ധിപ്പിച്ചുപോകാനാണ് ആഗ്രഹിക്കുന്നത്. കേരളത്തിൽ വിദ്യഭ്യാസയജ്ഞം എന്ന പറയുന്നത് കേരളഗവണ്മെന്റിൽ ഒരു വിഷയമായിമാറിയിരിക്കുകയാണ്. പൊതുവിദ്യഭ്യാസം സംരക്ഷിക്കലാണ്. പൊതുവിദ്യഭ്യാസം സംരക്ഷിക്കാൻ വേണ്ടി സർക്കാർ പള്ളിക്കൂടങ്ങളും എയ്ഡഡ് പള്ളിക്കൂടങ്ങളും ഉൾപ്പെടെയുള്ളവരുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. രണ്ട് അതിന്റെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുക.ഈ രണ്ട് ഉള്ളടക്കത്തിലാണ് വിദ്യഭ്യാസയജ്ഞം. അതിന് ഇന്നലെ ഉണ്ടാക്കിയ നേട്ടം ആഗോളകടന്നാക്രമണത്തിന്റെ ഭാഗമായി വിദ്യഭ്യാസമേഖലയിലുണ്ടായ നേട്ടത്തെ തകർത്ത നയത്തെ ചെറുക്കാൻ ജനങ്ങളെ അണിനിരത്താൻ കൂടി ഇതിനെ പ്രയോജനപ്പെടുത്താനാകണം. ഇത് സർക്കാരിന്റെ ഔദ്യോഗികപരിപാടി മാത്രമല്ല ജനങ്ങളുടെ പരിപാടിയായി മാറണം. അതുകൊണ്ടാണ് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, പൂർവ്വവിദ്യാർത്ഥികൾ എല്ലാവരും ഈ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി നമ്മുടെ സ്കൂളുകളുടെ നമ്മുടെ മക്കൾ പഠിക്കുന്ന സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ടിയുള്ള ഇടപെടലുകൾ ഉണ്ടാകണം എന്ന് തീരുമാനിക്കുന്നത്. സർക്കാരിന്റെ സാധാരണ ഉത്തരവുകളിലൂടെ നടപ്പാക്കുന്ന ഒരു പരിപാടി എന്ന നിലക്കല്ല ഇത് കണ്ടത്.ഇതിൽ സാമൂഹ്യനീതിയുടെ പ്രശ്നമുണ്ട്. കേരളത്തിൽ സാർവ്വത്രിക വിദ്യാഭ്യാസം കിട്ടിയപ്പോൾ ഏറ്റവും പിന്നോക്കം കിടക്കുന്ന ആളുകളുടെ മക്കൾ ഉൾപ്പെടെ പഠിച്ച് നല്ല ജോലിയിൽ വരാൻ കഴിഞ്ഞത് ഐഎഎസും ഐപിഎസും ഡോക്ടർമാരും എഞ്ചിനീയർമാരും മാത്രം ഒക്കെ മാറാൻ കഴിഞ്ഞത് ആ നയത്തിന്റെ ഭാഗമായിട്ടാണ്. സാമൂഹികഉത്തരവാദിത്വത്തിന്റെ ഭാഗമായിട്ടാണ്. അവിടെയാണ് ഇടതുപക്ഷത്തിന്റെ ബദൽ. ഇടതുപക്ഷത്തിന്റെ ഈ ഇടപെടൽ സർക്കാരിന്റെ ഇടപെടൽ സർക്കാരിന്റെ മുതൽമുടക്ക് ഈ പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങൾക്ക് സർക്കാർ ഇടപെടലിലൂടെ നീതി ലഭ്യമാക്കുകയാണ്. വിദ്യാഭ്യാസയജ്ഞം എന്ന് പറയുന്നത് യാന്ത്രികമായി സ്വീകരിക്കേണ്ട സമീപനമല്ല. പാവപ്പെട്ടവന്റെ മക്കൾക്ക് പഠിക്കാനുള്ള പൊതുവിദ്യാലയത്തിൽ മികച്ച സൗകര്യങ്ങൾ ഉണ്ടാക്കുക, ലാബ് ഉണ്ടാക്കുക, പൊതുകളിസ്ഥലങ്ങൾ ഉണ്ടാക്കുക, അവർക്കുള്ള ലൈബ്രറി ഉണ്ടാക്കുക, ഉച്ചഭക്ഷണം കഴിക്കാൻ വൃത്തിയുള്ള സ്ഥലം ഉണ്ടാക്കുക, പഠിപ്പിക്കാൻ ആവശ്യമായ ഉപകരണങ്ങൾ ഉണ്ടാക്കുക, അതോടൊപ്പം പഠിപ്പിക്കുന്ന അധ്യാപകരെ മികച്ച അധ്യാപകരായി വാർത്തെടുക്കുക തുടങ്ങി സാധാരണക്കാരന്റെ മക്കൾക്ക് പൊതുവിദ്യാലയങ്ങളിൽ കൂടി സൗജന്യമായി വിദ്യാഭ്യാസം നൽകുക എന്നുള്ളത് സാമൂഹികനീതി പാവപ്പെട്ടവരിലേക്ക് എത്തിക്കുക എന്നുള്ളതിന്റെ ഭാഗമാണ്. ഇതിൽ രണ്ട് വീക്ഷണമുണ്ട്. ഒന്ന് ആഗോളവൽക്കരണനയങ്ങളുടെ ഭാഗമായി പുറമ്പോക്കിലേക്ക് വലിച്ചെറിയപ്പെടുന്ന ആളുകളെ പരിരക്ഷിക്കാനു

ള്ള ബദൽ ,അവരെ സാമൂഹികമായി സംരക്ഷിക്കേണ്ടത് ഗവണ്മെന്റാണ് എന്നുള്ള ബദൽ ഇതിൽ രണ്ടും കൂടി വരികയാണ്. ഇതിന്റെ മറ്റ് ഉള്ളടക്കത്തിലേക്ക് പോകാനല്ല ഞാൻ ശ്രമിക്കുന്നത്.ഇതാണ് കേരളം ഉയർത്തിപ്പിടിക്കുന്ന ബദൽ. അതിന് ക്ലസ്റ്റർ യോഗത്തിന് ഞാൻ പോകില്ല എന്നു പറഞ്ഞാൽ പറ്റുകയില്ല.അധ്യാപകർ ക്ലസ്റ്റർ യോഗത്തിന് ചെന്നപ്പോൾ ഒരു ശനി കൂടുതൽ ക്ളാസ്സായി. അധ്യാപകർ എല്ലാം തികഞ്ഞവരാണോ. അധ്യാപകർ എല്ലാം തികഞ്ഞവരല്ല. അവരിനിയും പഠിക്കണം. വിജ്ഞാനത്തിന്റെ പുതിയ ശാഖകൾ വരികയാണ്. അറിവിന്റെ ലോകം വികസനമാകുകയാണ്. ഞങ്ങൾ ഇതൊന്നും പഠിക്കാൻ പോകാൻ തയ്യാറല്ല. സംഘടനാസ്വാതന്ത്ര്യത്തിന്റെ പേരിൽ ഇങ്ങനെ ഒരു നിലപാടു സ്വീകരിക്കുന്നത് വിദ്യാർത്ഥികളോടും സമൂഹത്തിനോടും അധ്യാപകൻ എന്ന നിലക്ക് ആ സംഘടന ചെയ്യുന്ന ദ്രോഹമാണ്. അപ്പോൾ എന്താണ് ബദൽ എന്ന് ചോദിച്ചാൽ കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് ഇതാണ്.

രണ്ട് കേരളത്തിലെ ഹരിതകേരളമിഷൻ ആരംഭിച്ചു. കേരളത്തെ ഹരിതാഭമാക്കണം. വിവിധതലങ്ങളുണ്ടതിന്. ഒരു പാട് തലങ്ങൾ ഉണ്ട്. കേരളത്തിൽ കൃഷി കുറഞ്ഞുവരികയാണ്. നമുക്ക് ആവശ്യമുള്ള ഭക്ഷ്യവസ്തുക്കൾ നമ്മൾ ഉൽപ്പാദിപ്പിക്കുന്നില്ല. നമ്മളോട് ഗവണ്മെന്റ് പറഞ്ഞു കേന്ദ്രഗവണ്മെന്റ് നിങ്ങൾ നാണ്യവിളകൾ ഉല്പാദിപ്പിച്ചോ എന്ന്. നിങ്ങൾക്ക് അരി തരാം. ഭക്ഷ്യധാന്യങ്ങൾ തരാം .ഇപ്പോൾ ഗവണ്മെന്റ് പറയുന്നത് അങ്ങനെയൊന്നും തരാൻ പറ്റില്ല എന്നാണ്. ഈ മാറ്റം ഉണ്ടായി ഭക്ഷ്യസുരക്ഷാനിയമമൊക്കെ വന്നപ്പോൾ രണ്ടരലക്ഷം ടൺ അരിയുടെ കുറവ് കേരളത്തിനുണ്ടായി. ഭക്ഷ്യോത്പാദനം കുറയുന്നതിന് കേരളം മാത്രമല്ല ഉത്തരവാദി. നാണ്യവിളകൾ വിദേശനാണ്യം നേടിത്തരുവാൻ ഉദ്പ്പാദിപ്പിക്കാൻ കേന്ദ്രഗവണ്മെന്റ് റബ്ബർബോർഡ്, കോഫി ബോർഡ്, മറ്റ്ബോർഡുകൾ എന്നിവ ഈ നാണ്യവിളകൾ ഉദിപ്പാദിപ്പിച്ചാൽ അത് വിദേശനാണ്യം നേടിത്തരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ ഭക്ഷ്യധാന്യമുണ്ട്. നിങ്ങൾക്ക് തരാം എന്ന കരാറിൽ നിന്ന് ഒരു ഫെഡറൽ ഗവണ്മെന്റ് തരുന്ന ഉറപ്പിൽ നിന്ന് ജനാധിപത്യമര്യാദ പാലിക്കാതെ ഗവണ്മെന്റ് മാറുന്നു. എത്രനാൾ മറ്റുള്ളവരെ ആശ്രയിക്കും.അപ്പോൾ അല്പമെങ്കിലും ഉദ്പ്പാദിപ്പിക്കണം. ഉദ്പാദനത്തിൽ കേരളത്തിനുണ്ടാകുന്ന ഈ സ്വാശ്രയത്തിലേക്ക് പോകാൻ കഴിയുമെന്നൊന്നും ഗവണ്മെന്റ് അവകാശപ്പെടുന്നില്ല. കുറെയെങ്കിലും നമ്മുക്ക് ലഭ്യമായ ഭൂമിയിൽ അവശേഷിക്കുന്ന ഭൂമി നഷ്ടപ്പെടുത്താതെ കാർഷിക ഉൽപ്പന്നങ്ങൾ ഉദ്പ്പാദിപ്പിക്കണം. അത് വിഷമയമില്ലാത്ത സുരക്ഷിതമായ ഭക്ഷ്യവസ്തുക്കളാകണം. ഈ കാഴ്ചപ്പാട് അതിനുണ്ട്. രണ്ട് ഇപ്പോൾ മഴയില്ല. ഒരു മഴ പെയ്തുകഴിഞ്ഞാൽ ചൂടാണ്. ഗ്ളോബൽ വാമിംഗിനെക്കുറിച്ച് നമ്മൾ ഒരുപാട് ചർച്ച ചെയ്തിട്ടുണ്ട്. കാലാവസ്ഥവ്യതിയാനം കാർഷിക മേഖലയിൽ ഉണ്ടാക്കുന്ന പ്രതിസന്ധിയുണ്ട്. മരങ്ങൾ വെച്ചുപിടിപ്പിക്കുന്നത് അതിന്റെ ഭാഗമാണ്. ഹരിതകേരളമിഷന്റെ ഭാഗമായി ഒരുചെടി നടുമ്പോൾ എന്താ അതിന്റെ ബദൽ. ഇത് ഇന്ത്യയിലെ മറ്റ് ബൂർഷ്വാരാഷ്ട്രീയപ്രസ്ഥാനങ്ങൾക്ക് അമേരിക്ക കാലാവസ്ഥാ ഉടമ്പടിയിൽ നിന്ന് പുറകോട്ടുപോയി എന്ന് കഴിഞ്ഞദിവസം വന്നില്ലെ. ആഗോളതാപനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന രോഗങ്ങൾ ഉൾപ്പെടെയുള്ള ഈ പരിസ്ഥിതിയെ സംരക്ഷിക്കാൻ ഇടതുപക്ഷത്തിന്റെ ബദൽ ഗവണ്മെന്റ് മുന്നോട്ട് വെക്കുന്ന ആശയം ഒരുകോടി മരങ്ങൾ ഹരിത മാക്കുക എന്നുള്ളതിന് ആ ലക്ഷ്യമുണ്ട്. നമ്മുക്ക് ഒരു തുള്ളി നഷ്ടപ്പെടാനില്ല. നമ്മുടെ സ്വഭാവം എന്താണ് ഈ ജലാശയങ്ങളൊക്കെ മലിനമാക്കലാണ്. മഴവെള്ളസംഭരണത്തിനുവേണ്ടി ഹരിതകേരളമിഷന്റെ ഭാഗമായി ഈ ബദലാണ് നമ്മൾ ഉയർത്തുന്നത്. ഇനി നശിപ്പിക്കാനില്ല.ഇതിനെ നിലനിർത്തണം. ഈ ജീവജലം പ്രകൃതിയുടെ നിലനിൽപ്പിന് അനിവാര്യമാണ്. മനുഷ്യന്റെ മാത്രമല്ല ജീവജാലങ്ങളുടെ സസ്യങ്ങളുടെ ഈ ആശയം സാർവ്വത്രികമായി ജനങ്ങൾ അണിനിരത്തി ചെയ്യുന്ന ഒരു ബദൽ .സർക്കാരിന്റെ പദ്ധതിയല്ല അവിടെയാണ് ഞാൻ ഊന്നൽ കൊടുക്കുന്നത്. ജനങ്ങളുടെ ബോധത്തിൽ മാറ്റമുണ്ടാക്കിയിട്ടുള്ള കാർഷികമേഖലയിലെ നേരത്തെ പറഞ്ഞ വിശാലമായ അർത്ഥത്തിലുള്ള കാലാവസ്ഥാവ്യതിയാനവും ജലസംരക്ഷണവും മാലിന്യനിർമ്മാർജ്ജനവും അതുൾപ്പെടുന്നതാണ്. അത് നമ്മുടെ വലിയ വിഷയമാണ്. ഇതുണ്ടായില്ലെങ്കിൽ ഡെങ്കിപ്പനി, കോളറ വരാൻ പോകുന്നത് എന്നൊക്കെയാണ് പറയുന്നത്. എന്തുചെയ്യണം .ജനങ്ങൾ അണിനിരത്തിയ ഒരു സർക്കാരുണ്ട്. മുതൽമുടക്കുണ്ട്. ഉദ്പാദനവർദ്ധനവിനു വേണ്ടിയുള്ള ബദൽ ഈ രാജ്യത്ത് ഉണ്ടാകണം. കേന്ദ്രഗവൺമെന്റിന്റെ നയത്തിൽ നിന്നും വ്യത്യസ്തമായി കൃഷിക്കാരൊടപ്പമുണ്ട് രാജ്യത്തെ ജനങ്ങളോടൊപ്പമുണ്ട് എന്നുള്ള ബദൽ കേരളത്തിൽ ഉയർത്തുന്നു.

ഹരിതകേരളമിഷന് ഇനിയും ആശയങ്ങളുണ്ട്. ലക്ഷക്കണക്കിനു ആളുകൾക്ക് ഇനിയും വീടില്ലാത്തവരാണ്. ഭൂമിയില്ലാത്തവരാണ്. അവർക്കുവീടുവെച്ചുകൊടുക്കണം. പട്ടണത്തിൽ ഭൂമിയുള്ള ആളുകൾ രണ്ട് സെന്റ് ഭൂമി വിറ്റ് തെരുവിലേക്കിറങ്ങുകയാണ്. മോളുടെ കല്യാണം വന്നു. മറ്റൊന്നുമില്ല. ആവശ്യം വന്നു പണയപ്പെടുത്തി ജപ്തി ചെയ്തുപോയി. തെരുവാധാരമാകുന്ന ആളുകളുടെ അംഗസംഖ്യ ഇന്ത്യയിലാകെ പെരുകുകയാണ്. എവിടെയാണ് ഇവർക്ക് വീട് .ഇന്ത്യാഗവണ്മെന്റിന് എന്താ പദ്ധതി. അവിടെയാണ് സാമൂഹുകഇടപെടൽ, സാമൂഹികനീതിയുടെ പ്രശ്നം വരുന്നത്. ഇവർക്കൊക്കെ വീട് വെച്ചു കൊടുക്കാനുള്ള ഇടപെടലുണ്ടാകുന്നു. ഇതാണ് മറ്റൊരു ബദൽ.

ഇവിടെ ഞാൻ പറഞ്ഞ മിഷനുകൾക്ക് പുറമെയുള്ള സംവിധാനം ഉൾപ്പെടെ കേരളത്തന്റെ സാമൂഹികരംഗത്ത് സാമൂഹികനീതിയുടേയും പുതിയ മാറ്റത്തിന് തുടക്കം കുറിക്കാൻ വേണ്ടിയുള്ള പദ്ധതികൾ സമഗ്രമായി ആവിഷ്കരിച്ചത് കേരളത്തിന്റെ ഇന്നു നിലനിൽക്കുന്ന ഈ കേരളമോഡലിനെ വികസിപ്പിച്ചു മുന്നോട്ടുകൊണ്ടുപോകാനാണ്. പൊതുവിദ്യഭ്യാസം നമ്മുക്ക് ലഭിച്ചത് നമ്മുടെ മക്കൾക്ക് കിട്ടണം. അടുത്ത തലമുറക്ക് കിട്ടണം. നമ്മുടെ കാർഷികസമൃദ്ധി, നമ്മുടെ ശുദ്ധവായു, നമ്മുടെ ജലം ഇത് കിട്ടണ്ടെ. കേരളത്തിലെ പാവപ്പെട്ടവന് വീട് സാമൂഹികസുരക്ഷ ഇത് ഈ രാജ്യത്ത് ഉണ്ടാകണം. ഇത് സമഗ്ര അടിസ്ഥാനത്തിൽ സാധാരണക്കാരനെ ബാധിക്കുന്ന വിഷയങ്ങൾ എന്ന നിലക്ക് ഈ മിഷനുകളുടെ രൂപ

**വികസനപ്രവർത്തനങ്ങൾക്ക് സൗകര്യം ഒരുക്കണം. റോഡ് വേണം. നല്ല റോഡുകൾ ഉണ്ടാകണം  വികസനം വരുമ്പോൾ ചില ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകും. പക്ഷെ അത് വരാതെ കേരളത്തിന് മുന്നോട്ട് പോകാനാകില്ല.**

ത്തിൽ ജനങ്ങളെക്കൂടി പങ്കാളികളാക്കുന്ന ബദലാണ് കേരളത്തിലെ മിഷനുകൾ. മറ്റൊന്ന് വളർച്ചയുണ്ടാകണം.സാമ്പത്തിക ഉയർച്ചയുണ്ടാകണം. സാമ്പത്തിക വളർച്ചക്ക് സ്വകാര്യമൂലധനം മാത്രം മതി തോന്നൽ നിൽക്കുമ്പോൾ നമ്മൾ സ്വകാര്യനിക്ഷേപത്തിന് എതിരൊന്നുമല്ല. നിക്ഷേപങ്ങൾ ഉണ്ടാകണം കേരളത്തിൽ. നിക്ഷേപം ഉണ്ടാകണമെങ്കിൽ എന്തുവേണം. കേരളത്തിൽ നിക്ഷേപം  വരാൻ ആവശ്യമായ സാമൂഹികപാശ്ചാത്തലം ഉണ്ടാകണം. അതിന് ഇന്നത്തെ അവസ്ഥയിൽ സർക്കാരിന്റെ നികുതി വരുമാനം ഇപ്പോൾ പ്രത്യേകിച്ചും ജി എസ് ടി കൂടി വന്നപ്പോൾ. ഇനി പുതിയ നികുതി സർക്കാരിന് ചുമത്താൻ പറ്റില്ലല്ലോ. നിലവിലുള്ളപ്പോഴോ സർക്കാരിന്റെ റവന്യു വരുമാത്തിന്റെ ഏകദേശം അത്രവരും റവന്യുചെലവ്. ശമ്പളം, പെൻഷൻ മറ്റ് ആനുകൂല്യങ്ങൾ, മറ്റ് സാമൂഹികപദ്ധതികൾ, സാമൂഹികപെൻഷനുകൾ ഉൾപ്പെടെ അതും ബദലാണ്. 500 ഉണ്ടായിരുന്നത് 600 ഉണ്ടായിരുന്നത്1000 വും 1500ഉം അത് വീണ്ടും വർദ്ധിപ്പിക്കാനൊക്കെ നിൽക്കുന്നത് ഇന്ത്യക്ക് മാതൃകയായ ബദലാണ്. സാമൂഹികസുരക്ഷിതത്ത്വത്തിന് ഞങ്ങളുണ്ട്. സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും കൊടുത്തുകഴിഞ്ഞാൽ ഇനി വികസനപ്രവർത്തനത്തിന് പണം ഇല്ല എന്നത് കേരളത്തിലെ ഒരു ചൊല്ലാണ്. നിങ്ങളെക്കുറിച്ചും നിങ്ങൾ വാങ്ങുന്ന ശമ്പളം വാങ്ങിക്കുന്നതുകൊണ്ടാണ് റോഡ് പണിയാൻ കാശില്ലാത്തത് എന്നൊക്കെ പറയും അല്ലെ  ചിലപ്പൊ. 32 ദിവസത്തെ സമരത്തെക്കുറിച്ച് ഇവിടെ അനുസ്മരിച്ചു . 32 ദിവസത്തെ സമരം വന്നപ്പോൾ ആ സമരത്തിനോട് അന്ന് എ.കെ ആന്റണിയുടെ പ്രതികരണമുണ്ടായി. രാജ്യത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാർ ഇത് കൈകാര്യം ചെയ്തോളും.തൊഴിലുള്ളവന് എതിരായി തൊഴിലില്ലാത്ത ചെറുപ്പക്കാരെ തിരിച്ചുവിടുക.എന്താ വെച്ച മുദ്രാവാക്യം നിങ്ങൾക്ക് ശമ്പളം കൂടുതൽ തരുന്നതുകൊണ്ട് തൊഴിലില്ലാത്ത നിങ്ങൾക്ക് തൊഴിൽ കൊടുക്കാൻ കഴിയാത്തത് എന്ന തെറ്റായ നയം ജനങ്ങളെ തമ്മിലടിപ്പിക്കുക ഈ സമരത്തെ പരാജയപ്പെടുത്തുവാൻ വേണ്ടി സ്വീകരിച്ചത്. തൊഴിലില്ലായ്മ അതിന്റെ ഭാഗമോന്നുമല്ല എന്ന് നമ്മുക്കറിയാം. അപ്പോൾ ഇത്തരമൊരു സാഹചര്യത്തിൽ വളർച്ചക്ക് തൊഴിലുണ്ടാക്കാൻ കഴിയുന്ന

മൂലധനനിക്ഷേപം രാജ്യത്തുണ്ടാകമണം. ആ മൂലധനനിക്ഷേപത്തന് എല്ലാംകൈയ്യൊഴിഞ്ഞ് കോർപ്പറേറ്റുകൾ  വന്നോട്ടെ എന്ന സമീപനമല്ല സർക്കാർ സ്വീകരിക്കുന്നത്. ഒന്ന് റവന്യുവരുമാനത്തിൽ കുറവുണ്ട്. രണ്ട് കടമെടുക്കാനുള്ള പരിമിതിയുണ്ട്. സീലിങ്ങ് ഉണ്ട്. അതുകൊണ്ട് കടമെടുത്താൽ പോലും വികസനപ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാവില്ല. ഗവണ്മെന്റ് അടുത്ത ബദൽ വെച്ചു. ബഡ്ജറ്റിനു പുറത്തുള്ള കടമെടുത്ത് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ഉടനെ പ്രയോജനപ്പെടുത്തി കടമെടുക്കാൻ തീരുമാനിച്ചു. 50000 കോടി രൂപ കടമെടുക്കാൻ തീരുമാനിച്ചത് അങ്ങിനെയാണ്. അപ്പോൾ ചിലർ പറഞ്ഞു കടത്തിലാണ് കേരളം. തിരിച്ചടക്കാൻ എന്താണ് മാർഗ്ഗം.ഗവണ്മെന്റ് പറഞ്ഞു തിരിച്ചടക്കാൻ മാർഗ്ഗമുണ്ട്. പെട്രോളിയത്തിന്റെ മേൽ ചെറിയൊരു സെസ്സ് ഉണ്ട്. നീക്കിവെക്കണം. മോട്ടോർവാഹനപെരുപ്പം വർഷം തോറും 15 ശതമാനം പെരുകുന്നുണ്ട്. അതിന്റെ 50 ശതമാനം നീക്കിവെക്കുന്നു. വാങ്ങിക്കുന്ന കടം തിരിച്ചടക്കാൻ മാർഗ്ഗം കണ്ടുകൊണ്ടാണ്. ഈ ബദൽ ബഡ്ജറ്റിനുപുറത്ത് കടം എടുക്കുകയാണ്. ബഡ്ജറ്റിനുപുറത്ത് കടം എടുക്കുമ്പോൾ അത് പരിശോധിക്കാൻ നിയമസഭക്ക് അധികാരമില്ലെ എന്ന സംശയം വന്നു .അങ്ങിനെയാണ് ഉമ്മൻചാണ്ടി മെട്രോയ്ക്ക് വാങ്ങിച്ചത്. കണ്ണൂർ വിമാനത്താവളത്തിന് എങ്ങിനെയാണ് പണം കടമെടുത്തത്. കിഫ്ബി വഴിയാണ്. ആ കിഫ്ബിയെ ശക്തിപ്പെടുത്തി ഈ ഗവണ്മെന്റ് വന്നപ്പോൾ വിനോദ്റായിയെ പോലുള്ള ഐ.എ.എസ് ഉദ്യോഗസ്ഥൻ ഇതിന്റെ തലപ്പത്തിലേക്ക് വന്നു. റിസർവ്വ് ബാങ്കിന്റെ തലപ്പത്തിരുന്നവർ ഇതിന്റെ തലപ്പത്തേക്ക് വന്നു. അതിന് ഒരു നിയമമുണ്ടാക്കി ഞങ്ങൾ. അതിന്റെ ഭാഗമായി ആദ്യവർഷവും രണ്ടാംവർഷവുമായി നാല്പതിനായിരം രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചു. അതിനേക്കൾ കൂടുതലാണ് വരിക എസ്റ്റിമേറ്റ് എടുത്തുവന്നപ്പോൾ. അത് എവിടെയൊക്കെയാണ് ഒന്ന് . സാമൂഹികസുരക്ഷിതത്ത്വത്തിനുവേണ്ടി . ഞാൻ വിട്ടുപോയ ആരോഗ്യപരിരക്ഷ.അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല.അതും സാമൂഹികപരിരക്ഷയുടെ ഭാഗമാണ്. ചികിത്സ ആരോഗ്യപരിരക്ഷക്കുവേണ്ടി സർക്കാർ പണം മുടക്കേണ്ട. കാശുള്ളവർ പോയി വാങ്ങിച്ചോട്ടെ.സ്വാകാര്യആശുപത്രികൾ ഇഷ്ടം പോലെ ഉണ്ടല്ലോ. പഞ്ചനക്ഷത്ര ആശുപത്രികൾ ഇത് പോരാ. സാമൂഹികനീതിയുടെ ഗുണം പാവപ്പെട്ടവനും ചികിത്സ കിട്ടണം എന്നുള്ളതാണ് ആർദ്രം പദ്ധതി അപ്പോൾ ഇങ്ങിനെയുള്ള പദ്ധതികൾക്ക് നീക്കിവെക്കണം കുറച്ചുപണം. നല്ല ആരോഗ്യമുള്ള ജനതയുണ്ടാവാൻ അവർക്ക് അദ്ധ്വാനിക്കാൻ ശേഷിയുണ്ടാക്കാൻ കേരളത്തിന്റെ സമ്പദ്ഘടനയിൽ അത് പ്രതിഫലിക്കില്ല. വികസനപ്രവർത്തനങ്ങൾക്ക് സൗകര്യം ഒരുക്കണം. റോഡ് വേണം. നല്ല റോഡുകൾ ഉണ്ടാകണം അതിന് നിക്കിവെക്കുന്ന നാഷണൽ ഹൈവേ, മലയോരഹൈവേ, തീരദേശഹൈവേ.  തീരദേശഹൈവേക്ക് 7000 കോടി രൂപക്ക് മുകളിലാണ് 6000 കോടി രൂപയുടെ അടുത്ത് മലയോര ഹൈവേക്ക് ദേശീയപാതയുടെ പണികൾക്ക് വേണ്ടി പണം മാറ്റി വെക്കുകയാണ്. ഭൂമി എടുത്ത് കൊടുക്കുകയാണ്. കഴിഞ്ഞദിവസമാണ് കാബിനറ്റ് കൂടി ഒരു പ്രത്യേക സീനിയർ ഐ എ എസ് ഉദ്യോഗസ്ഥനെ ഭൂമി ഏകോപിപ്പിക്കാൻ വേണ്ടി  ഭൂമി ഏറ്റെടു

ക്കുന്നത് മാർക്കറ്റ് റേറ്റിനേക്കാൾ കൂടുതൽ വില ഈടാക്കാനാണ്. വികസനം വരുമ്പോൾ ചില ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകും. പക്ഷെ അത് വരാതെ കേരളത്തിന് മുന്നോട്ട് പോകാനാകില്ല. നിക്ഷേപം വരണം. ആവശ്യമായ ജലസമ്പത്ത് ആണ് നമ്മുടെ. കടലോരപ്രദേശം. ജലഗതാഗതപാത എന്ന് സ്വപ്നം കാണാൻ തുടങ്ങിയിട്ട് നാള് കുറെയായി . കൊല്ലം– കോട്ടപ്പുറം പാത എന്ന് നമ്മൾ പറയാറില്ലെ ആ ജലഗതാഗത പാത ആരംഭിക്കാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചു. കണ്ണൂർ വിമാനത്താവളം മിക്കവാറും നവംബർ മാസത്തോടുകൂടി കമ്മീഷൻ ചെയ്യും. മലയോരമേഖലയിൽ വലിയൊരു കുതിപ്പാണ് ഉണ്ടാകുക.

റെയിൽവേയുടെ ജോയിന്റ് വെഞ്ചർ. റെയിൽവേ വികസനത്തിനുവേണ്ടി സംസ്ഥാനഗവണ്മെന്റ് കൂടി പണം മുടക്കുകയാണ്. എത്രയോ വർഷമായി പ്രകൃതിവാതകം കൊച്ചിയിൽ നിന്ന് മംഗലാപുരത്തേക്ക് കൊണ്ടുപോകാനുള്ള ഗെയിൽ പൈപ്പ് ലൈൻ ഊർജ്ജം ചെലവ് കുറഞ്ഞാലാണ് നിക്ഷേപം വരിക. വ്യവസായങ്ങൾ വരിക. അതിന് ഭൂമി ഏറ്റെടുക്കണം. ഗെയിലിന്റെ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായി. കണ്ണൂർ കാസർഗോഡ് ജില്ല വരെ ഈ പ്രകൃതിവാതകം ഊർജ്ജാവശ്യം നിർവ്വഹിക്കാൻ കേരളത്തിന്റെ ജില്ലകളിൽ സിറ്റി ഗ്യാസ് പ്രോജക്ട് അതാണ്. ഇത്തരം ആവശ്യങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതാണ് ചെറുകിടസംരഭങ്ങൾക്ക് ചെറുകിടവ്യവസായങ്ങൾക്ക് ഇന്ധനമായി ഈ പ്രകൃതിവാതകം ഉപയോഗിക്കാവുന്നതാണ്. ഇന്ധനമായി ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ നിക്ഷേപം വരണം. അപ്പോൾ പാശ്ചാത്തല സൗകര്യവികസനത്തിന് വേണ്ടിയുള്ള ഈ മൂലധന നിക്ഷേപം നഷ്ടമല്ല. ഇത് രാജ്യത്ത് പുതിയ സ്വകാര്യനിക്ഷേപത്തിനും സ്വകാര്യമൂലധനത്തിനും കടന്ന് വരാൻ അവസരമുണ്ടാക്കും. ഇപ്പോ മാവൂർ ഗ്വാളിയർ റയോൺസിന്റെ ഫാക്ടറി പൂട്ടികിടക്കുകയാണ്. ഇപ്പോ അത് എന്ത് ചെയ്യണമെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ പാട്ടത്തിന് കൊടുത്ത ഭൂമിയുണ്ട്. കേന്ദ്രഗവണ്മെന്റിന്റെ തീരുമാനത്തിന്റെ ഭാഗമായി കൊച്ചിൻ ഷിപ്പിയാർഡിന്റെ ഓഹരി 1450 കോടി രൂപ ഇപ്പോൾ വിൽക്കാൻ തീരുമാനിച്ചു. അവിടെ മുതൽമുടക്കാനാണ് പറയുന്നത്. എന്താവും എന്ന സ്ഥിതിയും പറയാൻ പറ്റില്ല. വെള്ളൂരിലെ ന്യൂസ്പ്രിന്റ്. നമ്മളാണ് റോമെറ്റീരിയൽ കൊടുക്കുന്നത്. സോഫ്ററ് വുഡ്, മുള മറ്റുസാധനങ്ങൾ ,മരങ്ങൾ ഒക്കെ 2000 ടൺ വിലയുള്ളത് 1000 ടൺ വെച്ചാണ് കൊടുക്കുന്നത്. വെള്ളം കൊടുക്കുന്നത് നമ്മളാണ്. ഭൂമി ഏറ്റെടുത്തുകൊടുത്തതും സർക്കാരാണ്. ഇപ്പോൾ അത് വിൽക്കാൻ നിൽക്കാണ് കേന്ദ്രഗവണ്മെന്റ് . എച്ച് എൽ എൽ വിൽക്കാൻ വേണ്ടി നിൽക്കുന്നു. കേരളത്തിലെ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഈ ഭീഷണി വന്നിരിക്കുന്നു. കഴിഞ്ഞ എൽ ഡി എഫ് ഗവണ്മെന്റിന്റെ കാലത്താണ് ശ്രീ.എ.കെ ആന്റണി പ്രതിരോധമന്ത്രിയായിരിക്കുമ്പോ കേരളത്തിലെ ജോയിന്റ് വെഞ്ചറുകൾ ചിലത് തുടങ്ങിയത്. കേന്ദ്രസ്ഥാപനങ്ങളും നമ്മളുമായി സഹകരിച്ച് കെൽ കാസർകോഡുള്ള ബെല്ല്ലുമായി യോജിച്ചു. ആ ജോയിന്റ് വെഞ്ചറുകളിൽ ഒക്കെ കേന്ദ്ര ഗവണ്മെന്റ് പുറകോട്ട് പോവുകയാണ്. പൊതുമേഖലാവ്യവസായസംരഭങ്ങളെ സഹായിക്കാൻ വേണ്ടിയുള്ള ബദൽ നമ്മൾ ഉയർത്തുമ്പോൾ കേന്ദ്രഗവണ്മെന്റ് പുറകോട്ടുപോകുന്നതിന്റെ പ്രതിസന്ധിയും പൊതുമേഖല അഭിമുഖീകരിക്കുന്നുണ്ട്. എന്നാലും ഗവണ്മെന്റ് വലിയ മുതൽ മുടക്ക് പൊതുമേഖലാസ്ഥാപനങ്ങളിൽ നടത്താൻ തീരുമാനിച്ചത് ഇതാണ്. ഞങ്ങളുടെ ബദൽ പൊതുമേഖലാസംരഭങ്ങൾക്ക് വ്യവസായങ്ങളുടെ വളർച്ചയും വികാസവും അതിന്റെ അഭിവൃദ്ധിയും അനുബന്ധ ചെറുകിട സംരഭങ്ങൾക്ക് വഴിവെക്കും. പൊതുമേഖലാസ്ഥാപനങ്ങളുടെ പരസ്പരസഹകരണം ഒറ്റ ഉദാഹരണം മാത്രം ഞാൻ പറയാം ആരോഗ്യവകുപ്പിന് മരുന്ന് വേണം. ആലപ്പുഴയിലെ കെ എസ് ടി പി മരുന്ന് ഉദ്പ്പാദിപ്പിക്കുന്ന കമ്പനിയാണ്. അവിടെനിന്ന് മരുന്ന് വാങ്ങിക്കില്ല.വേറെ മറ്റു കമ്പനികളുടെ മരുന്ന് വാങ്ങിക്കുക .ഗുണനിലവാരമുള്ളതാണ്. വിലക്കുറവുള്ളതാണ്. അതിന്റെ ഭാഗമായി കെ എസ് ടി പി പൂട്ടി കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് .ഗവണ്മെന്റ് ആരോഗ്യവകുപ്പ് പണം കൊടുത്ത് കെഎസ്ടിപി തുറന്നു. യുഡിഎഫ്ഗവണ്മെന്റ് വന്നപ്പോൾ അത് പിന്നേം പോയി. ഇപ്പോ വീണ്ടും കെഎസ്ടിപി യിൽ ഉദ്പാദനം വർദ്ധിപ്പിക്കുകുകയാണ്. നൂറുകോടി രൂപയുടെ മരുന്ന് ഉദ്പ്പാദിപ്പിക്കാനാണ് ആ കമ്പനിക്ക് കഴിയുക. 60 കോടി രൂപയടെ ഓർഡർ ഇപ്പോൾ കിട്ടി. ആരോഗ്യവകുപ്പിന്റെ സർക്കാർ ആശുപത്രിയിലേക്ക് മരുന്ന് കൊടുക്കാൻ. ഈ സഹകരണം ഒരു പൊതുമേഖലക്ക് ജീവൻ കൊടുക്കുകയാണ്. അതിലെ തൊഴിലാളികൾക്ക് പുതിയ വരുമാനം ഉണ്ടാക്കി കൊടുക്കുകയാണ്. പൊതുമേഖലയെ സംരക്ഷിക്കാൻ സർക്കാർ കഴിഞ്ഞവർഷം തന്നത് 1000 കോടി രൂപയാണ്. കെ പി പി നമ്പ്യാരുടെ കാലത്ത് കെൽട്രോൺ എന്ന് പറയുന്ന ലോകത്തിന്റെ നെറുകയിൽ നിന്ന് അഭിമാനത്തോടുകൂടി കേരളത്തിന് പറയാം ഇലക്ട്രോണിക്സ് രംഗത്ത് സംഭാവന. ഇന്ത്യ ആലോചിക്കുന്നതിന് മുൻപ് കേരളം മുൻപേ നടന്നതാ. എന്തേ പുറകോട്ടു പോയത്. മാറ്റം ഉണ്ടാവുകയാണ് അവിടെ . രാജ്യരക്ഷാവകുപ്പും ഐഎസ്ആർ ഒയും ഒക്കെ ചേർന്നുള്ള പുതിയ സംരഭങ്ങൾ.അതിനുവേണ്ടി കിഫ്ബിയിൽ നിന്നാണ് പണം മുടക്കുന്നത്. കേരളത്തിന്റെ തീരദേശത്തെ കരിമണൽ , മോണോസൈറ്റും ഇൽമിനൈറ്റും കേരളത്തിന്റെ ധാതുസമ്പത്തുക്കൾ ഉൽപ്പെടെ പരാമ്പരാഗത വ്യവസായം കുത്തുപാളയെടുക്കുമ്പോൾ അവിടെ മുതൽ മുടക്കുന്നത്. കേരളത്തിൽ ലക്ഷകണക്കിനാളുകൾക്ക് തൊഴിൽ കൊടുക്കുന്ന ഗ്രാമീണവ്യവസായങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പരമ്പരാഗതവ്യവസായങ്ങൾ.അത്ര തൊഴിൽ കൊടുക്കാൻ ഒരു സംഘടിതവ്യവസായത്തിനും ആവില്ല. ഒരു സർക്കാരിനും ആവില്ല. രണ്ടരലക്ഷത്തോളം തൊഴിലാളികൾ അതിൽ ഉണ്ട്. കേരളത്തിലെ കൈത്തറിയിൽ ഒരു ലക്ഷത്തോളം തൊഴിലാളികൾ ഉണ്ട്. ആ കൈത്തറി തൊഴിലാളികൾ പട്ടിണിയിലാണ്. 3000–4000 രൂപയാണ് വരുമാനം. അവർക്ക് തൊഴിലില്ല.അതുകൊണ്ട് എല്ലാവരും പോയി. മിനിമം പ്രായം 50 വയസ്സാണ്. 50 വയസ്സിനു താഴെയുള്ളവരാരും ആ മേഖലയിലില്ല. വരുമാനം ഇല്ലാത്തതുകൊണ്ട് അത് ആകർഷകം അല്ല. സർക്കാർ ചെയ്തു രണ്ട് ജോടി യൂണിഫോം സർക്കാർസ്കൂളിലെ കുട്ടികൾക്ക് കൊടുക്കുക അത് എത്തിച്ചുകൊടുക്കാനായില്ല. അത്ര പണിയുണ്ടായി. 3000 രുപ കിട്ടിയ തൊഴിലാളിക്ക് 12000 രൂ

പയാണ് കിട്ടിയത്. ഈ വർഷം എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് കൊടുക്കുകയാണ് തറിയില്ല പുതിയത് ഉണ്ടാക്കുകയാണ് . ജയിലിലെ തടവുകാർക്ക് ഉൾപ്പെടെ പരിശീലനം കൊടുക്കുകയാണ് ഞങ്ങൾ. പുതിയ സ്ത്രീകൾക്ക് പരിശീലനം കൊടുക്കുയാണ്. ആ തറികൾ ഇടാൻ വേണ്ടിയുള്ള പരിശീലനം കൊടുക്കുകയാണ്. ഇതാണ് പരസ്പരമുള്ള ബന്ധത്തിന്റെ ഇത്. ഖാദിയായാലും മറ്റ് മേഖലയിൽ ഉൾപ്പെടെ പരാമ്പരാഗതവ്യവസായങ്ങളുടെ സംരക്ഷണം അതിന് ആധുനികവൽക്കരണം വേണ്ടിവരു. അതിന് മുതൽ മുടക്കുക പരമ്പരാഗതവ്യവസായങ്ങളോട് ഈ സമീപനം സ്വീകരിക്കുന്ന ബദൽ ഇന്ത്യയിൽ എവിടെയാണ് ഉള്ളത്. കേരളത്തിന്റെ തൊഴിൽ മേഖലയെ കേരളത്തിന്റെ കാർഷികമേഖലയെ കേരളത്തിന്റെ സാമൂഹ്യസേവനമോഖലയെ കേരളത്തിലെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളെ ഇങ്ങിനെ ഊർജ്ജിതമായി കൊണ്ടുപോകുന്ന ഒരു ബദൽ ഇന്ത്യയിൽ വേറെ എവിടെയാണ് ഉള്ളത്. എന്താ കേരളത്തിൽ ഇങ്ങിനെ? എല്ലാം മുതലാളിമാരുടെ കോർപ്പറേറ്റ് താല്പര്യങ്ങൾക്ക് വിഴുങ്ങാൻ ജനതയെ വിട്ടുകൊടുക്കുന്ന ഒരു സമീപനത്തിൽ നിന്ന് വ്യത്യസ്തമായ ഒരു നിലപാട് ഇടതുപക്ഷത്തിനുണ്ട്. ഇടതുപക്ഷരാഷ്ട്രീയത്തിനുണ്ട്. അങ്ങിനെയൊരു നിലപാടുണ്ട് ഈ ഗവണ്മെന്റിന്. രാജ്യത്ത് ആകെ അഴിമതി കൊടികുത്തി വാഴുമ്പോൾ ആ അഴിമതിക്ക് എതിരായ ഒരു ബദലുണ്ട്. കേരളത്തിൽ മറ്റു മെഡിക്കൽ കോളേജിന്റെ പേരിൽ ജനൗഷധിയുടെ പേരിൽ ഒക്കെ കോടികളുടെ അഴിമതി മുതിർന്ന നേതാക്കന്മാർ ഉൾപ്പെടെ നടത്തുമ്പോൾ ഈ കേരളത്തിന്റെ വഴി വേറിട്ടതാണ്. അഴിമതിമുക്തമായ ഒരു ഗവണ്മെന്റിന്റെ കീഴിൽ അഴിമതി മുക്തമായ ഒരു സിവിൽസർവ്വീസുണ്ട്. ഇതാണ് ബദൽ. അത് തൊഴിലാളികളുടെ അന്തസ്സ് ഉയർത്തും. ജീവനക്കാരുടെ അന്തസ്സ് ഉയർത്തും. കേരളത്തിലെ ജീവനക്കാരോട് വ്യവസ്ഥാപിതമായി സ്ഥാപനങ്ങളോടും ബഹുമാനവും മതിപ്പും ഉണ്ടാകും. ഈ അഴിമതിക്ക് എതിരായിട്ടുള്ള പോരാട്ടം അതിന്റെ ഭാഗമായിട്ടാണ് തുടങ്ങിയിട്ടുള്ളത്.

രാജ്യത്ത് അപകടകരമായ രീതിയിൽ മതവർഗ്ഗീയത ഫണം വിടർത്തിയാടുന്നത് വിവിധരൂപത്തിൽ .മനുഷ്യനെ ഭിന്നിപ്പിക്കാൻ വേണ്ടി എന്തൊക്കെ ചെയ്യാൻ കഴിയും .സാംസ്കാരികസംഘടനയാണെന്ന് അവകാശപ്പെട്ടിരുന്ന ആർ എസ് എസ് സാംസ്കരികമൊന്നുമല്ല ഞങ്ങളുടെ പരിപാടി വേറെ അജണ്ടയുണ്ട് എന്ന് കൃത്യമായി അടയാളപ്പെടുത്തി. ഭരണകൂടസൗകര്യം പ്രയോജനപ്പെടുത്തി എല്ലാ മേഖലയിലും കീഴടക്കുകയല്ലെ. കോടിയേരിയെ തെക്കോട്ടോടിക്കും എന്ന് പറഞ്ഞ ഒരു വനിത നേതാവ് കഴിഞ്ഞ ദിവസം പറഞ്ഞത് പോലീസിലും പട്ടാളത്തിലും ഒക്കെ ആർ എസ് എസ് ഉണ്ട് എന്നാണ്. അവിടെ അല്ല അതിന്റെ അപ്പുറത്തും ഉണ്ട്. ഭരണകൂടസംവിധാനത്തിലുണ്ട്. മറ്റ് ചരിത്രത്തിന്റെ ഭാഗമായി തിരുത്താനുള്ള ഇടപെടലുകൾ ഉണ്ട്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലുണ്ട്. മതവിശ്വാസത്തിന്റെ പേരിൽ ജാതിയുടെ പേരിലുള്ള വിശ്വാസം ആയാലും അതിന്റെ പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കും. അത് ഭക്ഷണത്തിന്റെ പേരിൽ ആവാം വസ്ത്രത്തിന്റെ പേരിൽ പറയാം വാലന്റൈൻസ് ഡേയുടെ പേര് പറയാം ലൗ ജിഹാദിന്റെ പേര് ഉപയോഗിക്കാം യുക്തിവാദചിന്ത പേറുന്ന ആളുകളെ കൊന്ന് ഒടുക്കി കൊണ്ടാവും . ജനങ്ങളെ ഭിന്നിപ്പിച്ച് ചേരിതിരിക്കാനും അതിന്റെ ഭാഗമായി സ്വാധീനം ഉറപ്പിക്കാനും ഭരണകൂടസൗകര്യം പ്രയോജനപ്പെടുത്തുക. ജനാധിപത്യസംവിധാനത്തിനോട് ഒരുതെല്ലും ബഹുമാനമില്ലാതെ എല്ലാ വൃത്തികേടുകളും ഭരണകൂട സൗകര്യം പ്രയോജനപ്പെടുത്തി ചെയ്യുക. ഏറ്റവും അവസാനം നടന്ന ഗുജറാത്തി രാജ്യസഭ തിരഞ്ഞെടുപ്പ് .ഇന്ത്യൻ സംസ്ഥാനത്ത് ഇപ്പോ ത്രിപുരയിൽ ഈ കോൺഗ്രസ്സ് ഉണ്ടായിരുന്നത് ബിജെപി ആയി .കാൽ മാറ്റി കൂറ് മാറ്റി ഭരണം പിടിക്കാൻ കോൺഗ്രസ്സ് മുക്തമായി ഒരു ഭാരതം ഉണ്ടാക്കാൻ എന്നൊക്കെ പറഞ്ഞ് നടത്തുന്ന ഈ പരിശ്രമങ്ങൾ ജനാധിപത്യ വ്യവസ്ഥയോടും ഫെഡറിലിസതത്ത്വങ്ങളോടും തെല്ലും ബഹുമാനമില്ലാതെ ഫാസിസ്റ്റ് പ്രവണത പ്രകടിപ്പിക്കുന്ന ഒരു സംഘത്തിന്റെ പ്രവർത്തനമായി കേന്ദ്രഗവണ്മെന്റിന്റെ പ്രവർത്തനം മാറുന്നു. ഈ പാശ്ചാത്തലം ഉണ്ട്. ഇതിൽ എവിടെയാ മറക്കുന്ന കാര്യം ഈ സാമ്പത്തികനയങ്ങളുടെ കെടുതി, വിലക്കയറ്റം, ദുരിതം, തൊഴിലില്ലായ്മ, പൊതുമേഖലാസ്ഥാപനങ്ങളുടെ വിറ്റഴിക്കൽ, കൃഷിക്കാരന്റെ ഉത്പന്നത്തിന് വിലയില്ലായ്മ അതിന്റെ ഭാഗമായി സമരം ചെയ്യുന്ന തൊഴിലാളികളെ കൊന്നൊടുക്കാൻ പട്ടികജാതിക്കാരനും പട്ടികവർഗ്ഗക്കാരനും അവന്റെ അവകാശങ്ങൾ വേണം എന്ന് പറയുമ്പോൾ ഈ സംവരണമാണ് രാജ്യത്ത് കുഴപ്പമുണ്ടാക്കുന്നത് എന്ന് പറയുമ്പോൾ അതിന്റെ പേരിൽ അവരെ ഭീകരമായി തല്ലിച്ചതക്കാനും കൊന്നൊടുക്കുകയും ചെയ്യുന്ന സമീപനം എന്തേ കേരളത്തിൽ ക്ലച്ച് പിടിക്കാത്തത്.എന്തേ കേരളത്തിൽ വിലപോവാത്തത് ഈ കേരളത്തിന് സുദൃഢമായ ഒരു മതേതരപാരമ്പര്യത്തിന്റെ മതനിരപേക്ഷതയിലൂന്നിയ ഒരു മനസ്സുണ്ട്. ഇടതുപക്ഷമനസ്സ്. ഇടതുപക്ഷരാഷ്ട്രീയമല്ല ഞാൻ ഉദ്ദേശിക്കുന്നത്. മതവിശ്വാസങ്ങളും ദൈവവിശ്വാസങ്ങളും ഒക്കെ അവനവന്റെ വ്യക്തിപരമായ കാര്യമാണെന്നും അതിന്റെ അപ്പുറത്ത് മറ്റ് മതങ്ങളെ ബഹുമാനിക്കാനുള്ളതാണെന്ന തിരിച്ചറിവ് അതോടൊപ്പം ഏത് മതത്തിൽപ്പെട്ട ആളുകളായിലും അവരുടെ ജീവിതപ്രയാസങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടങ്ങൾ നയിക്കാനുള്ള സംഘടിതപ്രസ്ഥാനത്തിന്റെ കരുത്ത് അതാണ് കേരളത്തിൽ .ആ മതനിരപേക്ഷനിലപാടാണ് ആർ എസ് എസ്സിന് കേരളത്തിന് വളരാൻ അവസരമുണ്ടാക്കാത്തത്. അങ്ങിനെയാണെങ്കിൽ ഞങ്ങൾ ഒരു കൈ നോക്കും അതാണിപ്പോ കേരളത്തിൽ കാണുന്നത്. ആയിരക്കണക്കിന് വരുന്ന തൃശ്ശൂർജില്ലയിൽ 56 രക്തസാക്ഷികളുണ്ട്.അതിൽ 33 പേർ ആർ എസ് എസ്സുകാർ കൊലപ്പെടുത്തിയതാണ്. നമ്മൾ ഭരണത്തിൽ വന്നതിനു ശേഷം നടന്ന ശശിയുൾപ്പെടെ . കേരളത്തിൽ ആകമാനം ഈ സ്ഥിതിയിൽ വേട്ടയാടപ്പെട്ടവരാണ് ഇടതുപക്ഷക്കാർ . പ്രത്യേകിച്ച് സിപിഐ (എം) ഡിവൈഎഫ്ഐ ഉൾപ്പെടെയുള്ള ആളുകൾ.എന്നിട്ട് അവരുടെ മുഖത്ത് നോക്കി നിങ്ങളാണ് വേട്ടയാടപ്പെട്ടവർ എന്ന് ആക്രോശിക്കാൻ മാധ്യമ കൂട്ടായ്മ ഉണ്ട്. നൂറ് വട്ടം നുണ പറയാൻ പറ്റിയാൽ അത് ശരിയാവും എന്ന പഴയ തത്ത്വം അത് പ്രയോഗത്തിൽ കേരളത്തിൽ എന്തോ ആക്രമണം നടക്കുന്നു എന്ന് അഖിലേന്ത്യ വ്യാപകമായി പ്രചരിപ്പിക്കാൻ മന്ത്രിമാർ വരുന്നു.മ

നുഷ്യാവകാശകമ്മീഷൻ വരുന്നു ഒരു ജനാധിപത്യ
ഫെഡറൽ പാലിക്കേണ്ട അന്തസ്സ് നിഷേധിച്ച് ആർ
എസ് എസ്സിന്റെ കുഴലൂത്തുകാരായിട്ട് വരുന്നു.അഖി
ലേന്ത്യാവ്യാപകമായി ഇങ്ങിനെ പ്രചരണം നൽകി
കേരളത്തിൽ ഇടതുപക്ഷരാഷ്ട്രീയക്കാർ ഭരണത്തിലു
ള്ള കേരളത്തിൽ മനുഷ്യാവകാശലംഘനമാണ് നട
ത്തുന്നത് എന്ന പ്രചാരവേല സംഘടിപ്പിച്ച് ഇടതുപ
ക്ഷരാഷ്ട്രീയത്തെ ദുർബ്ബലപ്പെടുത്താൻ വരുന്നു. കേ
രളത്തിന്റെ ഇടതുപക്ഷമനസ്സിനെ ദുർബ്ബലപ്പെടുത്തി
ആ സ്പെയ്സിലേക്ക് ഈ ഫാസിസ്റ്റ് ആർ എസ് എ
സ്സിന്റെ ഈ ഫാസിസ്റ്റ് പ്രവണതക്ക് കടന്നുവരാനു
ള്ള അവസരം ഉണ്ടാക്കികൊടുക്കും. അത് വേണോ
വേണ്ടയോ എന്നുള്ളതാണ് പ്രശ്നം. അത് വന്നാൽ
ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വർഗ്ഗീയകലാപങ്ങ
ളുള്ള ഒരു നാട് പോലെ ഈ കേരളം ആക്കാൻ ന
മ്മൾ ദുർബ്ബലപ്പെടണോ. ഇടതുപക്ഷരാഷ്ട്രീയത്തിന്റെ
ശക്തി കുറഞ്ഞാൽ ദളിതർ ആക്രമിക്കപ്പെട്ടപോലെ
ഹമീദ് അൻസാരി കഴിഞ്ഞദിവസം പറഞ്ഞു അരക്ഷി
തത്ത്വമുള്ളവരായി ന്യൂനപക്ഷജനവിഭാഗങ്ങൾ ഇന്ത്യ
ക്ക് അകത്ത് മാറുന്നു. അപമാനകരമായ ഇത്തരം ഒ
രു അവസ്ഥക്ക് എതിരായ ചെറുത്ത് നിൽക്കാൻ കഴി
യുന്ന ബദലുകൾക്ക് നേതൃത്വം കൊടുക്കാൻ മതനി
രപേക്ഷമായ മനസ്സുകൾക്ക് ശക്തി പകരാൻ സഖാ
വ് പിണറായി വിജയൻ ഗവണ്മെന്റ് ഉണ്ട് എന്നുള്ള
താണ് ഈ കേരളത്തിന്റെ പ്രത്യേകത അതാണ്. അ
താണ് പിണറായി വിജയനെ കൊലക്കത്തി വരുമ്പോ
ഴും മംഗലാപുരത്ത് പോയി പ്രസംഗിക്കാൻ പ്രേരിപ്പി
ച്ചത്. ഏകെജി ഭവന് നേരെ ആക്രമണം ഉണ്ടാകു
മ്പോൾ രാഷ്ട്രീയപ്രവർത്തനം അവസാനിപ്പിച്ച് ബി
ജെപിയിൽ പോയി ചേക്കേറുകയല്ല . അവസാനശ്വാ
സം വരെ ഇടതുപക്ഷരാഷ്ട്രീയക്കാർ പൊരുതും എ
ന്ന നിശ്ചയദാർഢ്യം വളർന്ന് വരുന്നതിന്റെ ഭാഗമായി
ട്ടാണ് ബദൽ. ഇത് നമ്മുക്ക് കാത്ത് സൂക്ഷിക്കാൻ
ആയില്ലെങ്കിൽ സംഘടനാസ്വാതന്ത്ര്യം ഉണ്ടാകില്ല നി
ങ്ങളുടെ യൂണിയൻ പ്രവർത്തികാനാകുമോ എന്ന് അ
റിയില്ല. അടിയന്തിരാവസ്ഥയുടെ നാളുകളിൽ നമ്മ
ൾ ഇത് കുറച്ച് കണ്ടവരാണ്. ഒരു പ്രത്യേക ആളുക
ളാണ് ഇന്ത്യ എന്ന മുദ്രാവവാക്യം വന്നല്ലോ. ദേശസ്
നേഹം ഞങ്ങൾ തീരുമാനിക്കും എന്നിപ്പോ മുദ്രാവാ
ക്യം വരുന്നില്ലേ. ദേശസസ്നേഹത്തിന് ഞാനിട്ട ഒ
രു കാർഡ് പോലെ ആർ എസ് എസ്സിന്റെ കയ്യിൽ നി
ന്ന് വാങ്ങി ഇട്ട് നടക്കേണ്ട ഒരു രാജ്യമായി ഇന്ത്യാരാ
ജ്യം മാറുകയാണ് ഇതാണ് പ്രവണത്. ഈ പ്രവണ
തക്കെതിരായിട്ടുള്ള പോരാട്ടത്തെ ശക്തിപ്പെടുത്താൻ
നമ്മുക്ക് കഴിഞ്ഞില്ലെങ്കിൽ അത് ജനാധിപത്യസ്വാത
ന്ത്യത്തെയും ജനങ്ങളുടെ ഐക്യത്തേയും സംഘടി
തവർക്ഷത്തിന്റെ യോജിപ്പിനേയും തകർക്കാവുന്ന രീ
തിയിൽ ആ യോജിപ്പിനെ തകർക്കുന്ന്ത് എന്തിനാ
ഈ വലതുപക്ഷസാമ്പത്തികനയങ്ങൾ യഥേഷ്ടം ന
ടപ്പിലാക്കാൻ കോർപ്പറേറ്റുകൾക്ക് സഹായം നൽകാ
നാണ്. അതുകൊണ്ട് മുൻപിൽ കാണുന്നത് മാത്രമ
ല്ല യാഥാർത്ഥ്യം എന്ന് മനസ്സിലാക്കാനും പ്രചാരണ
കോലാഹലങ്ങൾക്ക് അപ്പുറത്തേക്ക് വസ്തുതകൾ ഇ
ഴതിരിച്ച് മനസ്സിലാക്കാനും അതിന്റെ ഭാഗമായിട്ടുള്ള
പുതിയ ജനവിഭാഗങ്ങളുടെ പോരാട്ടം കരുത്തോടു
കൂടി അവരെ സംഘടിപ്പിച്ചോണ്ടു നടത്താനും ഉള്ള
പുതിയ സമീപനത്തിലേക്കാണ് ഇന്ത്യയിൽ ഇടതുപ
ക്ഷരാഷ്ട്രീയം മുന്നോട്ടുപോകുന്നത്. ഇന്ത്യയിൽ ശ
രിയായ പാത നിർണ്ണയിക്കുന്നതിന് ഇടതുപക്ഷരാഷ്
ട്രീയത്തിന് പങ്കുണ്ട്. ആ ഇടതുപക്ഷരാഷ്ട്രീയത്തി
ന്റെ ദിശാബോധത്തിന് വിധേയമായ ഇന്ത്യയിലെ ട്രേ
ഡ് യൂണിയൻ പ്രസ്ഥാനം ഈ വലതുപക്ഷനയങ്ങൾ
ക്കായി പൊരുതുന്ന യോജിപ്പ് വളർത്തി ബി.എം.എ
സ് ഉൾപ്പെടെ എന്തേ അവർക്ക് പറഞ്ഞുനിൽക്കാൻ
കഴിയാഞ്ഞത്. ഈ നയങ്ങളുടെ സംരക്ഷകരാണ് ഞ
ങ്ങൾ എന്ന് ഈ തൊഴിലാളി സംഘടനക്ക് പറഞ്ഞു
കൂടെ.പറയാൻ പറ്റാത്ത ഗുരുതരാവസ്ഥയിലാണ്.വ
ലതുപക്ഷസാമ്പത്തികനയങ്ങൾ കോർപ്പറേറ്റ് താല്
പര്യങ്ങൾ സംരക്ഷിക്കുന്നത് എന്തിനെന്ന് മനസ്സിലാ
ക്കി തൊഴിലാളി വർഗ്ഗത്തിന്റെ യോജിപ്പ് വളർത്തി
യെടുക്കാനുള്ള ഉപകരണമായി കേരളത്തിലെ ഗവ
ണ്മെന്റ് ഈ ബദലുകളുടെ ഭാഗമായി പ്രവർത്തിക്കു
ന്നത് അങ്ങിനെയാണ്. ആ ഗവണ്മെന്റിന് പിന്തുണ
വർദ്ധിപ്പിക്കുക എന്ന് പറയുന്നതിന് സിവിൽ സർ
വ്വീസിലെ ആളുകൾക്ക് വലിയ പങ്കുണ്ട്. പി എസ്
സി ഒരു പ്രത്യേകമേഖലയിലുള്ള ജീവനക്കാരുടെ സം
ഘടനയാണ്. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും
പോയി ഞാൻ പറയുന്നില്ല. അവിടെയാണ് മുഖ്യമ
ന്ത്രിയുടെ പ്രസംഗം ജീവനക്കാരോടുള്ള അഭ്യർത്ഥ
ന പ്രസക്തമാക്കുന്നത്. സർവ്വീസിന്റെ വിശ്വാസം ന
ഷ്ടപ്പെടാതെ അഴിമതിക്ക് എതിരായിട്ടുള്ള പോരാട്ടം
സംഘടിപ്പിച്ച് ജനങ്ങൾക്കുവേണ്ടിയുള്ളവരാണ് അ
വരുടെ നികുതി പണം കൊണ്ടുള്ള ശമ്പളമാണ് ഞ
ങ്ങളുടെ കുടുംബം കഴിയുന്നത് എന്ന ബോധ്യത്തി
ലേക്ക് അതുള്ളവരാണ് ഇടതുപക്ഷസംഘടനകൾ. ആ
ബോധ്യത്തിലേക്ക് സഘടനയെ നയിക്കാൻ കഴിയു
ന്ന സമയബന്ധിതമായ ജോലി ചെയ്യുന്നവരായി ജോ
ലി ചെയ്യാത്തവരല്ല ജോലി ചെയ്തതിനുശേഷം സം
ഘടനാപ്രവർത്തനം നടത്തുന്നവരായി നമ്മുക്ക് മാ
റാൻ കഴിയുമ്പോഴാണ് നമ്മൾ മാതൃകയാകുന്നത്. ആ
മാതൃകകളെയാണ് സർക്കാർജീവനക്കാർ അംഗീകരി
ക്കുക . സർക്കാർജീവനക്കാരുടെ നേതൃത്വം എന്ന്
പറഞ്ഞാൽ ഇങ്ങിനെയുള്ള മാതൃകകൾ ഞങ്ങളുടെ
നേതാക്കൾ ഇങ്ങിനെയോ ഞങ്ങളുടെ പ്രവർത്തകർ
ഇങ്ങിനെയോ ആ നല്ലതിലേക്ക് ആകർഷിക്കാൻ ക
ഴിയുന്ന സംഘടനാപ്രവർത്തനം നമ്മൾക്കുണ്ടാകണം.
അതി വഴി ഈ ഗവണ്മെന്റിനെ നിങ്ങൾ സംരക്ഷിക്ക
ണം. ഈ ഗവണ്മെന്റിനെ സംരക്ഷിക്കൽ എന്നു പറ
ഞ്ഞാൽ ഈ കേരളത്തിലെ ഇടതുപക്ഷമനസ്സുകളെ
യും മതനിരപേക്ഷതയോയും സംഘടിപ്പിക്കുക എ
ന്നാണ് അർത്ഥം. ഈ കേരള ഗവണ്മെന്റിനെ സംര
ക്ഷിക്കുക എന്ന് പറഞ്ഞാൽ കേരള മോഡലിനെ വ
ലതുപക്ഷരാഷ്ട്രീയത്തിനുവിട്ടുകൊടുക്കാതെ സ്വന്തം
കുഞ്ഞിനെ കാത്ത് സൂക്ഷിക്കുന്നപോലെ അതിനെ
വളർത്താൻ വേണ്ടി സഹായിക്കണം എന്നാണ് അർ
ത്ഥം. നിങ്ങൾ അത് നിർവ്വഹിക്കും എന്ന പ്രതീക്ഷ
യോടെ എന്റെ സംസാരം ഞാൻ ചുരുക്കുന്നു. എ
ന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

*(പി.എസ്.സി.ഇ.യു. 44-ാം സംസ്ഥാന സമ്മേ
ളനത്തോടനുബന്ധിച്ച് ഇടതുപക്ഷ സർക്കാരും
ബദൽ നയങ്ങളും എന്ന വിഷയത്തിൽ ട്രേഡ് യൂണി
യൻ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ടുള്ള
പ്രസംഗം)*

പുനലൂർ വിജയൻ

## ജനപക്ഷ നിലപാടുകളുമായി

# എൽ.ഡി.എഫ് ഗവൺമെന്റ് മൂന്നാംവർഷത്തിലേക്ക്

**എൽ.ഡി.എഫ് ഭരണത്തിൽ വളർച്ചയുടെ കാര്യത്തിൽ ഒരു പുതിയ അധ്യായം തന്നെ തുറന്നു കഴിഞ്ഞു. യു.ഡി.എഫ് ഭരണകാലത്ത് നഷ്ടത്തിലും അടച്ചുപൂട്ടലിന്റെയും കരിനിഴലിലായിരുന്ന 13 പൊതുമേഖലാ സ്ഥാപനങ്ങൾ 24 മാസത്തെ ഭരണത്തിനിടയിൽ ലാഭത്തിലായിക്കഴിഞ്ഞു**



2016 മെയ് മാസത്തിൽ അധികാരത്തിൽ വന്ന കേരളത്തിലെ എൽ.ഡി.എഫ് ഗവൺമെന്റ് പുരോഗമന പരവും അഴിമതി രഹിതവുമായ നിലപാടുകളുമായി മറ്റു ഗവൺമെന്റുകൾക്ക് മാതൃകയായി മുന്നേറുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണം, ആരോഗ്യ പരിപാലനം, സമഗ്രഭവന നിർമ്മാണ പദ്ധതി, മാലിന്യ നിർമ്മാജ്ജനം, കാർഷിക വികസനം, പരിസ്ഥിതി സംരക്ഷണം, ശുദ്ധജല ലഭ്യത ഉറപ്പാക്കൽ തുടങ്ങിയ വികസന പുരോഗന നയ പരിപാടികളുടെ പരിപൂർണതയാണ് നവകേരള മിഷനിലൂടെ സർക്കാർ ഫലപ്രാപ്തിയിൽ എത്തിച്ചുകൊണ്ടിരിക്കുന്നത്. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിന് നയങ്ങൾ ആവിഷ്കരിച്ചും പരമ്പരാഗത വ്യവസായമേഖലകളുടെ സംരക്ഷണത്തിന് പദ്ധതികൾ ആവിഷ്കരിച്ചും വനിത ശിശുവികസനത്തിനായി പ്രത്യേക വകുപ്പ് ആരംഭിച്ചും ഒക്കെ വികസനത്തിന്റെ പുതിയ സരണികൾ കണ്ടെത്തിയിരിക്കുകയാണ് എൽ.ഡി.എഫ് സർക്കാർ.

സാധാരണ ജനങ്ങളുടെയും പാവപ്പെട്ട ജനങ്ങളുടെയും ആരോഗ്യ പരിപാലന കാര്യത്തിൽ സവിശേഷ ശ്രദ്ധയാണ് സംസ്ഥാന ഗവൺമെന്റ് പുലർത്തിവരുന്നത്. 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. രാജ്യത്ത് ആദ്യമായി ഇ-ഹെൽത്ത് സമ്പ്രദായം ആരംഭിച്ചത് കേരളത്തിലാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം. 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ്, 3 മെ

**സാധാരണ ജനങ്ങളുടെയും പാവപ്പെട്ട ജനങ്ങളുടെയും ആരോഗ്യ പരിപാലന കാര്യത്തിൽ സവിശേഷ ശ്രദ്ധയാണ് സംസ്ഥാന ഗവൺമെന്റ് പുലർത്തിവരുന്നത്. 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. രാജ്യത്ത് ആദ്യമായി ഇ–ഹെൽത്ത് സമ്പ്രദായം ആരംഭിച്ചത് കേരളത്തിലാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം**



ഡിക്കൽ കോളേജുകളിലും 8 ജില്ലാ ആശുപത്രികളിലും കാർഡിയാക് കെയർ യൂണിറ്റുകളും (ഇതിനകം) ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരും മുൻ യു.ഡി.എഫ് ഗവൺമെന്റും തകർത്തെറിഞ്ഞ ആരോഗ്യ മേഖലയെ പരിപോഷിപ്പിക്കാനായി 3413 അധിക തസ്തികകളാണ് സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും ഈ സർക്കാർ സൃഷ്ടിച്ചത്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, നീതി മെഡിക്കൽ സ്റ്റോറുകൾ, കേരള ജനറിക് പദ്ധതിയും, പാവപ്പെട്ടവർക്ക് കുറഞ്ഞ ചെലവിൽ മരുന്ന് ലഭ്യമാക്കുതന്നിന് സഹായകമായി.

കാർഷിക മേഖലയിൽ ഒരു പുതിയ ഉണർവ്വ് വരുത്തുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തരിശായിക്കിടന്ന 1500 ഏക്കൽ സ്ഥലത്ത് പുതുതായി കൃഷി ആരംഭിക്കാൻ കഴിഞ്ഞു. നെല്ലിന്റെ താങ്ങുവില സർവ്വകാലറെക്കോർഡ് ആയ 23.30 രൂപയായി വർദ്ധിപ്പിച്ചിച്ചു. ക്ഷീര കർഷകർക്കായി 5,00,000/– രൂപയുടെ കടാശ്വാസ പദ്ധതി പ്രഖ്യാപിച്ചു. പച്ചക്കറി, പാൽ, മുട്ട ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയും കൃഷിയുടെ വ്യാപനവും ലക്ഷ്യംവെക്കുന്ന ഹരിതകേരളം പദ്ധതിക്ക് വലിയ ജനപിന്തുണയാണ് ലഭിച്ചിട്ടുള്ളത്. ഭവന രഹിതർക്ക് മുഴുവനും വീട് നൽകുന്ന സമഗ്രപദ്ധതിയായ ലൈഫ് ന്റെ ഒന്നാം ഘട്ടത്തിൽത്തന്നെ 66,761 വീടുകൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. വീടും സ്ഥലവും സ്വന്തമായി ഇല്ലാത്തവർക്ക് വേണ്ടി എല്ലാ ജില്ലകളിലും ഫ്ളാറ്റ് നിർമ്മിക്കുന്ന പദ്ധതികളും പുരോഗമിച്ചു വരുന്നു.

അംഗപരിമിതർക്ക് വിദ്യാഭ്യാസ മേഖലയിൽ 5% ഉം, തൊഴിൽ രംഗത്ത് 4% ഉം സംവരണം വർദ്ധിപ്പിച്ച് നൽകി എന്നത് ശ്രദ്ധേയമാണ്. എൻഡോസൽഫാൻ ദുരിതബാധിതർക്ക് 56.76 കോടിയുടെ ക്ഷേമ പദ്ധതി , ആശാകിരണം, അംഗപരിമിതർക്ക് വേണ്ടിയുള്ള യാത്രാപദ്ധതി തുടങ്ങിയ സാമൂഹിക സുരക്ഷിതത്വ പദ്ധതികൾ നടപ്പിലാക്കി. സംസ്ഥാനത്തിന്റെ സമഗ്ര വികസനം യാഥാർത്ഥ്യമാക്കുതിന് അടങ്കൽതുക വർദ്ധിപ്പിച്ച് 13 –ാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതിക്ക് സർക്കാർ രൂപം നൽകി വരുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ കാര്യത്തിൽ ഏറെ പുരോഗതി ഉണ്ടായി. 2017–18 അധ്യയന വർഷത്തിൽ 145926 കുട്ടികൾ പൊതുവിദ്യാലയത്തിലേക്ക് കടന്നുവരുതും അൺഎയ്ഡഡ് സ്കൂളുകളെ അനാകർഷകമാക്കിയതും ശ്രദ്ധേയമാണ്. ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിൽലേക്ക് ഉയർത്തിയതും 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കാൻ നടപടികൾ കൈക്കൊണ്ടതുമൊക്കെ എടുത്തുപറയേണ്ട കാര്യങ്ങളാണ്. വിദ്യാർത്ഥി സൗജന്യ ഇൻഷുറൻസ് പദ്ധതി, എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പാഠപുസ്കതങ്ങളും യൂണിഫോമും സൗജന്യമാക്കിയതും രക്ഷിതാക്കൾ മരണമടയുന്ന കുട്ടികളുടെ പ്രൊഫഷണൽ വിദ്യാഭ്യാസം വരെയുള്ള ചെലവുകൾ ഏറ്റെടുക്കാൻ തീരുമാനിച്ചതും മാതൃഭാഷാ പഠനം നിർബന്ധമാക്കിയതും, വിദ്യാഭ്യാസ വായ്പയെടുത്ത് പ്രതിസന്ധിയിലായ കുടുംബങ്ങളെ സഹായിക്കാൻ 900 കോടിയുടെ ആശ്വാസ പദ്ധതി നടപ്പിലാക്കിയതുമൊക്കെ ഏറെ ജനശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു.

എൽ.ഡി.എഫ് ഭരണത്തിൽ വളർച്ചയുടെ കാര്യത്തിൽ ഒരു പുതിയ അധ്യായം തന്നെ തുറന്നു കഴിഞ്ഞു. യു.ഡി.എഫ് ഭരണകാലത്ത് നഷ്ടത്തിലും അടച്ചുപൂട്ടലിന്റെയും കരിനിഴലിലായിരുന്ന 13 പൊതുമേഖലാ സ്ഥാപനങ്ങൾ 24 മാസത്തെ ഭരണത്തിനിടയിൽ ലാഭത്തിലായിക്കഴിഞ്ഞു.

പ്രതിസന്ധിയിലായ കെ.എസ്.ആർ.ടി.സി. യെ രക്ഷിക്കാനായി 1200 കോടിയുടെ പാക്കേജ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് അടച്ചുപൂട്ടാൻ തീരുമാനിച്ച FACT യും യൂറിയ പ്ലാന്റും പാലക്കാട് സ്ഥിതി ചെയ്യുന്ന ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡും കേരള സർക്കാർ ഏറ്റെടുത്ത് നവീകരിക്കാൻ നടപടികൾ കൈക്കൊണ്ട് കഴിഞ്ഞു. മത്സ്യതൊഴിലാളികൾക്കായി കടാശ്വാസപദ്ധതികൾ നടപ്പിലാക്കാൻ നടപടി കൈക്കൊണ്ടു. വികസന വിദ്യാഭ്യാസ പൊതുജനാരോഗ്യമേഖലകളിൽ കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന രാഷ്ട്രപതിയുടെ പ്രഖ്യാപനവും കേന്ദ്ര മന്ത്രിമാരുടെ പ്രശംസകളും വികസനത്തിനും ഭരണനേട്ടങ്ങൾക്കും നേടിയ അവാർഡുകളും അന്താരഷ്ട്ര തലത്തിൽ നേടിയ വിലയിരുത്തലുകളുമെല്ലാം കേരളത്തിലെ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കിരീടത്തിൽ പൊൻതൂവൽ ചാർത്തിയിരിക്കുകയാണ്.



സമകാലികം

# ലോംഗ് മാർച്ച്

ബി.ജെ.പി. ഭരിക്കുന്ന കേന്ദ്ര -സംസ്ഥാന സർക്കാരുകൾ തുടരുന്ന കർഷക വഞ്ചനയോടുള്ള പ്രതികരണമെന്ന നിലയിലാണ് ലോങ് മാർച്ച് സംഘടിപ്പിക്കപ്പെട്ടത്. 2018 മാർച്ച് ആറിന് വൈകിട്ട് നാസിക്കിലെ സെൻട്രൽ ബസ്റ്റാൻഡ് ചൗക്കിൽ നിന്നും അഖിലേന്ത്യാ കിസാൻ സഭയുടെ മഹാരാഷ്ട്ര ഘടകത്തിന്റെ നേതൃത്വത്തിലാണ് ലോംഗ് മാർച്ച് ആരംഭിച്ചത്. കാർഷികവായ്പ എഴുതിത്തള്ളുക, വിളകൾക്ക് ആദായകരമായ വില ഉറപ്പാക്കുക, സ്വാമിനാഥൻ കമ്മിഷൻ ശുപാർശകൾ നടപ്പാക്കുക, വനാവകാശ നിയമം കർശനമായി നടപ്പിലാക്കുക, പാവപ്പെട്ട കർഷകർക്കും കർഷകത്തൊഴിലാളികൾക്കുമുള്ള പെൻഷൻ വർദ്ധിപ്പിക്കുക, പൊതുവിതരണ സംവിധാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക, വിനാശകാരികളായ കീടങ്ങളുടെ ആക്രമണത്തിൽ വിള നാശം നേരിടുന്നവർക്ക് പ്രത്യേകിച്ചും ബിങ്ക് ബോൾ വേലിന്റെ ആക്രമണം നേരിടുന്ന പരുത്തികർഷകർക്ക് നഷ്ടപരിഹാരം നൽകുക, ബുള്ളറ്റ് ട്രെയിൻ, സൂപ്പർ ഹൈവേകൾ തുടങ്ങിയ വരേണ്യ ആഡംബര പദ്ധതികൾക്ക് കൃഷിഭൂമി ഏറ്റെടുക്കുന്നത് അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളായിരുന്ന മാർച്ച് പ്രധാനമായും മുന്നോട്ടുവച്ചത്.

ഈ സമരത്തിന്റെ ഭാഗമായി 25000 കർഷകരാണ് നാസിക്കിൽ നിന്നും മുംബൈയിലേക്ക് യാത്രതിരിച്ചത്. ഏകദേശം 200 കിലോമീറ്ററോളം ആറുദിവസം കൊണ്ട് നടന്നെത്തിയ ലോംഗ് മാർച്ച് ഇന്ത്യൻ കർഷ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ അഭൂതപൂർവ്വമായ സമരരൂപമാണ്. നടന്നു താണ്ടിയ ആ ജനസഞ്ചയത്തിൽ സ്ത്രീകളുടെയും ആദിവാസികളുടെയും പങ്കാളിത്തം വലുതാണ്. ദരിദ്ര കർഷകരും ഭൂരഹിതരായ കർഷത്തൊഴിലാളികളും ആണ് സമരത്തിൽ സിംഹഭാഗവും അണിനിരന്നത്. ഓരോ ദിവസവും ആയിരക്കണക്കിന് കർഷകർ മാർച്ചിൽ പങ്കാളികളായി മുംബൈയിൽ എത്തിയപ്പോൾ 50,000ത്തോളം കർഷകർ അണിനിരന്നു.

മാർച്ചിൽ അണിചേർന്നവർ ശരാശരി 30 മുതൽ 35 കിലോമീറ്റർ വരെ പൊള്ളുന്ന സൂര്യന് കീഴിൽ ഓരോ ദിവസവും നടന്നു. ആറാംനാൾ ഇത് 43 കിലോമീറ്റർ നീണ്ടു. കിസാൻസഭാ നേതാക്കൾ മുഴുവൻ സമയവും മാർച്ചിനെ നയിച്ചു. ചെരുപ്പുപോലുമില്ലാതെ പൊള്ളുന്ന ടാറിട്ട റോഡിൽ ചോരയൊലിപ്പിക്കുന്ന കാലുകളുമായി മുന്നോട്ടു കുതിച്ച ആയിരങ്ങൾ വിപുലമായ പൊതുജനപിന്തുണ നേടിയെടുത്തു. ജാഥയിലുടനീളം അംഗങ്ങൾ പുലർത്തിയ അച്ചടക്കം പ്രത്യേകം ശ്രദ്ധേയമാണ്. ജീവിതം വഴിമുട്ടിയവരാണ് തെരുവിൽ ഒരു മഹാപ്രവാഹമായി നീങ്ങിയത്. ദുസ്സഹമായ ചൂട്, പ്രതീക്ഷവറ്റിയ ജീവിതം പക്ഷെ ഒരിക്കൽ പോലും മാർച്ച് അക്രമാസക്തമായില്ല. സമരമെന്നാൽ കുഴപ്പമാണെന്ന മധ്യവർഗ്ഗത്തിന്റെയും വലുത പക്ഷത്തിന്റെയും ധാരണകളും പ്രചരണങ്ങളും അസ്ഥാനത്താക്കുന്നതായിരുന്നു കർഷകരുടെ മാർച്ച്.

നാസിക്കിൽ നിന്ന് പുറപ്പെട്ട് ആറാം ദിവസം വൈകിട്ടോടെ തന്നെ അവർ മുംബൈ വിക്രോളി സയൻസ് കോളേജ് മേഖലയിൽ എത്തിയിരുന്നു. ഏഴാംദിവസമായ മാർച്ച് 12 മുതൽ നിയസഭാമന്ദിരം വളയാനായിരന്നു പരിപാടി. വർദ്ധിച്ച തോതിലുള്ള കർഷകരുടെ വരവ് നഗരജീവിതത്തെ സാരമായി ബാധിക്കുമെന്ന അങ്കലാപ്പ് പലകോണുകളിൽ നിന്നും

ഉയർന്നു. ജോലി സ്ഥലത്ത് എത്താൻ കഴിയില്ലെന്നും വാഹനഗതാഗതം താറുമാറുകുമെന്നും കുട്ടികളുടെ എസ്.എസ്.എൽ.സി/സെക്കന്ററി പരീക്ഷകൾ അലങ്കോലപ്പെടുമെന്നുമുള്ള പ്രചരണങ്ങൾ ചില മാധ്യമങ്ങൾ പ്രചരിപ്പിക്കുകയുണ്ടായി. എന്നാൽ എല്ലാ ആശങ്കകളും അകറ്റുന്ന സമരരീതിയാണ് അഖിലേന്ത്യാ കിസാൻ സഭ സ്വീകരിച്ചത്. നഗരവാസികളുടെ ദൈനംദിന ജീവിതത്തെയും അവരുടെ യാത്രയും ബാധിക്കാതെ തന്നെ വെളുപ്പിന് മൂന്ന് മണിയോടെ തന്നെ നിയമസഭ മന്ദിരത്തിനടുത്തുള്ള ചരിത്രപ്രസിദ്ധമായ ആസാദ് മൈതാനിയിൽ എത്തിയിരുന്നു. സമരക്കാരുടെ ഈ തീരുമാനത്തെ നഗരവാസികൾ രണ്ടും കൈയ്യും നീട്ടി സ്വീകരിച്ചു. സമരക്കാരെ വെറുക്കുന്നതിന് പകരം അവർക്ക് എല്ലാ വിധ സഹായങ്ങളും നൽകുന്നതിന് നഗരവാസികൾ തയ്യാറായി. പലരും അവർക്ക് ഭക്ഷണപൊതികളും, വെള്ളവും നൽകി. മരുന്നും ആരോഗ്യ സേവനങ്ങളും നൽകി. ചെരുപ്പുകൾ പോലും നൽകി. സമരത്തെ ആവേശത്തോടെ സ്വീകരിക്കുകയായിരുന്നു.

സെക്രട്ടേറിയറ്റ് വളയുമെന്ന് പ്രഖ്യാപിച്ചെങ്കിലും ചർച്ചയ്ക്ക് സർക്കാർ നേതാക്കളെ ക്ഷണിച്ച സാഹചര്യത്തിൽ പ്രക്ഷോഭകർ ആസാദ് മൈതാനിയിൽ തങ്ങി. പ്രക്ഷോഭത്തിന് അഭൂതപൂർവമായ പിന്തുണ ലഭിച്ചതോടെയാണ് സമരത്തെ കൂടുതൽ സ്ഫോടനാത്കമായ ഘട്ടത്തിലാക്കാതെ പെട്ടെന്ന് ഒത്തുതീർപ്പുണ്ടാക്കാൻ സർക്കാരിനെ നിർബന്ധിതമാക്കിയത്. അഖിലേന്ത്യാ കിസാൻ സഭ മുന്നോട്ട് വച്ച് എല്ലാ ആവശ്യങ്ങളും അംഗീകരിച്ചു. ഒത്തു തീർപ്പു വ്യവസ്ഥകൾ നടപ്പാക്കാൻ ആറംഗ മന്ത്രിതല സമിതി രൂപീകരിച്ചു. 2017 ജൂൺ 30 വരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളും, വിളനാശത്തിന് ഏക്കറിന് 40000/- രൂപ നഷ്ടപരിഹാരം നൽകും.

അഖിലേന്ത്യാ കിസാൻ സഭയുടെ പ്രസിഡന്റ് അശോക്ധാവ്ളെ, ദേശീയ ജോയിന്റ് സെക്രട്ടറി വിജു കൃഷ്ണൻ, മുൻ സംസ്ഥാന പ്രസിഡന്റ് കെ.പി. ഘാവിക്കും, എം.എൽ.എ യും സംസ്ഥാന പ്രസിഡന്റുമായ കിസാൻ ഗുജറും, സംസ്ഥാന ജനറൽ സെക്രട്ടറി അജിത് കവാലെയുമാണ മാർച്ചിന് നേതൃത്വം നൽകിയത്.

## ബാങ്ക് തട്ടിപ്പ്

ഡൈമണ്ട് രാജാവ് നീരവ് മോഡിയും കുടുംബവും പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്ന് 11,500 കോടി രൂപ തട്ടിയെടുത്ത് ആ പണം വിദേശബാങ്കുളിൽ നിക്ഷേപിച്ച് വീണ്ടും വായ്പയെടുത്ത് 30,000 കോടിയലേറെ രൂപ അവർ തട്ടിയെടുത്തായി രേഖകൾ വ്യക്തമാക്കുന്നു. അതേ പോലെ റോട്ടോമാക് പേന കമ്പനിയുടമ വിക്രം കോത്താരി 3695 കോടി രൂപ ഏഴു പൊതു മേഖല ബാങ്കുകളിൽ നിന്നും തട്ടിയെടുത്തു. ഈ ഏഴു ബാങ്കുകളിൽ നിന്നും വായ്പയെടുത്ത കോത്താരി ഒരു രൂപ പോലും തിരിച്ചടച്ചില്ല. കോത്താരിയുടെ ആസ്തികൾ പിടിച്ചെടുത്ത് ലേലം ചെയ്യാനുള്ള ഒരു ശ്രമവും വിജയിച്ചില്ല. ഉന്നതങ്ങളിൽ അത്രത്തോളം സ്വാധീനം കോത്താരിക്കുണ്ട്.

കേന്ദ്ര സർക്കാരിലെ പലരുമായി നീരവ് മോഡിക്കും അയാളുടെ അമ്മാവനും, ബിസിനസ് പങ്കാളിയായ മെഹൂത് ചോസ്കിക്കും അടുത്ത ബന്ധമാണുള്ളത്. നീരവ് മോഡിയും, മെഹൂൽ ചോസ്ക്കിയും ചേർന്ന് വർഷങ്ങളായി നടത്തുന്ന തട്ടിപ്പിനെക്കുറിച്ച് 2016-ൽ പ്രധാനമന്ത്രിയുടെ ഓഫീസിന് പരാതി ലഭിച്ചിരുന്നു. എന്നാൽ സി.ബി.ഐ. എഫ് ഐ.ആർ രജിസ്റ്റർ ചെയ്ത് കേസിൽ പ്രതികൾക്കെതിരെ ലുക്ക് ഔട്ട് പുറപ്പെടുവിച്ചത് 2018 ജനുവരി 31-നാണ്. ജനുവരി 1-ന് തന്നെ നീരവ് മോഡിയും ജനുവരി നാലിന് ചോസ്കിയും രാജ്യം വിട്ടു. നീരവിന്റെ ഭാര്യയും മറ്റൊരു പ്രതിയുമായ എമ്മി ജനുവരി ആറിന് അമേരിക്കയ്ക്ക് സ്ഥലം വിട്ടു. എമ്മി അമേരിക്കൻ പൗരത്വമുള്ള വ്യക്തിയാണ്. നീരവിന്റെ സഹോദരനും തട്ടിപ്പിലെ പങ്കാളിയുമായ നീരജ് മോഡി ബൽജിയം പൗരത്വമുള്ളയാളാണ്. അതീവ ഗുരുതരമായ സാമ്പ





ത്തിക കൊള്ള നടത്തിയതായി സ്വീകരിക്കപ്പെട്ടതിനു ശേഷമാണ് നീരവ് മോഡിയും കുടുംബവും രാജ്യം വിട്ടത് എന്നത് അവരുടെ ഭരണതലത്തിലെ ഉന്നത ബന്ധത്തെ വെളിവാക്കുന്നു.

അതുപോലെ 2016 നവംബർ 8 ന് 500 ന്റെയും 1000 ന്റെയും നോട്ടുകൾ നിരോധിച്ചുകൊണ്ട് പ്രധാനമന്ത്രി പ്രഖ്യാപനം നടത്തി മണിക്കൂറുകൾക്കുള്ളിൽ 5200 പേർ നീരവ് മോഡിയുടെ ഡയമണ്ട് ജ്വല്ലറിയുടെ ഒരു ശാഖയിൽ നിന്ന് 90 കോടി രൂപയുടെ ആഭരണം വാങ്ങിയെന്നാണ് ജ്വല്ലറിയിൽ സൂക്ഷിച്ച രേഖകൾ അവകാശപ്പെട്ടത്. എന്നാൽ ഒരാൾ പോലും രാത്രി ആഭരണം വാങ്ങാൻ എത്തിയില്ലെന്നാണ് ആദായവകുപ്പ് ഉദ്യോഗസ്ഥർ ചോദ്യം ചെയ്തപ്പോൾ കാവൽക്കാരൻ മൊഴി നൽകിയത്. കള്ളപ്പണം ആഭരണ നിക്ഷേപമാക്കി മാറ്റി വെളുപ്പിക്കാൻ പലർക്കും നീരവ് മോഡി അവസരമൊരുക്കിയെന്നാണ് ഇതിനർത്ഥം. ആദായനികുതി വകുപ്പിന്റെ റെയ്ഡിൽ ഇക്കാര്യം കണ്ടെത്തിയെങ്കിലും തുടർ നടപടികളൊന്നും തന്നെയുണ്ടായില്ല.

രത്നവ്യാപാരിയായ നീരവ് മോഡി വിദേശത്ത് നിന്ന് രത്നങ്ങൾ വാങ്ങി പോളീഷ് ചെയത് കയറ്റി അയക്കുന്നതാണ് ബിസിനസ്. രത്നങ്ങൾ വാങ്ങുന്നതിനായി വിദേശബാങ്കിൽ നിന്നും വായ്പയെടുക്കാൻ പഞ്ചാബ് നാഷണൽ ബാങ്കാണ് ഇടനിലനിന്നത്. നീരവ് മോഡി നൽകിയ വായ്പയുടെ തിരിച്ചടവിൽ വീഴ്ചയുണ്ടായതിൽ ഉത്തരവാദിത്വം തങ്ങൾ ഏൽക്കാമെന്ന് വിദേശ ബാങ്കിനെ ഒരു ലെറ്റർ ഓഫ് അണ്ടർസ്റ്റാൻഡിങ്ങിലൂടെ (LOU) അറിയിക്കണം. അത് വിശ്വസിച്ച് പി.എൻ.ബിക്ക് വിദേശ ബാങ്ക് വായ്പ കൊടുക്കും. പഞ്ചാബ് ബാങ്കിന് വിദേശ ബാങ്കിലുള്ള നോസ്ട്രോ അക്കൗണ്ട് എന്ന അക്കൗണ്ടിലാണ് ഇത്തരം വായ്പതുക നിക്ഷേപിക്കുക അവിടെ നിന്നാണ് ആവശ്യക്കാരന് ആ തുക കൈമാറുക. വായ്പയെടുക്കുന്ന വ്യക്തിയെ അല്ല മറിച്ച് എൽ.ഒ.യു കൊടുക്കുന്ന ബാങ്കിനെയാണ് വിദേശബാങ്ക് വിശ്വസിക്കുക. വായ്പയെടുത്തയാൾ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ എൻ.ഒ.യു. കൊടുക്കുന്ന ബാങ്കാണ് കടം വീട്ടേണ്ടത്. അതിന് കഴിയണമെങ്കിൽ വായ്പ തുകയ്ക്ക് തത്തുല്യമോ/കൂടുതലോ ആയ ഈഡ് നീരവ് മോഡിയ്ക്ക് എൽ.ഒ.യു നൽകിയ ബാങ്ക് ഈട് വാങ്ങണം. ഈടു വാങ്ങാതെയാണ് നീരവ് മോഡിയ്ക്ക് എൽ.ഒ.യു. നൽകിയത്. അങ്ങനെ 150 എൽ.ഒ. യു. വിലൂടെ തട്ടിയെടുത്ത് 6000 കോടി രൂപ. 143 എണ്ണത്തിലൂടെ 3000 കോടി. 224 കത്തുകളിലൂടെ 2000 കോടി രൂപ.

## ബാങ്കുകളുടെ കിട്ടാക്കടം

31-03-2017 ലെ കണക്കുപ്രകാരം പൊതുമേഖല ബാങ്കുകളുടെ മൊത്തം കിട്ടാക്കടം 6.41 ലക്ഷം കോടി രൂപയാണ്. ഇതിൽ 4.70 ലക്ഷം കോടി രൂപയും കോർപ്പറേറ്റുകൾ വരുത്തിയതാണ്. കാർഷിക മേഖലയിലെ കിട്ടാകടം 57,021 കോടി രൂപയാണ്. കഴിഞ്ഞ പത്തു വർഷം പൊതുമേഖലാ ബാങ്കുകൾ എഴുതിത്തള്ളി 3,60,912 കോടി രൂപയുടെ കിട്ടാക്കടമാണ്. ഏഴു വർഷം 1,21,830 കോടി രൂപയാണ് എഴുതിത്തള്ളിയതെങ്കിൽ മോഡി സർക്കാർ വന്നതിനുശേഷമുള്ള മൂന്നര വർഷത്തിൽ ഈ തുക 2,38,082 കോടിയായി ഉയർന്നു. 2016-17 വർഷം മൊത്തത്തിൽ 77,123 കോടി രൂപയാണ് എഴുതിത്തള്ളിയത്. വായ്പ അനുവദിക്കുമ്പോൾ തിരിച്ചടവ് സാധ്യത നിർണ്ണയിക്കുന്നതിൽ സംഭവിക്കുന്ന വീഴ്ച, ബിസിനസ് പരാജയം, വായ്പ ക്രമക്കേടുകൾ എന്നിവയാണ് കോർപ്പറേറ്റുകളുടെ കിട്ടാക്കടം പെരുകാൻ കാരണം. കിട്ടാക്കടം പെരുകുന്നത് ബാങ്കുകളുടെ സാമ്പത്തിക ഭദ്രതയെ ബാധിക്കുമെന്ന് സ്ഥിതി വരുമ്പോൾ ബാലൻസ് ഷീറ്റിൽ ലാഭം കുറയുന്നത് ഒഴിവാക്കാനാണ് എഴുതിത്തള്ളൽ എന്നാണ് പതിവ് വിശദീകരണം.

## സ്ഥിരം തൊഴിൽ ഇല്ലാതാകുന്നു


സ്ഥിരം തൊഴിൽ എന്ന വ്യവസ്ഥ ഒഴിവാക്കി നിശ്ചിതകാല തൊഴിൽ എന്ന രീതി നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ 2018 മാർച്ച് 16ന് ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാന്റിഡിങ് ഓർഡേഴ്സ് ആക്ട് 1946-ന്റെ ചട്ടങ്ങളിൽ ഭേദഗതി ചെയ്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. പുതിയ ചട്ടപ്രകാരം തൊഴിലാളികളെ തരംതിരിച്ചിരിക്കുന്നത് സ്ഥിരം, പ്രൊബേഷണൽ, താൽക്കാലികം, കാഷ്വൽ, അപ്രന്റീസ്, ഫിക്സഡ് ടേം എംപ്ലോയ്മെന്റ് എന്ന വിധത്തിലാണ്. ഒരു നിശ്ചിതകാലത്തേക്ക് മാത്രം തൊഴിലാളികളെ നിയമിക്കൽ എന്നത് എല്ലാ വ്യവസായങ്ങളിലും ഒരു സമ്പ്രദായമായി മാറ്റും. നിശ്ചിത കാലയളവിലേയ്ക്കുള്ള തൊഴിലാളികൾക്ക് ആ വ്യവസായങ്ങളിലെ സ്ഥിരം തൊഴിലാളികളുടെ വേതനത്തിനും, ആനുകൂല്യത്തിനും അർഹതയുണ്ടെന്ന് പറയുന്നുണ്ടെങ്കിലും സർക്കാർ വിജ്ഞാപനത്തിൽ പറയുന്നുണ്ടെങ്കിലും അത് ഒരിക്കലും യാഥാർത്ഥ്യമാകില്ല. നിശ്ചിതകാല തൊഴിലാളികളുടെ നിയമനകാലാവധി അവസാനിച്ചാൽ നോട്ടീസ് പോലും നൽകാതെ അവരുടെ സേവനകാലം അവസാനിച്ചതായി കണക്കാക്കും. മുതലാളി വർഗത്തെ മാത്രം സന്തോഷിപ്പിക്കാനാണ് കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം.

2003-ൽ വാജ്പെയി സർക്കാർ ഫിക്സഡ് ടേം എംപ്ലോയ്മെന്റ് (നിശ്ചിതകാല തൊഴിൽ) വ്യവസ്ഥ ചെയ്യുന്ന വിജ്ഞാപനം ഇറക്കിയിരുന്നു. അതിനെതിരെ തൊഴിലാളി സംഘടനകൾ ശക്തമായി പ്രതികരിച്ചു. 2004-ൽ ഇടതു പക്ഷ പിന്തുണയോടെ അധികാരത്തിൽ വന്ന ഒന്നാം യു.പി.എ. സർക്കാർ പ്രസ്തുത വിജ്ഞാപനം പിൻവലിച്ചു.

**ഷിബു. എ. എസ്.**

# ശാസ്ത്രം ദൈവത്തിന്റെ ആവശ്യം ഇല്ലാതാക്കിയിരിക്കുന്നു

**സ്റ്റീഫർ ഹോക്കിങ്ങ് എന്ന വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും പ്രസക്തമായ കാര്യം അദ്ദേഹം ഉയർത്തിപ്പിടിച്ച മാനവികമായ കാഴ്ചപ്പാടുകളായിരുന്നു. മടിയില്ലാതെ ഭയമില്ലാതെ സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങളിൽ കണ്ണിചേർന്നു. അറുപതുകളിൽ ലണ്ടനിൽ നടന്ന വിയറ്റ്നാം വിരുദ്ധ റാലിയിൽ മുൻനിരയിൽ അദ്ദേഹത്തെ കാണാമായിരുന്നു. അമേരിക്കയുടെ ഇറാഖ് അധിനിവേശത്തിനെതിരെ, പാലസ്തീനെ ആക്രമിച്ച ഇസ്രയേൽ ക്രൂരതയ്ക്കെതിരെ, സിറിയയിലെ സാമ്രാജ്യത്വ ഇടപെടലിനെതിരെ, കാലാവസ്ഥ വ്യതിയാനത്തെ സംബന്ധിച്ച പാരീസ് കരാറിൽ നിന്ന് പിൻമാറുമെന്ന ട്രംപിന്റെ പ്രസ്താവനയ്ക്കെതിരെ.... ഇങ്ങനെ തന്റെ പ്രതിഷേധങ്ങളെ മറച്ചുവയ്ക്കാൻ അദ്ദേഹം ഒരിക്കലും ശ്രമിച്ചിരുന്നില്ല**



തമോഗർത്തങ്ങളുടെ പ്രവാചകൻ, പോരാളിയായ വിശ്വപ്രതിഭ, ജനപ്രിയ എഴുത്തുകാരൻ, സമശീർഷരില്ലാത്ത ശാസ്ത്ര സാഹിത്യകാരൻ, രോഗം മറികടന്ന ബുദ്ധിയുടെ അദ്ഭുത രാജാവ്, പ്രപഞ്ച ശാസ്ത്രത്തിന്റെ മോശപ്പെട്ട ചൂതാട്ടക്കാരൻ, മാനവപ്രതീക്ഷയുടെ അവസാനിക്കാത്ത അടയാളം ഇങ്ങനെ പലവിശേഷണങ്ങളിലാണ് ലോകം സ്റ്റീഫൻ ഹോക്കിങ്ങ് എന്ന മഹാശാസ്ത്രകാരനെ അനുസ്മരിക്കുന്നത്. പക്ഷേ ഇവയെക്കാളൊക്കെ മെച്ചപ്പെട്ട വിശേഷണം ആത്മവിശ്വാസത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പ്രതീകമെന്നതിനാണ്. ശാരീരിക വൈകല്യങ്ങൾ മറികടന്ന് ജീവിതവിജയം നേടുന്നവരുടെ ഉദാത്ത മാതൃകയാണ് അദദേഹം. അല്ലെങ്കിൽ 21–ാം വയസ്സിൽ രോഗം കണ്ടുതുടങ്ങിയപ്പോൾ കേവലം രണ്ടുവർഷത്തെ ആയുസ് മാത്രം പ്രവചിച്ച ഡോക്ടമാരുടെ കണക്കുകൂട്ടൽ തെറ്റിച്ച് വീണ്ടും 53 വർഷങ്ങൾ വരെ ജീവിക്കുമായിരുന്നോ അദ്ദേഹം? തന്റെ രണ്ടുവർഷത്തെ സമയം കൊണ്ട് സമയത്തെക്കുറിച്ച് ഗവേഷണം നടത്തി സമയത്തിന്റെ സംക്ഷിപ്ത ചരിത്രം എന്ന മഹത്ഗ്രന്ഥം തന്നെ അദ്ദേഹം രചിച്ചു. ശാസ്ത്രത്തെ തള്ളിപറയുന്നവർക്കുള്ള മറുപടിയാണ് സ്റ്റീഫൻ ഹോക്കിങ്ങിന്റെ ജീവചരിത്രം.

1942 ജനുവരി 08 ന് ഓക്സ്ഫോർഡിൽ ഫ്രാങ്കിന്റെയും ഇസബേൽ ഹോക്കിങ്ങിന്റെയും മൂത്ത മകനായി ജനനം. അച്ഛനും അമ്മയും ഓക്സ്ഫോർഡിലെ ബിരുദധാരികൾ. സ്കൂൾ പഠനക്കാലത്ത് ഐൻ



സ്റ്റീൻ എന്നാണ് വിളിക്കപ്പെട്ടിരുന്നെങ്കിലും പഠനത്തിൽ വലിയ മിടുക്കൊന്നും കാണിച്ചിരുന്നില്ല. തന്റെ ഇഷ്ടവിഷയം ഗണിതമായിരുന്നിട്ടും ഓക്സ്ഫോർഡിൽ പഠിക്കണമെന്ന് അച്ഛന്റെ ശാഠ്യത്തിന് വഴങ്ങി ഊർജ്ജതന്ത്രം തെരഞ്ഞെടുത്തു. 1962 ൽബിരുദം പൂർത്തിയാക്കിയ അവസരത്തിൽ വാച്യപരീക്ഷയിൽ തന്റെ ഭാവി പദ്ധതിയെപ്പറ്റി ആരാഞ്ഞപ്പോൾ നിങ്ങളെനിക്ക് ഫസ്റ്റ് ക്ലാസ് അനുവദിക്കുകയാണെങ്കിൽ ഞാൻ ഇഷ്ടസ്ഥലമായ കേംബ്രിഡ്ജിൽ പോയി കോസ്മോളജിയിൽ ചേരും, അല്ല രണ്ടാം ക്ലാസാണ് ലഭിക്കുന്നതെങ്കിൽ ഞാൻ ഓക്സ്ഫോർഡിൽ തുടരും. എന്നാൽ എന്റെ പ്രതീക്ഷ നിങ്ങളെനിക്ക് ഫസ്റ്റ് തരുമെന്ന് പറഞ്ഞു അധ്യാപകരെ കുഴപ്പിച്ചു.

1962-ൽ കേംബ്രിഡ്ജിൽ പി.എച്ച്.ഡി ക്ക് ചേർന്ന് ഒരു വർഷം കഴിഞ്ഞപ്പോഴാണ് മോട്ടോർ ന്യൂറോൺ രോഗം സ്ഥിരീകരിക്കുന്നത്. രണ്ടുവർഷത്തെ ആയുസ് മാത്രം ഡോക്ടർമാർ പ്രവചിച്ചപ്പോൾ ആദ്യം മാനസികമായി തകർന്നെങ്കിലും പെട്ടെന്ന് ധൈര്യം വീണ്ടെടുത്തു. ജീവിതം കുറച്ചെയുള്ളുവെങ്കിൽ ഏറെ കാര്യം ചെയ്യാനുണ്ടെന്ന് തീരുമാനത്തിൽ അവിശ്വസനീയമാം വിധം ശാസ്ത്രപഠനത്തിൽ മുഴുകി. ധൈര്യവും സ്നേഹവും കൂട്ടും നൽകി പ്രണയിനിയായ ജെയ്ൻ വൈൽഡ്. രോഗമറിഞ്ഞിട്ടും വിട്ടുപോകാതെ നിന്നു 1965-ൽ വിവാഹവും നടന്നു. 1974 ലാണ് ശാസ്ത്ര ലോകത്തെഞെട്ടിച്ചുകൊണ്ട് തമോഗർത്തങ്ങൾ വെറും ശൂന്യതയല്ലെന്നും തകർന്നുകൊണ്ടിരിക്കുന്ന നക്ഷത്രത്തിന്റെ ഗുരുത്വാകർഷണ ബലത്തിൽ നിന്നും വികിരണത്തിന്റെ രൂപത്തിൽ ദ്രവ്യത്തിന് പുറത്തുകടക്കാനാകുമെന്നും തെളിയിച്ചു. ഹോക്കിങ്ങ് വികിരണമെന്ന പേര് പ്രഖ്യാപിക്കപ്പെട്ടതിന് ശേഷം അദ്ദേഹത്തെ റോയൽ സൊസൈറ്റിയുടെ ഫെലോയായി തെരഞ്ഞെടുത്തു.

1985-ൽ ശബ്ദം ഇല്ലാതായപ്പോൾ ശ്വസനനാള ശസ്ത്രക്രിയ നടത്തുകയും തുടർന്ന് 24 മണിക്കൂറും ശുശ്രൂഷിക്കാൻ സഹായി വേണമെന്ന് അവസ്ഥയായി. ചലനശേഷിയും സംസാരശേഷിയും നഷ്ടപ്പെട്ട അദ്ദേഹം സ്പീച്ച് സിന്തസൈസർ വഴിയാണ് ആശയവിനിമയം നടത്തിയത്.

സ്റ്റീഫൻ ഹോക്കിങ്ങ് എന്ന വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും പ്രസക്തമായ കാര്യം അദ്ദേഹം ഉയർത്തിപ്പിടിച്ച മാനവികമായ കാഴ്ചപ്പാടുകളായിരുന്നു. തളർന്ന ശരീരത്തെ വീൽചെയറിൽ ഒതുക്കി ക്കൊണ്ടുതന്നെ ലോകം മുഴുവൻ പടർന്നെത്തി അദ്ദേഹത്തിന്റെ ചിന്തകൾ. മടിയില്ലാതെ ഭയമില്ലാതെ സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങളിൽ കണ്ണിച്ചേർന്നു. അറുപതുകളിൽ ലണ്ടനിൽ നടന്ന വിയറ്റ്നാം വിരുദ്ധ റാലിയിൽ മുൻനിരയിൽ അദ്ദേഹത്തെ കാണാമായിരുന്നു. അമേരിക്കയുടെ ഇറാഖ് അധീനിവേശത്തിനെതിരെ, പാലസ്തീനെ ആക്രമിച്ച ഇസ്രയേൽ ക്രൂരതയ്ക്കെതിരെ, സിറിയയിലെ സാമ്രാജ്യത്വ ഇടപെടലിനെതിരെ, കാലാവസ്ഥ വ്യതിയാനത്തെ സംബന്ധിച്ച പാരീസ് കരാറിൽ നിന്ന് പിൻമാറുമെന്ന ട്രംപിന്റെ പ്രസ്താവനയ്ക്കെതിരെ.......... ഇങ്ങനെ തന്റെ പ്രതിഷേധങ്ങളെ മറച്ചുവയ്ക്കാൻ അദ്ദേഹം ഒരിക്കലും ശ്രമിച്ചിരുന്നില്ല. 2010-ൽ ദിഗ്രാന്റ് ഡിസൈൻ എന്ന പുസ്തകത്തിലൂടെ പ്രപഞ്ച സൃഷ്ടാവായ ദൈവമെന്ന സങ്കൽപ്പത്തെ നിരാകരിച്ചു. ദൈവനിഷേധത്തിലും ദൈവവിശ്വാസത്തിന്റെ നിരർത്ഥകത ചൂണ്ടിക്കാട്ടുന്നതിലും പുലർത്തിയ ധീരത ആധുനിക ശാസ്ത്രജ്ഞർ കണ്ടുപഠിക്കേണ്ടതാണ് ശാസ്ത്രം വളരാതിരുന്ന കാലത്ത് ദൈവവും മതവും ആവശ്യമായിരുന്നിരിക്കാം പക്ഷേ ഇന്ന് പ്രഞ്ചത്തെപ്പറ്റി നന്നായി അറിയുമെന്നതിനാൽ ദൈവത്തിന്റെ ആവശ്യമില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

ഇങ്ങനെ മാനവികമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച, ദൈവത്തിന്റെ ആവശ്യമില്ലായെന്ന് പ്രഖ്യാപിച്ച താൻ നിരീശ്വരവാദിയാണെന്ന് അഭിമുഖത്തിലൂടെ പ്രസ്താവിച്ച ഈ മഹത് വ്യക്തിയെ അദ്ദേഹത്തിന്റെ മേന്മകൾ എടുത്തു പറഞ്ഞ് ലോകം അനുസ്മരിക്കുമ്പോൾ ഇങ്ങ് ഇന്ത്യയിൽ ഭരണകൂടം തന്നെ അശാസ്ത്രീയ അയുക്ത നിലപാടുകൾ കൊട്ടിഘോഷിക്കുന്നു. ഇന്ത്യൻ ശാസ്ത്രകോൺഗ്രസിന്റെ 105-ാം സമ്മേളത്തിൽ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് മന്ത്രി അവകാശപ്പെടുന്നതിങ്ങനെ. ഐൻസ്റ്റീന്റെ പ്രശസ്തമായ $E=MC^2$ എന്ന സമവാക്യത്തിനേക്കാൾ മെച്ചപ്പെട്ട സിദ്ധാന്തങ്ങൾ വേദങ്ങളിലുണ്ടെന്ന് സ്റ്റീഫൻ ഹോക്കിങ്ങ് ഒരിക്കൽ പറഞ്ഞു. എപ്പോൾ പറഞ്ഞുവെന്ന് നിങ്ങൾ പത്രക്കാർ അന്വേഷിച്ചുകണ്ടെത്തൂ. 2001-ൽ ന്യൂദില്ലിയിൽ ഐൻസ്റ്റീൻ സ്മാരക പ്രഭാഷണം നടത്തുമ്പോൾ സ്റ്റീഫൻ ഹോക്കിങ്ങ് പരീക്ഷണങ്ങൾ കൊണ്ട് തെളിയിക്കപ്പെട്ട ശാത്രജ്ഞരുടെ സിദ്ധാന്തങ്ങളുമായി പൊരുത്തപ്പെടുന്നതല്ല ജ്യോതിഷമെന്നതിനാൽ ഞങ്ങൾ ശാസ്ത്രജ്ഞർ ജ്യോതിഷത്തിൽ വിശ്വസിക്കുന്നില്ലായെന്നാണ് പറഞ്ഞത്. ഇന്ത്യൻ ഭരണകൂടം തുടർച്ചയായി ശാസ്ത്രത്തെ അവഹേളിക്കുന്നതിന്റെ അവസാന ഉദാഹരണമാണിത്. പരിണാമസിദ്ധാന്തം തെറ്റാണെന്ന് ശാസ്ത്രദിനം ഉദ്ഘാടനം ചെയ്ത് ഒരു മന്ത്രി പ്രസ്താവിക്കുന്നതും നമ്മൾ കണ്ടതാണ്. ദൈവനിന്ദയ്ക്ക് തുല്യമാണ് ശാസ്ത്രനിന്ദയെന്നും ഇക്കൂട്ടർ ഓർത്താൽ കൊള്ളാം. ചോദ്യം ചെയ്യാൻ ഭയക്കാതിരിക്കുന്ന ഒരു ഇടതുപക്ഷ പുരോഗമന തലമുറ ഇനിയും ഇവിടെ നശിച്ചിട്ടില്ല.

കെ.സെബാസ്റ്റ്യൻ

# നവലിബറൽ നയങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങൾ ശക്തമാകുന്നു

## ഫ്രാൻസ്

നവ ഉദാരവൽക്കരണ നയങ്ങളുടെ കെടുതികൾക്കെതിരെ ലോകത്തെങ്ങും ജനരോഷം ഉയരുകയാണ്. യൂറോപ്പിലെങ്ങും സ്വകാര്യ വൽക്കരണത്തിനെതിരെ പ്രത്യേകിച്ച് റെയിൽവെ സ്വകാര്യവൽക്കരണത്തിനെതിരെ വൻ പ്രതിഷേധമാണ് ഉയരുന്നത്. യൂറോപ്യൻ യൂണിയൻ നിർദ്ദേശ പ്രകാരമാണ് ഭൂരിപക്ഷ രാജ്യങ്ങളിലും റെയിൽവേ സ്വകാര്യം മേഖലയ്ക്ക് വിട്ടുകൊടുത്തത്. ഇംഗ്ലണ്ടിലും ഇറ്റലിയിലും മറ്റും ഇതിന്റെ ഫലമായി അപകടങ്ങൾ വർദ്ധിച്ചു. യൂറോപ്യൻ മാറ്റത്തിന്റെ ചുവടുപിടിച്ച് റെയിൽവേ സ്വകാര്യ വൽക്കരണം ഫ്രാൻസും ആരംഭിച്ചിരിക്കുകയാണ്.

റെയിൽവെ സ്വകാര്യവൽക്കരിക്കുന്നതിനും തൊഴിലാളികളുടെ അവകാശങ്ങൾ കവരുന്നതിനുമെതിരെ 2018 മാർച്ച് 22-ന് വൻ പ്രക്ഷോഭ സമരങ്ങളാണ് നടന്നത്. റെയിൽവെ തൊഴിലാളികൾക്ക് ലഭിച്ചുവരുന്ന പ്രത്യേക പദവി ഇല്ലാതാക്കുന്ന പരിഷ്കരണങ്ങൾ പാർലമെന്റിനെ ഒഴിവാക്കി നിർത്തിയാണ് എക്സിക്യൂട്ടീവ് ഉത്തരവായി പുറത്തിറങ്ങിയത് മാക്രോൻ അധികാരത്തിൽ വന്നതുമുതൽ എല്ലാ തൊഴിലാളി വിരുദ്ധ നടപടികളും പാർലമെന്റിനെ ഒഴിവാക്കിയാണ് അവതരിപ്പിക്കുന്നത്. ലേബർ കോഡ് പുറത്തിറക്കിയതു പോലും എക്സിക്യൂട്ടീവ് ഉത്തരവിലൂടെയാണ്. തൊഴിലാളികളെ തൊഴിലുടമയുടെ ഇഷ്ടത്തിന് അനുസരിച്ച് പിരിച്ചുവിടാനും, വിലപേശലിനുള്ള സാധ്യത ദുർബലപ്പെടുത്തുന്ന ഭേദഗതികളാണ് ലേബർ കോഡിൽ കൊണ്ടുവന്നത്. ഏറ്റവും കൂടുതൽ തൊഴിലാളി സൗഹൃദമായിരുന്ന തൊഴിൽ നിയമങ്ങളിലാണ് മാക്രോൺ ദുർബലപ്പെടുത്തിയത്. അതിന്റെ ഭാഗമായാണ് റെയിൽവെ തൊഴിലാളികൾക്കെതിരെയുള്ള നടപടികൾ. മാർച്ച് മാസത്തിലാണ് പ്രധാനമന്ത്രി എഡ്വേർഡ് ഫിലിപ്പ് ഫ്രെഞ്ച് നാഷണൽ റെയിൽ കോർപ്പറേഷനിൽ (SNCF) കടുത്ത പരിഷ്കരണനടപടികൾ പ്രഖ്യാപിച്ചത്. പൊതുമേഖല കമ്പനിയെന്നതിന് പകരം ഇനിമുതൽ SNCF പൊതുമൂലധനമുള്ള കമ്പനി മാത്രമായിരിക്കും. 1930 ലാണ് ഫ്രാൻസിലെ സ്വകാര്യ റെയിൽവേ കമ്പനി ദേശസാൽക്കരിച്ചത്. 88 വർഷമുള്ള പൊതുമേഖലാ സ്ഥാപനമാണ് വീണ്ടും സ്വകാര്യ വൽക്കരിക്കുന്നത്.

പൊതുമേഖലയിലെ ഏഴ് യൂണിയനുകൾ ചേർന്നാണ് മാർച്ച് 22-ന് പണിമുടക്കിനും പ്രതിഷേധ പ്രകടനങ്ങൾക്കും ആഹ്വാനം നൽകിയത്. തലസ്ഥാനമായ പാരീസ് ഉൾപ്പെട 150 കേന്ദ്രങ്ങളിൽ പണിമുടക്കിന്റെ ഭാഗമായി പ്രകടനം നടന്നു. റെയിൽവെ തൊഴിലാളികളും, പൊതുമേഖലാ ജീവനക്കാരും, സർക്കാർ ജീവനക്കാരും പ്രതിഷേധത്തിന്റെ ഭാഗമായി പണിമുടക്കി. പൊതുമേഖല ജീവനക്കാരും പണിമുടക്കിൽ പങ്കെടുത്തു. ചെലവു ചുരുക്കലിന്റെ ഭാഗമായി 2022 ആകുമ്പോഴേക്കും 120,000 ജീവനക്കാരെ പിരിച്ചുവിടാനുള്ള മക്രോൺ സർക്കാരിന്റെ നീക്കത്തിനെതിരെയാണ് ഇവർ പണിമുടക്കിൽ പങ്കെടുക്കുന്നത്. മക്രോൺ രാജിവയ്ക്കണമെന്നും പൊതുമേഖലയെ നശിപ്പിക്കരുതെന്നും സാമൂഹ്യസുരക്ഷാ പദ്ധതികളിൽ നിന്നും സർക്കാർ പിൻവാങ്ങരുതെന്നുമുള്ള മുദ്രാവാക്യങ്ങളാണ് പ്രക്ഷോഭ സമരങ്ങളിൽ ഉയർന്ന് വന്നത്.





പണിമുടക്ക് വ്യോമ റെയിൽ ഗതാഗതത്തെ ബാധിച്ചു. അധ്യാപകർ സമരത്തിൽ പങ്കെടുക്കുന്നതിനാൽ സ്കൂളുകളുടെ പ്രവർത്തനത്തെയും ബാധിച്ചു. മാക്രോൺ അധികാരത്തിൽ വന്നതിന് ശേഷം ആദ്യമായാണ് രാജ്യത്തെ സ്തംഭിക്കുന്ന പണിമുടക്ക് നടന്നത്.

## സുഡാൻ

നവഉദാരവൽക്കരണ നയങ്ങൾക്കെതിരെ സുഡാനിലും സമരം ശക്തമാകുകയാണ്. ധനകമ്മികുറയ്ക്കുന്നതിനായി 2017 ഡിസംബറിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രസിഡന്റ് ഒമർ ഹസ്സൻ അൽ ബഷീർ സർക്കാർ ചെലവ് ചുരുക്കൽ നയം ശക്തമാക്കാൻ തീരുമാനിച്ചു. ചെലവ് ചുരുക്കലിന്റെ ഭാഗമായി പൊതു സേവന ക്ഷേമ മേഖലകളിൽ നിന്നും സർക്കാർ പിന്മാറ്റം തുടങ്ങി. ഇതിന്റെ ഭാഗമായി ഗോതമ്പ് ഇറക്കുമതി ചെയ്യുന്നത് സർക്കാർ നിർത്തി. ഗോതമ്പ് ഇറക്കുമതി ചെയ്യുന്നതുനുള്ള അധികാരം സ്വകാര്യ വ്യക്തികളെ ഏൽപ്പിച്ചതോടെ ഗോതമ്പിന്റെ വില കുത്തനെ ഉയർന്നു. 50 കിലോ ചാക്കിന് 187 പൗണ്ട് ആയിരുന്നത് 400 പൗണ്ടായി. ഇതോടെ റൊട്ടിയുടെ വില മൂന്നിരിട്ടിയായി. ഐ.എം.എഫിന്റെ നിർബന്ധനത്തിന് വഴങ്ങി ഭക്ഷ്യവസ്തുക്കൾക്കുള്ള സബ്സിഡി മാത്രമല്ല വൈദ്യുതിയ്ക്കുള്ള സബ്സിഡിയും സർക്കാർ പിൻവലിച്ചു. ഇതോടെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ റൊട്ടിവില പ്രക്ഷോഭം (Bread Price Protest) എന്ന പേരിൽ പ്രക്ഷോഭം ആരംഭിച്ചു. ആയിരക്കണക്കിന് ആളുകളാണ് ബഡ്ജറ്റിലെ നിർദ്ദേശങ്ങൾക്കെതിരെ കമ്മ്യൂണിസ് പാർട്ടിയുടെ ആഹ്വാനപ്രകാരം സമരത്തിനറങ്ങിയത്. തുടർന്ന് നാഷണൽ ഉമ്മാ പാർട്ടിയും, അറബ് സോഷ്യലിസ്റ്റ് ബാത്ത് പാർട്ടിയും, സുഡാൻ നാഷണൽ അലയൻസും, ഈ പ്രക്ഷോഭത്തിൽ അണിചേർന്നതോടെ പ്രക്ഷോഭം ശക്തമായി.

ജനകീയ പ്രശ്നങ്ങൾ ഉയർത്തി സമരം ശക്തമായതോടെ, സമരത്തെ അടിച്ചമർത്താനുള്ള നടപടികളാരംഭിച്ചു. ജനുവരി 16 ന് സുഡാൻ കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി മുഹമ്മദ് മുഖതാൻ അൽ വതീബിനെയും പോളിറ്റ് ബ്യൂറോ അംഗം സിദ്ദിഖ് യൂസഫും ഉൾപ്പെടെ നിരവധി പോളിറ്റ് ബ്യൂറോ കേന്ദ്ര കമ്മിറ്റി അംഗങ്ങളെയും പാർട്ടിമുഖപത്രമായ അൽ മിസാൻ പത്രാധിപർ കമാൽ കറാർ ഉൾപ്പെടെ നിരവധി പത്രപ്രവർത്തകരെയും ഇന്റലിജൻസ് ആന്റ് സെക്യൂരിറ്റി സർവ്വീസ് തടവിലാക്കുകയുണ്ടായി. സർക്കാരിനെ വിമർശിക്കുകയും, പ്രക്ഷോഭത്തിന്റെ വാർത്തകൾ ലോകത്തെ അറിയിക്കുകയും ചെയ്യുന്ന പത്രങ്ങളെല്ലാം ഏറെക്കുറെ അടച്ചു പൂട്ടി. പ്രതിഷേധ പ്രകടനങ്ങളുടെ ദൃശ്യങ്ങൾ പകർത്തുന്ന മാധ്യമ പ്രവർത്തകരെ പിടികൂടി ജയിലിടയ്ക്കുകയും കടുത്ത മർദ്ദന നടപടികൾക്ക് വിധേയരാക്കുകയുമാണ്. ഇലക്ട്രിക്ക് ഷോക്ക് ഉൾപ്പെടെ കടുത്ത മർദന നടപടികളാണ് ജയിലലടയ്ക്കപ്പെട്ട നേതാക്കളും, മാധ്യമ പ്രവർത്തകരും നേരിടുന്നത്, ഇത്തരം മർദന നടപടികളെയെല്ലാം അതിജീവിച്ചാണ് ജനങ്ങൾ പ്രക്ഷോഭങ്ങളുമായി മുന്നോട്ടു പോകുന്നത്.

1948 -ൽ രൂപം കൊണ്ട സുഡാനിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു കാലത്ത് ആഫ്രിക്കയിൽ ഏറെ സ്വാധീനമുണ്ടായിരുന്നു. പട്ടാള അട്ടിമറിയിലൂടെ അധികാരത്തിൽ വന്ന ഗഫാർ അൽ നിമിത കമ്മ്യൂണിസ്റ്റ് നേതാക്കളെ കൂട്ടക്കൊല നടത്തുകയും പാർട്ടിയുടെ പ്രവർത്തനങ്ങളെ തടയുകയും ചെയ്തു. തുടർന്നാണ് മതമൗലികവാദികൾ അധികാരത്തിൽ വന്നത് കമ്മ്യൂണിസ് പാർട്ടിയുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചു.

എന്നാൽ നവ-ഉദാരവൽക്കരണ നയങ്ങൾക്കെതിരെയുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവത്തനം പാർട്ടിയെ വീണ്ടും ശക്തമാക്കി. പെട്രോൾ വില വർദ്ധവിനെതിരെ 2013-ൽ സുഡാനിലെങ്ങും ശക്തമായ മുന്നേറ്റമാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടന്നത്. സർക്കാരിന്റെ ജനദ്രോഹ നവലിബറൽ നയങ്ങൾക്കെതിരെയുള്ള സമരം ശക്തമാക്കി സ്വേച്ഛാധിപതിയായ അൽബഷീറിനെ താഴെയിറക്കുന്നതു വരെ പ്രക്ഷോഭം തുടരാനാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തീരുമാനം.

**വിദൂഷകൻ**




# മഹിഷ്മതി സാമ്രാജ്യം

പ്രാന്ത വിഷ വ്യാപക് ചാത്തിക്കുഴി പീതാംബർജി എന്ന പീർജി കൈലേസെടുത്ത് ശ്രദ്ധാപൂർവ്വം നെറ്റിയിലെ വിയർപ്പൊപ്പി. കുറുവടിയഭ്യാസം നാലുമണിക്ക് തുടങ്ങേണ്ടതാണ്. ഇപ്പൊ മണി അഞ്ചരയായി. രണഗീതാലാപനം പോലും ഇതുവരെ നടന്നില്ല. ദണ്ഡയ്ക്കു വന്ന സെൽഫ് ഹെൽപ്പേഴ്സെല്ലാം വട്ടം കൂടി നിന്നു പിറുപിറുക്കുകയാണ്. ബസിറങ്ങി തലവഴിയേ മുണ്ടുമിട്ട് സംഘമിത്രം കുമാരന്റെ പറമ്പിലെ ദണ്ഡഗ്രൗണ്ടിലേക്ക് നടക്കുമ്പോഴേ പീതാംബർജിയ്ക്കു തോന്നിയതാണ് ഇന്ന് പിള്ളേർ കലിപ്പിലായിരിക്കുമെന്ന്. നാടെങ്ങുമുള്ള സെൽഫ് ഹെൽപ്പേഴ്സ് ഇങ്ങനെ പീഡനത്തിലും ശിശുഹത്യയിലും മുഴുകിയാൽ എങ്ങനെ പുറത്തിറങ്ങി നടക്കും എന്നതായിരുന്നു പയ്യൻമാരുടെ പ്രശ്നം. അയലത്തെ കുട്ടികളെ രക്ഷിതാക്കൾ സെൽഫ് ഹെൽപ്പേഴ്സിൽ നിന്ന് ഒളിപ്പിച്ചു തുടങ്ങിയിരിക്കുന്നു. ഗോമാതാവിന്റെ ദുഗ്ദ്ധം വാങ്ങാൻ സ്ഥിരം വരുമായിരുന്ന പൈതങ്ങൾ പോലും ഇപ്പോൾ ഒറ്റയ്ക്കു പുറത്തിറങ്ങാറില്ല. എല്ലാവർക്കുമായി ഒരു വിശദീകരണം ദണ്ഡ കഴിഞ്ഞുടനേ നല്കുന്നതായിരിക്കും എന്ന് പീർജി പറഞ്ഞപ്പോൾ പയ്യൻമാർ ചെറുതായി ഒന്നടങ്ങി.

പീതാംബർജിയുടെ ഇതപര്യന്തമുള്ള വിഷവ്യാപക് ജീവിതത്തിൽ ഇത്തരം സംഭവങ്ങൾ ആദ്യമല്ല. ദണ്ഡശിക്ഷൺ കഴിഞ്ഞ് കടുക്കാജലപാനം പതിവാക്കി ശിഖരപ്രമുഖ് ആയി അദ്ദേഹം ആദ്യം ചാർജെടുത്തത് ചപ്പിമുക്ക് മാപ്പിരക്കൽ മെമ്മോറിയൽ ശിഖരത്തിലായിരുന്നു. അത് പുതുതായി തുടങ്ങിയ ഒരു ശിഖരമായിരുന്നു. നാനാജാതി മതസ്ഥരായ നാട്ടുകാർ ചേർന്ന് തിറയുത്സവവും കുതിരയെടുപ്പും നടത്തുന്ന ക്ഷേത്രമൈതാനിയിലേക്കാണ് മുറി നിക്കറുമിട്ട് കുറുവടിയഭ്യാസത്തിന് ഒരു ഗ്രഹണ ദിവസം ചെന്നു കയറിയത്. കോവിലിൽ പ്രർത്ഥനയ്ക്കെത്തിയ സ്ത്രീകൾ എന്താടാ അവിടെ എന്നു വിളിച്ചുചോദിച്ചപ്പോൾ ശിഖരമാണ് എന്ന് ഊക്കിനൊരു മറുപടി കൊടുത്തു. പറമ്പിലേക്ക് ചാഞ്ഞു നിന്ന റബർ മരത്തിന്റെ ശിഖരങ്ങൾ പടാ പടാ ഒടിയുന്ന ശബ്ദം കേട്ടതും ഓടാൻ സാധിച്ചതിനാൽ ഇപ്പോഴും ഈ പരിപാടിയുമായി നടക്കാൻ പറ്റുന്നു എന്നു പറഞ്ഞാൽ മതി.

ബീഫ് നിരോധനം വന്ന കാലത്ത് ഒടിയന്നൂർ ശിഖരത്തിലായിരുന്നു പീതാംബർജിയ്ക്ക് വിഷവ്യാപനം. സ്ഥിരമായി ദണ്ഡയ്ക്കുവരുന്ന ഒൻപതുപേരിൽ എട്ടും കടുത്ത ബീഫ് ആരാധകരും ശിഖരം കഴിഞ്ഞ് പോകുംവഴി ബീഫ് റോസ്റ്റും പൊറോട്ടയും ഭുജിക്കുന്നവരുമായിരുന്നു. ഒരുത്തനെങ്കിലുമുണ്ടല്ലോ സനാതനധർമ്മിയെന്നാശ്വസിച്ചു. പിന്നീടാണറിഞ്ഞത് അവനും കൊതിയൂറി നടപ്പാണ്. പക്ഷെ ബീഫ് പുള്ളിക്ക് അലർജിയാണ്.

ബീഫ് പ്രശ്നത്തിൽ അന്ന് പിള്ളാരുണ്ടാക്കിയ കലിപ്പ് ചില്ലറയല്ല. കൂട്ടത്തിൽ പത്രം വായിക്കുന്ന ഒരുത്തൻ സെൽഫ് ഹെൽപ്പറായ ഒരു എം.പി.യല്ലേ പീർജീ ഏറ്റവും വലിയ ബീഫ് എക്സ്പോർട്ടർ എന്ന് നിവർന്നുനിന്ന് ചോദിച്ചപ്പോൾ പീതാംബർജിക്ക് ഉത്തരം മുട്ടി. പിറ്റേയാഴ്ച മേഖലാ വിഷചാലക് ദാമോദർജിയെ കണ്ടപ്പോൾ പീതാംബർജി ഈ വിവരം പറഞ്ഞു. മണ്ടാ, അവൻ വിവരമുള്ളവൻ..... അവനെ ശിഖരത്തിൽ വച്ചേയ്ക്കരുത്. എന്തെങ്കിലും നിസാര കാര്യം പറഞ്ഞ് വേഗം പുറത്താക്കണം. ഇല്ലെങ്കിൽ ശിഖരം പൂട്ടിപ്പോവും എന്ന് ദാമോദർജി പറഞ്ഞു.

ആ ഐഡിയ കൊള്ളാമല്ലോ എന്ന് പീതാംബർജിയ്ക്കും തോന്നി. ബോധമുള്ള ഒരുത്തനെങ്കിലും വഴിതെറ്റിയെങ്ങാനും വന്നുപെട്ടാൽ ശിഖരം അതോടെ ഉണങ്ങിപ്പോകും. ബോധമുള്ള തലയിലേക്ക് വിഷം കയറ്റാൻ പ്രയാസമാണ്. പേട്രോളിന് മാസത്തിൽ പത്തുപൈസ കൂടുന്ന കാലത്ത് സദാ ട്വീറ്റിക്കൊണ്ടിരുന്നവൻ ഇപ്പൊ ഡെയ്ലി 5 രൂപ വച്ചുകൂട്ടുന്നു. അ



തേപ്പറ്റിചോദിക്കുമ്പോൾ അങ്ങേരുടെ വായിൽ എന്താ അമ്പഴങ്ങയാണോ എന്നാരേലും ചോദിച്ചാൽ ഏത് വിഷചാലകിന്റെ കയ്യിലൊണ്ട് ആപ്റ്റ് മറുപടി. പുട്ടു തൊണ്ടയിൽ കുടിങ്ങിയ മാതിരി കണ്ണുതള്ളിപ്പോകുമെന്നത് പീതാംബർജിയ്ക്ക് നേരനുഭവമാണ്.

പിറ്റേന്ന് ശിഖരം നടക്കുമ്പോൾ ഇടവഴിയേ പോയ ഒരു പെങ്കൊച്ചിനെ പാളി നോക്കി എന്നാരോപിച്ച് പീതാംബർജി വിവരക്കാരൻ പയ്യനെ പിടിച്ചുതള്ളി. ദേഹം നൊന്ത ചെക്കൻ ചാടിയെണീറ്റ് പീതാംബർജിയുടെ കരണക്കുറ്റിക്കൊന്നു പൊട്ടിച്ചിട്ട് മുള്ളുവേലിയുടെ മണ്ടയിൽ കിടന്ന ലുങ്കിയെടുത്ത് നിക്കറിനു മേലേ ചുറ്റി വെടിച്ചില്ലുപോലെ പാഞ്ഞുപോയി. തലയ്ക്കുള്ളിൽ പൊന്നീച്ച പറന്നുതീർന്നപ്പോൾ പീർജി വെള്ളം... വെള്ളം.. എന്നു ജല്പിച്ചു. വെള്ളം വേണോ ഗോമൂത്രം വേണോ പീർജി... എന്ന് പുരകത്തുമ്പോൾ വാഴവെട്ടുന്ന സ്വഭാവമുള്ള ഒരുത്തൻ ചോദിച്ചു. വെള്ളം കൊണ്ടുവാടാ എന്നതിനൊപ്പം സനാതന ധർമ്മത്തിന് നിരക്കാത്ത ഒരു തെറികൂടിച്ചേർത്ത് പീതാംബർജി അലറി. ചെക്കനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഒടിവ്, ചതവ്, ഹേമം എന്നിവയ്ക്കൊക്കെ ഗോമൂത്രത്തോളം നല്ല മരുന്നില്ലെന്ന് തൊട്ടുമുൻപ് പീർജി പ്രസംഗിച്ച് നാവ് വായിലിട്ടിട്ടേ ഉണ്ടായിരുന്നുള്ളു.

ആ പ്രശ്നം അവിടം കൊണ്ട് തീർന്നില്ല. പിറ്റേദിവസം കുറുവടിയഭ്യാസത്തിന് ഒത്തുകൂടിയപ്പോൾ പിള്ളാര് വീണ്ടും കലിപ്പുണ്ടാക്കി.

നമ്മുടെ ചങ്കിനെ പുറത്താക്കിയതെന്തിന്....? ഒരുത്തൻ എണീറ്റുനിന്ന് ദണ്ഡചുഴറ്റിക്കൊണ്ടു ചോദിച്ചു.

വിവരമുള്ളവർ ശിഖരത്തിന് കേടാണ് എന്ന് പറയാൻ വന്നെങ്കിലും അവൻ സദാചാരം ലംഘിച്ചു എന്നാണ് പീർജി മറുപടി കൊടുത്തത്. ഇടം കയ്യനായ പയ്യൻ പീർജിയുടെ റൈറ്റ് കവിൾ നോക്കി ഒന്നു പൊട്ടിച്ചിട്ട് അതവന്റെ പെങ്ങളാരുന്നെടാ പട്ടീ എന്ന് വിനയത്തോടെ പറഞ്ഞു. പീതാംബർജി നിലത്തിരുന്ന് നക്ഷത്രങ്ങൾ എണ്ണിനോക്കി. ഇരുനൂറ്റിപ്പതിനാലെണ്ണം ഉണ്ടായിരുന്നു. ദണ്ഡ പരിശീലനം കൊണ്ട് പിള്ളാരുടെ ഹാൻഡ്പവർ വല്ലാതെ വർദ്ധിച്ചിരിക്കുന്നതായി പിതാംബർജിയ്ക്കു ബോധ്യപ്പെട്ടു.

കലിപ്പിൽ തന്നെ നില്ക്കുകയായിരുന്ന പയ്യൻമാരെ സമാധാനിപ്പിക്കാനായി പീതാംബർജി പറഞ്ഞു.

നമ്മൾ സെൽഫ് ഹെൽപ്പേഴ്സിന് അമ്മ, പെങ്ങൾ എന്നൊന്നുമില്ല.

ആ സനാതന സത്യം കേട്ട് പിള്ളേർ അമ്പരന്ന് മുഖാമുഖം നോക്കി. പീതാംബർജി പറഞ്ഞത് അക്ഷരംപ്രതി ശരിയാണെന്ന് പത്രംവായിക്കുന്ന ഏതൊരുവനും ബോധ്യമുള്ള കാര്യമായിരുന്നു. പത്രം വായിക്കുന്ന ശീലമില്ലാതിരുന്നതുകൊണ്ട് പിള്ളാർക്കത് മനസ്സിലായില്ല.

പീതാംബർജിക്ക് മറക്കാനാവാത്ത മുറിവുകൾ നല്കിയ മറ്റൊരു ശിഖരം കൊന്നക്കടവ് ശിഖരമായിരുന്നു. അവിടെ ചിരപുരാതനമായ ഒരു വായനാശാല ഉണ്ടായിരുന്നതുകൊണ്ട് ഒരു ശിഖരം തുടങ്ങാൻ പല വട്ടം ശ്രമിച്ചിട്ടും ആളെ കിട്ടിയില്ല. ഒടുവിൽ ദാമോ

ദർജി ആ ദൗത്യം പീതാംബർജിയെ ഏൽപ്പിച്ചു. കൊന്നക്കടവിൽ ബസിറങ്ങി രണ്ടുനാൾ ചെലവഴിച്ച പീർജിയ്ക്ക് ഒരു കാര്യം ബോധ്യമായി എല്ലാവരും പുസ്തകം വായിക്കുന്നവരാണ്. വിഷം കയറ്റിവിടാൻ പറ്റിയ ഒരുത്തനും അവിടെയില്ല. ഗതികെട്ട പീതാംബർജി അഞ്ചുബംഗാളികളെ ദിവസക്കൂലിക്കെടുത്ത് കായൽപ്പരപ്പിൽ കുറുവടി ചുഴറ്റൽ ആരംഭിച്ചു. ബംഗാളികൾ പണി കഴിഞ്ഞ് ആറുമണിയോടെ സൈറ്റിലെത്തും. ഭാഷയായിരുന്നു ഏറ്റവും വലിയ പ്രശ്നം. ദണ്ഡ എന്നു പറഞ്ഞാൽ ബോണ്ട എന്ന് കേൾക്കുന്ന ജാതികളായിരുന്നു അഞ്ചും.

ഒരിക്കൽ അവന്മാരെയും മേയ്ച്ച് പീതാംബർജി ഒരു പ്രതിഷേധ ജാഥയ്ക്കുപോയി. മറ്റേ പാർട്ടിയിലെ മൂന്നെണ്ണത്തിനെ വെട്ടിയിട്ട സെൽഫ് ഹെൽപ്പറെ വെട്ടുകൊണ്ടവരിലൊരുത്തൻ മരണവെപ്രാളത്തിൽ പിച്ചിയതിൽ പ്രതിഷേധിച്ചായിരുന്നു ജാഥ. രാഷ്ട്രപതി ഭരണം വേണം എന്നതായിരന്നു മുഖ്യ ഡിമാന്റ് വലിയ ആളായി മുന്നേ നടക്കുന്നതിനിടയിൽ ബംഗാളികൾ വിളിക്കുന്ന മുദ്രാവാക്യം ശ്രദ്ധിക്കാൻ പറ്റിയില്ല. അവന്മാരും വാടകയ്ക്കെടുത്ത മറ്റു ബംഗാളികളും കൂടി പിച്ചിയവന്റെ പാർട്ടിക്ക് ജയ് വിളിച്ചത് ആരോ പിടിച്ച് യൂട്യൂബിലിട്ട് നാട്ടാരറിഞ്ഞു നാറ്റക്കേസായി.

ബംഗാളികൾക്ക് ദണ്ഡ ഒരുവിധം വഴങ്ങി വന്നപ്പോഴാണ് നോട്ടുനിരോധനം വന്നത്. എന്നും കുറുവടി അഭ്യാസം തുടങ്ങും മുമ്പ് ഇത്തരം തോന്ന്യാസങ്ങൾ ഏതുവിധേയനയും ന്യായീകരിച്ച് വടിക്കാരെയെങ്കിലും ബോധ്യപ്പെടുത്തണമെന്ന് എല്ലാ ശിഖരങ്ങളിലും തിട്ടൂരമെത്തിയിരുന്നു. തുണ്ടു കടലാസിൽ കുറിച്ചുകൊണ്ടുവന്ന പായന്റ്സ് ഇടയ്ക്കിടെ പാളിനോക്കി പീതാംബർജി അറിയാവുന്ന ഹിന്ദിയിൽ കള്ളനോട്ട് മാഫിയാ കോ യഹ് ഏക് അഡാർ പ്രഹർ ഹേ എന്നുപറഞ്ഞു തീർന്നതും ദാമോദർജിയുടെ ഫോൺ വന്നു. അരശുംകുടി ശിഖരം മുഖ്യവിഷ ദണ്ഡക് കുറുവടി പപ്പനെ 2000 ത്തിന്റെ പുതിയ നോട്ട് പ്രിന്റ് ചെയ്തതിന് പോലീസ് പിടിച്ചുഎന്നതായിരുന്നു ദു:ഖവാർത്ത. പുതിയ രണ്ടായിരത്തിന്റെ നോട്ട് നാട്ടുകാർ കാണും മുന്നേ തന്നെ വ്യാജനിറക്കിയ പപ്പനെ പീതാംബർജി മനസ്സാ നമിച്ചു. അവനാണ് യഥാർത്ഥ സെൽഫ് ഹെൽപ്പർ. ബാക്കി പായന്റ്സ് കൂടി പറഞ്ഞു തീർന്നതും അത്രയും കാലം ഊമയായി ദണ്ഡചുഴറ്റിയിരുന്ന ഒരു നരുന്ത് ബംഗാളി കയ്യിലിരുന്ന ദണ്ഡയെടുത്ത് പീതാംബർജിയുടെ മണ്ട അടിച്ചു പൊളിച്ചു. നാലുമാസത്തെ ആശുപത്രി വാസം കഴിഞ്ഞ് മടങ്ങിവന്നപ്പോഴാണ് ആറുവർഷം പണിയെടുത്ത് ഉറുമ്പു കൂട്ടി വയ്ക്കും പോലെ ബംഗാളി കൂട്ടി വച്ചിരുന്ന ആറരലക്ഷം രൂപ ഒറ്റരാത്രികൊണ്ട് ആവിയായിപ്പോയതിലെ കലിപ്പാണ് തന്നോടവൻ തീർത്തതെന്ന് പീതാംബർജിക്ക് മനസ്സിലായത്.

ആ സംഭവത്തോടെ ഭ്രാന്തായിപ്പോയ ബംഗാളിയെ പിന്നൊരിക്കൽ ബസ്റ്റോപ്പിൽ വച്ച് പീതാംബർജി കണ്ടു. പെട്ടെന്ന് പുറം തിരിഞ്ഞ് ചട്ടുകാലഭിനയിച്ച് സ്ഥലം വിട്ടില്ലായിരുന്നുവെങ്കിൽ പ്രാന്ത കാര്യാലയത്തിൽ ഒരു ഫോട്ടോകൂടി ആണിയിൽ തുങ്ങിയേനെ.

പൂട്ടിയ ശിഖരത്തിലേക്ക് പീതാംബർജി പിന്നീട് പോയില്ല. നോട്ടു നിരോധനം കൊണ്ട് എന്തു എന്നന്തു കിട്ടി എന്ന് ഒരിക്കൽ പീതാംബർജി ദാമോദർജിയോട് രഹസ്യമായി ചോദിച്ചു. ഉടൻ ധ്യാനത്തിലമർന്ന ദാമോദർജി ധ്യാനത്തിനിടെ തന്നെ 'ബോണ്ട' എന്ന് പ്രതിവചിച്ചു.

ധ്യാനത്തിൽ നിന്നുണർന്ന ദാമോദർജിയോട് കേരളത്തിൽ ശാഖാ പ്രവർത്തനം പ്രയാസമാണെന്നും തന്നെ ഉത്തരേന്ത്യയിൽ അയക്കണമെന്നും പീതാംബർജി അപേക്ഷിച്ചു. അന്നേരം വോട്ടുചോദിച്ചു ചെന്ന സെൽഫ് ഹെൽപ്പേഴ്സിനെ ഉത്തരേന്ത്യയിൽ നാട്ടുകാരു വളഞ്ഞിട്ട് പഞ്ഞിക്കിടുന്ന ഒരു വീഡിയോ യൂട്യൂബിൽ പീതാംബർജിക്ക് കാണിച്ചു കൊടുത്തിട്ട് ദാമോദർജി പറഞ്ഞു

അനിയാ... ഇവിടെയാണ് സമാധാനമായി ശിഖരം നടത്താൻ ശേഷിക്കുന്ന ഒരേയൊരിടം. ജാതിമതവെറിയന്മാർ ഇവിടെ കൂടിക്കൂടി വരികയാണ്. സർട്ടിഫിക്കറ്റിൽ പേരുമാത്രമുള്ള പലരും ഫേസ്ബുക്ക് പ്രൊഫൈലിൽ ജാതിയും കൂടി ചേർത്ത് നെഗളിക്കുന്നത് ഒന്നാന്തരം ശുഭസൂചനയാണ്. വാലു മുറിച്ച് മനുഷ്യനാകുന്നതായിരുന്നു പണ്ട് ഫാഷനെങ്കിൽ വാലു ചേർത്ത് കുരങ്ങാകുന്നതാണ് ഇപ്പോൾ ഫാഷൻ. അതുകൊണ്ട് അനിയൻ ധൈര്യമായിട്ട് പോ... അമേദ്യ രാജ്യത്തിലേക്ക് നമ്മൾ അതിവേഗം മുന്നോറിക്കൊണ്ടിരിക്കുകയാണ്.

കാര്യം ശരിയാണല്ലോ എന്ന് പീതാംബർജിക്കും തോന്നി. മടങ്ങിവന്ന പീർജി കുമാരന്റെ ഒഴിഞ്ഞ പറമ്പിൽ പുതിയ ശിഖരം തുടങ്ങി. ശിഖരമങ്ങനെ വലിയ തട്ടുകേടില്ലാതെ മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നപ്പോഴാണ് കത്വയിൽ ഒരു പിഞ്ചു കുഞ്ഞ് സംഘമാനഭംഗത്തിനിരയായി കൊല്ലപ്പെട്ടത്. ആവിഷയത്തിലെ മറുപടിക്കാണ് ശിഖരത്തിൽ വന്ന ദണ്ഡ അഭ്യാസികൾ പീതാംബർജിയെ വളഞ്ഞത്.

ദണ്ഡ അഭ്യാസം കഴിഞ്ഞ് പീതാംബർ ജി കത്വ സംഭവത്തെ ന്യായീകരിച്ച് ഒരു വലിയ കുടം വിഷം കമിഴ്ത്തി. വലുതാകുമ്പോൾ സൈന്യത്തെ കല്ലെറിയാൻ ചാൻസുള്ള കുട്ടിയായതുകൊണ്ട് സംഭവിച്ചതിൽ തെറ്റില്ല എന്നായിരുന്നു പറഞ്ഞതിന്റെ സാരം. നവശിഖരങ്ങൾ അത് കേട്ട് പുളകിതരാകുകയും പീർജി പറഞ്ഞത് വള്ളിപുള്ളിവിടാതെ ടൈപ്പുചെയ്ത് ഫേസ്ബുക്കിലിടുകയും ചെയ്തു. പീതാംബർജിയ്ക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി. ഈ നാടും മാറി വരുന്നുണ്ട്. തലയിലെ കുറുവടിപ്പാട് തലോടിക്കൊണ്ട് പീതാംബർജി ഉച്ചത്തിൽ വിളിച്ചു. സനാതനധർമ്മംനീണാൽ വാഴട്ടെ.

********************************

ഉണ്ണി എങ്ങനെ പിറവികൊണ്ടു എന്ന കാര്യം നാട്ടിൽ പാട്ടാണ്. നാട്ടുകാരുടെ കുശുകുശുപ്പൊഴിവാക്കാൻ കണ്ണപ്പൻ നോക്കിയിട്ട് ഒറ്റ മാർഗ്ഗമേ മുന്നിൽ തെളിഞ്ഞുള്ളു. ഉണ്ണിയുടെ അച്ഛൻ താനാണെന്ന് വലിയൊരു ഫ്ളക്സ് അടിച്ചു വയ്ക്കുക. നേരെ ഫ്ളക്സ് ഓഫീസിൽ ചെന്ന് ഉണ്ണിയുടെ പടവും അതിനു താഴെ ഇത് എൻ പൊന്മകൻ എന്നൊരു വാചകവും ചേർത്ത് രണ്ടു ഫ്ളക്സ് ആക്കി കാന്റീൻ ഭിത്തിയിൽ കൊണ്ട് ചാരി വച്ചു. ഉണ്ണി നിങ്ങൾ വിചാരിക്കുമ്പോലൊന്നുമല്ല ഈ എന്റെ തന്നെയാണെന്നു വിളിച്ചു പറയുമ്പോൾ ഉള്ള ഒരു മനസ്സുഖം കണ്ണപ്പൻ ശരിക്കും ആസ്വദിക്കുന്നുണ്ടെന്നു ഫ്ളക്സ് കണ്ടാലറിയാം.

ബിപ്ലവദേവകുമാർ എന്നാണ് ഉണ്ണിക്ക് പേരിട്ടത്. ബി

പ്ളവം എന്ന വാക്കിന് കണ്ണപ്പന്റെ ആൾക്കാരെ സംബന്ധിച്ച് പൊതു വ്യവഹാരത്തിലെ അർഥമല്ല ഉള്ളത്. കലാപം, തീവയ്പ്, ശൂലംകുത്ത്, ട്രെയിൻ കത്തിക്കൽ, ആൾക്കാരെ പാകിസ്താനിലേക്ക് വിടൽ എന്നൊക്കെയാണ് അവരുടെ നിഘണ്ടുവിൽ വിപ്ലവം എന്ന വാക്കിനർത്ഥം. പാകിസ്താൻ കൂടാതെ മ്യാന്മാർ ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ, തുടങ്ങിയ ചോട്ടാ രാജ്യങ്ങളിൽ നിന്ന് ഇതര മതക്കാരെ ഓടിച്ചശേഷം അവയും കൂടി ഈ രാജ്യത്തോട് ചേർത്തു അഖണ്ഡഭാരതം നിർമ്മിക്കണം എന്ന പ്രായോഗികതയിലൂന്നിയ രാഷ്ട്രസങ്കല്പമാണ് അവർക്കുള്ളത്. അതുകൊണ്ട് സോഷ്യലിസം ജനാധിപത്യം എന്നൊക്കെ കേൾക്കുമ്പോൾ വരട്ടു ആശയങ്ങൾ ആണെന്ന് കണ്ണപ്പന്മാർക്കു തോന്നും കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

കണ്ണപ്പൻമാരുടെ ശാസ്ത്രദർശനം ഇതിലും കിടിലനാണ്. മരവുരി ചുറ്റി നടന്ന ഭാരത മുനിമാർ ഇന്റർനെറ്റ്, വാക്വം ക്ലീനർ, സി.ഡി. പ്ലയർ മൊബൈൽ ഫോൺ തുടങ്ങിയവ ഉപയോഗിച്ചിരുന്നു എന്നും അതിന്റെയെല്ലാം പ്ലാന്റുകൾ പിന്നീട് മുഗൾ ആക്രമണത്തിൽ നശിപ്പിക്കപ്പെട്ടു എന്നുമാണ് ഉണ്ണികൾ പഠിക്കുന്ന ശാസ്ത്രം. ഗൂഗിൾ മാപ്പ് പോലെ ഒരു സാധനം അന്നുണ്ടായിരുന്നു എന്നും നാഗമിഴി എന്നായിരുന്നു അതിനു പേരെന്നും അതുനോക്കി യുദ്ധഭൂമിയിലേക്കു പോകുമ്പോൾ റേഞ്ച് പോയതുകാരണം അഭിമന്യു ചക്രവ്യൂഹത്തിൽ അകപ്പെടുകയായിരുന്നു എന്നുമാണ് പറയുന്നത്. ജാക്കി പോലുള്ള മണ്ടൻ കണ്ടുപിടിത്തങ്ങളിൽ പുരാതന ഇന്ത്യക്കാർക്ക് താല്പര്യമില്ലാതിരുന്നതിനാലാണ് കർണ്ണന് തേർ ടയർ പൊക്കി എടുക്കാൻ സാധിക്കാഞ്ഞതും ജീവൻ നഷ്ടപ്പെട്ടതും. യുദ്ധം തീരും വരെ ഭീഷ്മർ മരിക്കാതെ കിടന്നത് വെന്റിലേറ്റർ സഹായത്തോടെ അല്ലെങ്കിൽ പിന്നെങ്ങനെയാണ്. അയാൾ വെള്ളം ചോദിച്ചപ്പോൾ അർജ്ജുനൻ അമ്പെയ്തത് മണ്ണിനടിയിലൂടെ പോയിരുന്ന വാട്ടൻ അതോറിറ്റി പൈപ്പിലേക്കായിരുന്നു എന്ന് പ്രത്യേകിച്ച് പറയണോ. വെള്ള പൈപ്പ് എയ്തു പൊട്ടിക്കാൻ ഏതു മന്ദനും സാധിക്കുമെന്നിരിക്കെ ഭീഷ്മർ അർജുനനെ തന്നെ വിളിച്ചതെന്തിനെന്നു ചിലർ ചോദിച്ചേക്കാം. മണ്ടൻചോദ്യം. ഗ്യാസ്പൈപ്പ് ലൈനും മണ്ണിനടിയിൽകൂടി പോയിട്ടുണ്ടായിരുന്നല്ലോ. ഉന്നം മാറിപ്പോയാൽ തീർന്നില്ലേ കാര്യം.

കണ്ണപ്പന്മാരുടെ നൂതന ആശയങ്ങൾ ഇനിയും ഒരു പാടുണ്ട്. സായിപ്പന്മാരാണ് ഇതൊക്കെ കണ്ടുപിടിച്ചതെന്നുള്ള പ്രചരണം വരട്ടു വാദമാണ്. ആ വരട്ടു ആശയങ്ങൾ തള്ളിക്കളഞ്ഞ് സിവിൽ സർവ്വീസിന് പറ്റിയത് സിവിൽ എൻജിനീയർമാർ ആണെന്നും വാത്സ്യായനൻ മെനക്കെട്ടിരുന്നു സി.ഡി. കണ്ടിട്ടാണ് കാമസൂത്രം എഴുതിയതെന്നും ഉള്ള ഉദാത്തവും നവീനവുമായ ആശയങ്ങൾ നെഞ്ചേറ്റിയ ത്രിപുരൻ ജനതയ്ക്കാണ് അഭിനന്ദം അറിയിച്ചു ഫ്ളക്സ് വച്ചിരിക്കുന്നത്.

ടെസ്റ്റ് എഴുതി തന്നെയാണോ ഈ കണ്ണപ്പന്മാർ ജോലിക്കു കയറിയെതെന്നു പ്രമാണ പരിശോധനയ്ക്ക് വരുന്ന വല്ല പിള്ളേരും ഫ്ളക്സ് കണ്ട് ചോദിച്ചാൽ എന്തു മറുപടി പറയുമെന്നാണ് ഇപ്പോ ജീവനക്കാരുടെ അങ്കലാപ്പ്.

**********************

വിസ്താര ഭയം മൂലം ബാഹുബലി ഒന്നിലും രണ്ടിലും കാണിക്കാതെയും പരാമർശിക്കാതെയും പോയ ഒരു ഭൂഭാഗം കൂടി മഹിഷ്മതി സാമ്രാജ്യത്തിലുണ്ട്. സാമ്രാജ്യത്തിന്റെ വടക്കു കിടക്കേ മൂലയോട് ചേർന്നുള്ള ചെറിയ ഒരു പ്രദേശം. മഹിഷ്മതി സാമ്രാജ്യത്തിന്റെയും റീജന്റ് ശിവകാമി ദേവിയുടെയും സർവ്വ ഐശ്വര്യങ്ങൾക്കും കാരണമായ ഒമർ സ്വർണ്ണ ഖനി.

ഖനിയുമായി ബന്ധപ്പെട്ട രണ്ടു നെടുങ്കൻ സീനുകൾ രാജമൗലി കോടികൾ ചെലവാക്കി സെറ്റിട്ടു ഷൂട്ട് ചെയ്തെങ്കിലും അതും കൂടിയാകുമ്പോൾ പടത്തിന് നീളം കൂടിപ്പോകുമെന്ന് കണ്ട് പിന്നീട് ഒഴിവാക്കി. ബാഹുബലി ഒന്നും രണ്ടും ഭാഗങ്ങൾ മലയാളികൾ ഇരുകൈയ്യും നീട്ടി സ്വീകരിച്ചവയാകയാൽ സിനിമയിൽ കാണാനാകാതെ പോയ സ്വർണ്ണഖനി സീക്വൻസുകൾ ഇവിടെ ഒന്നു പകർത്തുന്നത് ഏവർക്കും കൗതുകകരമായിരിക്കും എന്നു തോന്നുന്നു.

**(ബാഹുബലി ഒന്ന്; മൂലതിരക്കഥ സീൻ 17)**

(പകൽ, അകം)

(ശിവകാമി ദേവിയുടെ അറ. സിങ്കാസനത്തിൽ വെറ്റിലയിൽ നൂറു തേച്ചുകൊണ്ടിരിക്കുന്ന ശിവകാമി. ഏറുകൊണ്ട ശുനകനെപ്പോലെ കട്ടപ്പ പാഞ്ഞുവരുന്നു. വെറ്റില, ചെല്ലത്തി ലേക്കിട്ട് ശിവകാമി കട്ടപ്പയെ നോക്കുന്നു)

ശിവകാമി: എന്ന കട്ടപ്പാ ?

കട്ടപ്പ: ഒമർഖനിയിൽ നിന്നുമുള്ള പൈങ്കുനിമാസത്തെ തങ്കവരവ് റൊമ്പ കമ്മി...
(ശിവകാമി കോപം കൊണ്ട് ജ്വലിക്കുന്നു.)

ശിവകാമി: അതുക്ക് എന്ന റീസൺ?

കട്ടപ്പ: മണ്ണീന്നു തങ്കം തോണ്ടി വെളിയിലെ പോടണ യെന്തിരങ്ങൾ റൊമ്പ വീക്ക്. മൊത്തം അണ്ടർ റിപ്പയർ.

ശിവകാമി: അന്ത ഖനിയിലെ യാരെല്ലാം ഇപ്പ മേശിരി?

കട്ടപ്പ: (ഓലയെടുത്തു നോക്കി) മൂത്താശാരി ചില്ലപ്പൻ, ഇളയാശാരി മൽഗുണൻ, ചിന്നമേശിരി മാർ രായു, കോമു, എപ്രൻ, കീലൻ, ചിരുത.....

ശിവകാമി: എല്ലാവനേം തെക്കുവടക്കു പായീരു കട്ടപ്പാ..... ഇനിമേൽ ഖനി എൻ ഡയറക്ട് ശാസനത്തിൻ കീളെ... എല്ലാം എൻ പേച്ചുമാതി നടക്കവേണം... ഇത് എൻ കട്ടളൈ... എൻ കട്ടളൈ
താൻ ശാസനം....

കട്ടപ്പ: അപ്പോ അങ്കെ ഉള്ള ചിന്നറാണിക്ക് എന്ന വേലൈ?

ശിവകാമി: മൈന്റ് ചെയ്യവേണ്ട.... ചുമ്മാ ഇരിക്കട്ടും.......

കട്ടപ്പ: ഓട്ട യന്തിരങ്ങൾ എന്ന ശെയ്യട്ടമ്മാ? കണ്ടം ചെയ്യാൻ ദർഘാസ് പോടട്ടാ ?

ശിവകാമി: ഒന്നുമേ മാറ്റവേണ്ട....... ചിന്ന മേശിരിമാർ പാതിരാവരെ വേലൈ പാക്കട്ടും... തങ്കവരവ് തനിയെ താൻ കൂടും.

കട്ടപ്പ: ഖനിക്കുള്ളേ പെരിയ ശീതം..... വിഷ ആവികൾ, പൊടി, കിടി എല്ലാം ഇരുക്ക്..... ഓവർടൈം ആരും താങ്കമാട്ടേ.... ഒരു പ

യൽ ഇപ്പതന്നെ അഡ്മിറ്റ്.
(ശിവകാമി ചാടിയെണീറ്റ് പന്നിപ്പടക്കം പോലെ പൊട്ടിത്തെറിക്കുന്നു)

ശിവകാമി: കട്ടപ്പാ.... അന്ത ഖനി ഉഴയ്പാളികൾ ഉഴപ്പന്മാർ.... വെറും കൂലീസ്... ബെഗേഴ്സ്... ട്രോളി പുള്ളേഴ്സ്.... പണിയെടുത്തു ചാകട്ടും...എൻ കട്ടളൈ കൽകട്ടളൈ.... പോ
(കട്ടപ്പ തല കട്ടളയിൽ തട്ടാതെ ശ്രദ്ധിച്ചു പുറത്തേക്കു പോകുന്നു)

കട്ടപ്പ: (ആത്മഗതം) ഈ തള്ളയ്ക്കെന്ന പൈത്യമാ.....

**(കട്ട്)**

സീൻ 54 (മൂലതിരക്കഥ: ബാഹുബലി 2)
(പകൽ, പുറം)
(ഒമർ ഖനിയുടെ പരിസരം)
(നാടുകാണാനിറങ്ങിയ ശിവകാമി പരിവാരസമേതം അവിടേക്ക് അടുക്കുന്നതിന്റെ വിദൂരദൃശ്യം)

**സീൻ 54എ**

(ഖനിയുടെ പരിസരം കൂടുതൽ വ്യക്തമാക്കുന്ന ഒരു പനോരമിക് ഷോട്ട്. പൊടിക്കാറ്റ് വീശിയടിക്കുന്നു. സ്വർണം ഊറ്റിയ ശേഷം ഉപേക്ഷിച്ച വിഷമണ്ണിന്റെ കൂനകൾ തലങ്ങും വിലങ്ങും. അവയ്ക്കിടയിലെ കുറ്റിക്കാട്ടിൽ നിന്ന് തല നീട്ടുന്ന ഒരു രാജവെമ്പാല. അടിച്ചു ഫിറ്റായി രാജവെമ്പാലയെ മൈൻഡ് ചെയ്യാതെ അടിയാടി നടന്നുപോകുന്ന ഒരു നച്ചെലി...

**സീൻ 54ബി**

(ഖനിയുടെ അകം. ശീതത്തിൽ ഉറഞ്ഞു പണിയെടുക്കുന്ന കരിക്കോലങ്ങൾ മണ്ണ് കുടുങ്ങി കേടായ ഒരു യന്ത്രം പൊളിച്ചു നന്നാക്കുന്ന കാലകേയൻ. അയാളുടെ പേച്ചു മനസ്സിലാകാതെ വാ പൊളിച്ചു നിൽക്കുന്ന കല്ലാശ്ശാരി..... അല്പം മാറി ഒരു യന്ത്രവുമായി പോരാടി നിൽക്കുന്ന ചിരുത. ജോലിയിലെ അവളുടെ ആത്മാർത്ഥത.... ചിരുതയുടെ മുഖം ക്ലോസ് അപ്പ്. ജോലിയുടെ വിരസത മാറ്റാൻ അവൾ ഒരു പാട്ടു പാടുന്നു.

ചിരുത: (പാടുന്നു) കണ്ണാ ജന്മം പോയെടാ.....
കണ്ണാ ജന്മം പോയെടാ.....
(മറ്റു തൊഴിലാളികൾ ആവേശം ചോർന്നു പോയ ശബ്ദത്തിൽ അതേറ്റു പാടുന്നു)

**സീൻ 55 സി**

(ഖനിക്കു പുറം... ഖനിവാതിലിന് സമീപമെത്തി മഞ്ചലിൽ ഇരുന്നു പാട്ട് ശ്രദ്ധിക്കുന്ന ശിവകാമി.... അവരുടെ മുഖം കോപം കൊണ്ട് ചുവക്കുന്നു. തൊട്ടുപിന്നിൽ ഒരു ചാവാലിക്കുതിര പാഞ്ഞുവന്നു സഡൻ ബ്രേയ്ക്കിൽ നിൽക്കുന്നു. അതിൽ ട്രിപ്പിൾ അടിച്ചു വന്നിരിക്കുന്നത് പൾവാർ ദേവൻ, കട്ടപ്പ, ബാഹുബലി എന്നിവർ)

ശിവകാമി: (അലറുന്നു) കട്ടപ്പാ.......
(കട്ടപ്പ കുതിരമേൽ നിന്ന് ചാടിയിറങ്ങി വണങ്ങുന്നു)

കക്കപ്പ: എന്നമ്മാ.....

ശിവകാമി: അതെന്ന ചബ്ദം...

കട്ടപ്പ: (കാതോർക്കുന്നു) അന്ത ചിരുതപ്പെണ്ണ് പാടുത്. ഖനിയ്ക്കുള്ളെ പാട്ട് പെരിയ ആശ്വാസം...

ശിവകാമി: കട്ടപ്പാ.... അന്ത ചിരുതാവോടെ നാവ് കട്ട് പണ്ണ്.... പാട്ട് കീട്ട് ഒന്നും അങ്കെ വേണ്ട.....

ബാഹുബലി: അമ്മാ നീ എതുക്ക് പ്രജാവേ ഇപ്പടി ശുമ്മാ ചൊറിഞ്ഞ് തൊല്ല പണ്ണറുത്... അവരോട് ഉനക്കെന്ന വിരോധം?

കട്ടപ്പ: സത്യം..... പോയ മാതം തങ്ക വരവ് റൊമ്പ പ്രമാദം. എല്ലാ മേശിരിങ്കളും ആത്മാർത്ഥമാ വേലൈ പാക്കറുത്....

ശിവകാമി: യേ ബാഹ്... വായെ മൂട്... കട്ടപ്പാ അവങ്കളുടെ വേല ടൈം ഇനി മേൽ ട്വന്റി ഫോർ അവേഴ്സ്.... തങ്ക വരവ് കുമിയട്ടും. ഇന്ത ശിവകാമിക്ക് പേരിയ അരശി ആക വേണ്ടും..... അന്ത തെങ്കാശി മധുരൈ ദിണ്ഡിഗൽ റാണിമാരൊന്നും എൻ മേലെ പൊങ്ങക്കൂടാത്....

കട്ടപ്പ: അമ്മാ ഇന്ത കൂലിക്ക് യാരുക്കും ടൊന്റി ഫോർ അവേഴ്സ് വേല പാക്കമുടിയാത്.

ശിവകാമി: കട്ടപ്പാ... ഇത് തൊഴിലില്ലാപ്പടൈ നാട്... ഇതിലും പാതി കൂലിക്ക് ഖനിവേല ചെയ്യാൻ ആളിര്ക്ക്.... ഉനക്ക് പാക്കണമാ....

കട്ടപ്പ: അത് തപ്പ്... അന്യായം.... പാതി കൂലിക്ക് ഉങ്കള വേല പാക്കാനും ഇങ്കെ ആളിറുക്ക്... ഉനക്ക് പാക്കണമാ.....
(ബഹളം കേട്ട് എത്തി നോക്കിയ ഖനി തൊഴിലാളികൾ കട്ടപ്പയ്ക്കു കൈയ്യടിക്കുന്നു. കട്ടപ്പ. പൊന്നപ്പ... എന്ന് താളത്തിൽ വിളിക്കുന്നു. കോപം ജ്വലിച്ച ശിവകാമി കട്ടപ്പയ്ക്കു നേരെ കട്ടപ്പാ എന്നലറി കൊണ്ട് വാളൂരി വീശുന്നു. ഓടി മാറാൻ ടൈം ഇല്ലല്ലോ എങ്കിൽ പിന്നെ വീരനായിക്കളയാം എന്ന ആലോചലനയിൽ കട്ടപ്പ് തല നീട്ടി നിൽക്കുന്നു. വാൾ കഴുത്തിൽ എത്തും മുൻപ് വാൾമുനയിൽ പിടിക്കുന്ന ബാഹുബലി. കൈ എട്ടൊമ്പത് സ്റ്റിച്ചിന് മുറിഞ്ഞിട്ടും വാൾ വിടാത്ത ബാഹുബലി. അയാളുടെ മുഖത്തെ വീരരസം. ഖനി ഉഴയ്പാളികൾ ബാഹുബലിക്ക് ജയ് വിളിക്കുന്നു. ആ തക്കം നോക്കി ഓടി രക്ഷപ്പെടുന്ന കട്ടപ്പ)

കട്ടപ്പ: (ആത്മഗതം) ഈ പെണ്ണുമ്പിള്ളയ്ക്ക് പൈത്യം......
(പൊടുന്നനെ വീശുന്ന പൊടിക്കാറ്റിൽ എല്ലാം മറയുന്നു)


**(കട്ട്)**

കഥാഘടനയിൽ കാര്യമായ പുരോഗതി സംഭാവന ചെയ്യാനില്ലായിരുന്ന ഈ സീനുകൾ എഡിറ്റിംഗ് വേളയിൽ രാജമൗലി മുറിച്ചുമാറ്റി. എങ്കിലും ഇപ്പോൾ വിപണിയിലുള്ള തിരക്കഥയിൽ ഈ രണ്ടു സീനുകളും ഉൾപ്പെട്ടിട്ടുള്ളത് ആസ്വാദകർക്കും ചലച്ചിത്രവിദ്യാർത്ഥികൾക്കും ഏറെ പ്രയോജനകരമാണ്.

*****************

കവിത

**രവികിരൺ.കെ.പി.**



# ചാരുത

കാർവർണ്ണ വാനം കാറ്റിന്റെ താളം
താളത്തിൽ പറക്കുന്ന പഞ്ഞിയാം മേഘം

കാറ്റിന്റെ താളത്തിൽ ആലിന്റെയിലകൾ
കസവുകൾ നെയ്യുന്നു വാനിന്റെ തറിയിൽ

പൊന്നിൻ കസവുകൾ വാനിൽ തെളിയുന്നു
പൊട്ടുകൾ തീർക്കുന്നു പൊന്നിന്റെ സൂര്യൻ



കാറ്റിന്റെയീണത്തിൽ പാടുന്ന കിളികൾ
കുയിലുകൾ കൂകുന്നു മറുകൂക്കു കേൾക്കുവാൻ




കാറ്റിന്റെ താളത്തിലാടിയുലയുന്ന
കൊന്നയിലെത്തുന്നു ചെമ്പോത്തങ്ങൊത്തിരി

അമ്പല മണികളും ഒത്തിരി മുഴങ്ങുന്നു
സൂര്യാംശു വീഴുന്നു പൊന്നിൻ നിറത്തിലായ്

പ്രകൃതിതൻചാരുത നമ്മെയുണർത്തുന്നു
പ്രഭാതത്തിന്നാലസ്യം വിട്ടങ്ങു മാറുന്നു

അന്നത്തെ കർമ്മങ്ങൾ ജീവിത ധർമ്മങ്ങൾ
ചെയ്യുവാനരുളുന്നു പ്രഭാതത്തിൻ ചാരുത



വൈ. സലാഹുദ്ദീൻ ആലപ്പുഴ

# ഗോവയിലേക്കൊരു ബൈക്ക് യാത്ര

നീലാകാശം, പച്ചകടൽ ചുവന്ന ഭൂമി എന്ന സിനിമയിൽ നായകൻ നാഗാലാന്റിലേക്കൊരു ബൈക്ക് യാത്ര നടത്തുന്നുണ്ട്. അതിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് താരതമ്യേന അടുത്തായ ഗോവയിലേക്ക് ബൈക്കിൽ സഞ്ചരിക്കാനൊരുങ്ങിയത്. യാത്രകളിൽ ഏറ്റവും സാഹസികവും ആനന്ദപ്രദവുമായത് ബൈക്ക് യാത്ര തന്നെയാണ്. മഴയും വെയിലും അതിജീവിക്കുകയെന്നതാണ് അതിലെ പ്രധാന സാഹസികത. എന്നാൽ എത്ര അകലെയുള്ള പ്രദേശത്ത് എത്തിയാലും തൊട്ടടുത്ത ഒരു നാട്ടിൽ എത്തിയ തോന്നൽ മാത്രമേയുണ്ടാവൂ. പിന്നിട്ട വഴികളും കാഴ്ചകളും എക്കാലവും ഓർത്തു വെക്കാൻ ബൈക്ക് യാത്ര തന്നെയാണുത്തമം.


പലരും ആദ്യം തയ്യാറായിരുന്നുവെങ്കിലും അവസാനം പതിവുപോലെ ഞങ്ങൾ രണ്ടുപേർ മാത്രമാണ് യാത്ര തുടങ്ങിയത്. GS-150 ബൈക്കിൽ ആലപ്പുഴയിൽ നിന്നും രാവിലെ 6 മണിക്ക് പ്രയാണമാരംഭിച്ചു. കൊടുങ്ങല്ലൂർ റൂട്ടിലൂടെ സഞ്ചരിച്ച ഞങ്ങൾ ചാവക്കാട് നിന്നും പ്രാതൽ കഴിച്ചു. ഒരു മണിയോടെ കോഴിക്കോട് നഗരവും ബീച്ചും പിന്നിട്ട് കുറച്ച് സമയം കാപ്പാട് ബീച്ചിൽ വിശ്രമിച്ചു. ഇന്ത്യാ ചരിത്രം തന്നെ മാറ്റി മറിക്കുന്നതിൽ പങ്കുവഹിച്ച ആ ബീച്ചിൽ അതിന്റെ ഗൗരവം ഇന്നും അനുഭവപ്പെടുന്നു. റോഡിന് കിഴക്ക് വശത്തായി കണ്ണെത്താദൂരത്തോളം ഇടതൂർന്ന് നിൽക്കുന്ന കൽപക

വൃക്ഷക്കൂട്ടങ്ങൾ ഒരു പ്രത്യേക ദൃശ്യ ഭംഗി നൽകുന്നു.

ഉച്ചഭക്ഷണത്തിന് തലശ്ശേരി ബിരിയാണിയാകാമെന്ന് കണക്കുകൂട്ടിയ ഞങ്ങൾ കൊയിലാണ്ടി-വടകര മാഹി നഗരങ്ങൾ താണ്ടി തലശ്ശേരിയിലെത്തി. ഗോവ നഗരത്തിന്റെ ഒരു ചെറുപതിപ്പ് തന്നെയാണ് മാഹി, എല്ലാ അർത്ഥത്തിലും. സമയം 3 മണി കഴിഞ്ഞിരുന്നെങ്കിലും ഞങ്ങൾക്ക് നിരാശപ്പെടേണ്ടി വന്നില്ല. മംഗലാപുരത്ത് രാത്രി തങ്ങാമെന്നുദ്ദേശിച്ചാണ് യാത്ര. എന്നാൽ കണ്ണൂർ പിന്നിട്ടപ്പോൾ തന്നെ മഴയുടെ തടസ്സവാദങ്ങൾ തുടങ്ങി. റെയിൻ കോട്ടൊന്നും കരുതിയിട്ടില്ലാത്തതിനാൽ പലയിടത്തും കയറി നിൽക്കേണ്ടിവന്നു. കാസർകോട്ടെത്തിയപ്പോൾ രാത്രി 8 മണിയായതിനാൽ അടുത്തുകണ്ട ഒരു ലോഡ്ജിൽ തമ്പടിച്ചു.

പിറ്റേന്ന് രാവിലെ 7 മണിയോടെ തുടർയാത്രയാരംഭിച്ചു. പോകുന്ന വഴിയിൽ ഉള്ളാർ ദർഗയെന്ന തീർത്ഥാടന കേന്ദ്രത്തിലൊന്നു കയറി. പൊതുവെ തീർത്ഥാടന കേന്ദ്രങ്ങൾ ഓരോ മതവിശ്വാസങ്ങളുമായി ബന്ധപ്പെട്ടതാണെങ്കിലും മതസൗഹാർദ്ദകേന്ദ്രങ്ങളാണ് മിക്കതും. വിവിധ മതവിശ്വാസികൾ അവിടങ്ങളിൽ വന്ന് ഒരു മിച്ച് പ്രാർത്ഥിക്കുന്നത് കാണുമ്പോൾ നാനാത്വത്തിലെ ഏകത്വം പ്രകടമാകുന്നു. മംഗലാപുരത്ത് നിന്നും പ്രാതൽ കഴിച്ചുകൊണ്ട് യാത്രതുടർന്നു. വഴിയോരകാഴ്ചകൾ നന്നായി ആസ്വദിച്ചുകൊണ്ട് മുന്നേറുമ്പോൾ ഒരു കന്നട പോലീസ് യാത്ര തടഞ്ഞു. ഹെൽമറ്റ് ധരിക്കാത്തതിന് പിഴ ഒടുക്കണമെന്ന് പറഞ്ഞു അപ്പോഴാണ് പിന്നിലിരിക്കുന്നവർക്കും ഹെൽമറ്റ് നിർബന്ധമാണെന്നറിഞ്ഞത്. കേരളത്തിലെ സർ





ക്കാർ ജീവനക്കാരാണെന്നും ടൂറിസ്റ്റുകളാണെന്നുമൊക്കെ പറഞ്ഞു തടിയൂരി. എന്തായാലും പിന്നീടത്തരം പ്രശ്നങ്ങളൊന്നുമുണ്ടായില്ല. ഗോവ-മംഗലാപുരം ഹൈവേ പൂർണതയിലെത്തിയിട്ടില്ലാത്തതിനാൽ ചിലയിടങ്ങളിൽ പാത ദുർഘടമായിരുന്നു. ഉടുപ്പിയിലെത്തുന്നതിന് മുമ്പായി ശക്തമായ മഴ തുടങ്ങി. ഞങ്ങൾ അടുത്ത കണ്ട ഒരു ബാങ്കിൽ കയറി നിന്നു 2 മണിക്കൂറോളം അവിടെ തങ്ങേണ്ടിവന്നു. ടൈം ഷെഡ്യൂളാകെ തെറ്റുമെന്നുറപ്പായി. എങ്കിലും മഴയുടെ ശക്തികുറഞ്ഞപ്പോൾ യാത്ര തുടർന്നു. പലയിടത്തും അതുപോലെ കയറി നിൽക്കേണ്ടിവന്നു.

സഹ്യനെയും അറബിക്കടലിനെയും വേർതിരിക്കുന്ന ഏറെക്കുറെ വിജനമായ താഴ്‌വരയിലൂടെ ഞങ്ങൾ കുതിച്ചു. കിലോമീറ്ററുകൾ നീളുന്ന ബീച്ചുകൾ യാത്രക്കാവേശം പകർന്നു. 4 മണിയോടെ മുരുടേശ്വര ക്ഷേത്രാങ്കണത്തിലെത്തി. കടലിലേക്കിറങ്ങി നിൽക്കുന്ന മനോഹരമായ ക്ഷേത്ര സമുച്ചയം. ലോകത്തിലെ ഏറ്റവും ഉയരമുള്ള ശിവപ്രതിഷ്ഠ ഇവിടെ തീരക്കടലിൽ സ്ഥിതിചെയ്യുന്നു. 10 നിലയിലധികം ഉയരമുള്ള ക്ഷേത്രഗോപുരത്തിന്റെ മുകളിലെത്താൻ ലിഫ്റ്റ് സംവിധാനമുണ്ട്. മുകളിൽ നിന്നുള്ള കടൽക്കാഴ്ചകളും തീരകാഴ്ചകളും അതിമനോഹരമാണ്.

കാലാവസ്ഥ അത്ര പന്തിയല്ലാത്തതിനാൽ ഞങ്ങൾ ഉടനെ തന്നെയാത്ര തുടർന്നു സന്ധ്യയായിത്തുടങ്ങി. രാത്രി വൈകിയാണെങ്കിലും ഗോവയിലെത്താമെന്ന് കരുതി ഞങ്ങൾ കുതിച്ചു. മഴക്കാർ മൂടിയ വിജനമായ കാർഷിക മേഖലയിലൂടെയുള്ള യാത്ര ലേശം ഭയമുളവാക്കിയെങ്കിലും വഴിയോരങ്ങളിൽ ചിലയിടത്ത് പച്ചക്കറികൾ വിൽപന നടത്തുന്ന കർഷകരെ കാണാമായിരുന്നത് ആശ്വാസം പകർന്നു. രാത്രിയായി. വഴിചോദിക്കാൻ പോലും ആരെയും കാണാനില്ല. കുറെദൂരം പിന്നിട്ടപ്പോൾ ഒരു തട്ടുകട ദൃശ്യമായി. ലോറി ഡ്രൈവർമാരുടെ ഇടത്താവളമാണവിടം. ഒരു മലയാളി ഡ്രൈവറെ പരിചയപ്പെട്ടു. തുടർ യാത്രയിലെ അപകടങ്ങളെക്കുറിച്ച് അയാൾ മുന്നറിയിപ്പ് തന്നു. ഗോവയിലേക്കുള്ള വനപാതകളിൽ രാത്രി കൊള്ളക്കാരുടെ ശല്യമുണ്ടെന്നും അതിനാൽ 50 കി.മീ. കഴിഞ്ഞ് കർവാർ എന്ന പട്ടണത്തിൽ തങ്ങുന്നതാണു ചിതമെന്നും ഉപദേശിച്ചു. എന്നാൽ അവിടെ താമസ സൗകര്യം ലഭ്യമാണോയെന്നറിയില്ലെന്നും അദ്ദേഹം പറഞ്ഞു. അതോടെ ഞങ്ങൾ ആശങ്കയിലായെങ്കിലും ഒന്നരമണിക്കൂർ കഴിഞ്ഞ് 9 മണിയോടെ കാർവാറിലെത്തിയപ്പോൾ സമാധാനമായി. ഒരു തികഞ്ഞ പട്ടണം. ധാരാളം ഹോട്ടലുകളും പാർക്കുകളുമുണ്ട്. തീരസംരക്ഷണ സേനയുടെ ഒരു പ്രധാനകേന്ദ്രമാണവിടം. നല്ലതെന്നു കണ്ട ഒരു ഹോട്ടറിൽ മുറിയെടുത്ത ഞങ്ങൾ രാത്രിയൊന്നു നഗരം ചുറ്റാനിറങ്ങി. വൈവിധ്യമാർന്ന മത്സ്യവിഭവങ്ങളായിരുന്നു അവിടുത്തെ പ്രത്യേകത. KFC മാതിരിയുള്ള മീൻ ഫ്രൈയാണ് ഞങ്ങൾക്ക് കൂടുതലിഷ്ടപ്പെട്ടത്.

പിറ്റേന്ന് രാവിലെ പ്രാതലും കഴിഞ്ഞാണ് ഞങ്ങൾ പുറപ്പെട്ടത്. മധുരമുള്ള ഉപ്പ്മാവ് ഒരു പുതിയ അനുഭവമായിരുന്നു. കർണാടക-ഗോവ അതിർത്തി കടന്നാൽ വനമാണ്. കാനനഭംഗിയാസ്വദിച്ചുകൊണ്ട് തിരക്കില്ലാത്ത വനപാതയിലൂടെയുള്ള ബൈക്ക് യാത്ര ഒരു പ്രത്യേകാനുഭവം തന്നെയാണ്. വനാതിർത്തികടന്നാൽ ഗ്രാമങ്ങളാണ്. വിശാലമായ നെൽപാടങ്ങളും ചെറുതോടുകളും വരമ്പുകളുമൊക്കെ കേരളീയ ഗ്രാമങ്ങളുടെ തനിപ്പകർപ്പ് തന്നെ. ഇടയ്ക്കിടക്ക് പ്രത്യക്ഷപ്പെടുന്ന ചെറുപട്ടണങ്ങളും തെക്കൻ ഗോവയിലെ ചില ബീച്ചുകളും കടന്ന് ഉച്ചയോടെ ഞങ്ങൾ മഡ്ഗോവയിലെത്തി റൂമെടുത്തു. മനോഹരവും വിശാലവുമായ ബീച്ചുകളാണല്ലോ ഗോവയുടെ പ്രത്യേകത. ഉച്ചകഴിഞ്ഞ് വീണ്ടും ഉൾനാടൻ ഗ്രാമങ്ങളിലെ ഒറ്റയടിപ്പാതയിലൂടെ ചുറ്റിത്തിരിഞ്ഞ് പ്രശസ്തമായ കോൾവ ബീച്ചിലെത്തി കുറച്ച് വിശ്രമിച്ചു. നാട്ടുകാരെക്കാൾ ടൂറിസ്റ്റുകളാണെങ്ങും.

അടുത്ത ദിവസം തന്നെ രാവിലെ തന്നെ ഗോവയുടെ വടക്കൻ മേഖലകൾ കാണാനിറങ്ങി. ടൂറിസ്റ്റുകളുടെ ഒരു പറുദീസ തന്നെയാണ് ഗോവ. വന്യജീവി സങ്കേതം, പുരാതന ക്ഷേത്രങ്ങൾ, ചർച്ചുകൾ, കോട്ടകൾ, വൈവിധ്യമാർന്ന ബീച്ചുകൾ അങ്ങനെയെല്ലാം ഏതാനും കിലോമീറ്റർ ചുറ്റളവിലുണ്ട്. ഒരാഴ്ചയെങ്കിലും വേണം ഒന്ന് കണ്ട് തീരാൻ. പക്ഷേ രണ്ട് ദിവസം മാത്രമേ ഞങ്ങൾക്ക് തങ്ങാനായുള്ളു.

യൂറോപ്യൻ സംസ്കാരമാണ് ഗോവയെ വ്യത്യസ്തമാക്കുന്നത്. വൈകുന്നേരം ഞങ്ങൾ വാസ്കോഡ ഗാമ എന്ന സ്ഥലത്തെത്തി. ഗോവ എയർപോർട്ട് ഇവിടെയാണ്. ഒരു ഇംഗ്ലീഷ് സിനിമയിലെ നഗരദൃശ്യങ്ങൾ കാണുന്ന പ്രതീതിയാണിവിടം. വിശാല റോഡുകളും പ്രൗഢിയുള്ള കെട്ടിടങ്ങളും. തെരുവുകച്ചടക്കാരുടെ ബാഹുല്യങ്ങളോ കോലാഹലങ്ങളോ ഇല്ല. തികഞ്ഞ ശാന്തത. അടുത്തന്നെ ഫിഷിംഗ് ഹാർബറുണ്ട്. മങ്ങിയ വെളിച്ചവും, ചാറ്റൽ മഴയും ശരിക്കും ഒരു യൂറോപ്യൻ നഗരപ്രതീതി. ഏതാനും കിലോമീറ്റർ മാത്രം അകലെയാണ് പനജി. മനോഹരമായ ഈ തുറമുഖ നഗരം പ്രധാന ആകർഷങ്ങളിലൊന്നാണ്. അഗ്വാഡ കോട്ട, ആർക്കിയോളജിക്കൽ മ്യൂസിയം, ചർച്ചുകൾ ക്ഷേത്രങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളിലൊക്കെ ഒരോട്ടപ്രദക്ഷിണം നടത്തുവാനുള്ള സമയമേ ലഭിച്ചുള്ളു. വന്യജീവി സംരക്ഷണ കേന്ദ്രം, സലിം അലി പക്ഷി സങ്കേതം തുടങ്ങി ധാരാളം സ്ഥലങ്ങൾ ഇനിയും കാണാനുണ്ട്. കൂടുതൽ ദിവസങ്ങൾ ചാർട്ട് ചെയ്ത് കൊണ്ട് ഇനിയും വരാം എന്ന് സ്വയം ആശ്വസിച്ചുകൊണ്ട് മനസ്സില്ലാമനസ്സോടെ ഞങ്ങൾ മടക്കയാത്രക്കൊരുങ്ങി.

# എൻ.എ.ജാഫർ അനുസ്മരണം



പി.എസ്.സി. എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റി അംഗവും, സാംസ്കാരിക പ്രവർത്തകനുമായിരുന്ന സ. എൻ.എ.ജാഫർ അനുസ്മരണം 2018 മാർച്ച് 26-ന് ഉച്ചയ്ക്ക് പി.എസ്.സി. എംപ്ലോയീസ് യൂണിയൻ ഹാളിൽ നടന്നു. അഡ്വ. ഡി.കെ.മുരളി എം.എൽ.എ. അനുസ്മരണ പ്രഭാഷണം നടത്തി. മുൻ ജനറൽ സെക്രട്ടറിമാരായ എൻ.രാധാകൃഷ്ണൻ നായർ, ജെ.എസ്.രാജേഷ് എന്നിവർ സംസാരിച്ചു. യൂണിയൻ പ്രസിഡന്റ് എസ്.ജയകുമാർ അദ്ധ്യക്ഷനായ യോഗത്തിൽ ജനറൽ സെക്രട്ടറി എം.ഷാജഹാൻ സ്വാഗതവും ജില്ലാ സെക്രട്ടറി വി.എസ്. രാജീവ് നന്ദിയും പറഞ്ഞു.

**കൊല്ലം**

കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിൽ കൊല്ലം ജില്ലയിൽ എൻ.എ.ജാഫർ അനുസ്മരണം 2018 മാർച്ച് 28 ന് നടന്നു. മനുകുമാർ.വി.ബി അനുസ്മരണ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് പി.രാജേന്ദ്രപ്രസാദിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജി.ഗോപു സ്വാഗതവും ജോയിന്റ് സെക്രട്ടറി രാജീവൻ.എൻ നന്ദിയും പറഞ്ഞു.

**പത്തനംതിട്ട**

കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിൽ പത്തനംതിട്ടയിൽ നടന്ന എൻ.എ.ജാഫർ അനുസ്മരണം 2018 മാർച്ച് 24 ന് പി.എസ്. സുധീർ ജാഫർ അനുസ്മരണ പ്രഭാഷണം നടത്തി. യോഗത്തിൽ രാജേഷ്.സി.പി. സ്വാഗതവും ജയ്സൻ മാത്യു നന്ദിയും പറഞ്ഞു.

**കോട്ടയം**

എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിൽ 2018 മാർച്ച് 26 ന് കോട്ടയത്ത് നടന്ന എൻ.എ.ജാഫർ അനുസ്മരണം യൂണിയൻ ജില്ലാ പ്രസിഡന്റ് സീമ തങ്കച്ചിയുടെ അധ്യക്ഷതയിൽ നടന്നു. സംസ്ഥാന കമ്മിറ്റി അംഗം വി.എ.ശിവൻ ജാഫർ അനുസ്മരണ പ്രഭാ




**തൃശ്ശൂരിൽ മുൻ കമ്മിഷനംഗം സ.അശോകൻ ചരുവിൽ ജാഫർ അനുസ്മരണ പ്രഭാഷണം നടത്തുന്നു**




**കോഴിക്കോട് യൂണിയൻ പ്രസിഡന്റ് എസ്.ജയകുമാർ ജാഫർ അനുസ്മരണ പ്രഭാഷണം നടത്തുന്നു**

ഷണം നടത്തി. സിധിൻ.എസ് സ്വാഗതവും ഹരീന്ദ്ര ദാസ് നന്ദിയും പറഞ്ഞു.

**എറണാകുളം**

കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിൽ എറണാകുളത്ത് നടന്ന എൻ.എ.ജാഫർ അനുസ്മരണം 2018 മാർച്ച് 24 ന് ഉച്ചയ്ക്ക് നടന്നു. യൂണിയൻ ജില്ലാ പ്രസിഡന്റ് ആർ. സന്തോഷ്കുമാറിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പുരോഗന കലാസാഹിത്യ സംഘം ജില്ലാ സെക്രട്ടറി കെ.രവിക്കുട്ടൻ ജാഫർ അനുസ്മരണ പ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി സജീവൻ.പി.പി സ്വാഗതവും ലിജോ നന്ദിയും പറഞ്ഞു.

**തൃശ്ശൂർ**

കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിൽ തൃശ്ശൂരിൽ എൻ.എ.ജാഫർ അനുസ്മരണം 2018 മാർച്ച് 26 ന് സംഘടിപ്പിച്ചു. മുൻ കമ്മിഷനംഗം സ.അശോകൻ ചരുവിൽ ജാഫർ അനുസ്മരണ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് സജി ജോസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സി.വി.മനോജ്കുമാർ സ്വാഗതവും അനീഷ്.പി.കെ. നന്ദിയും പറഞ്ഞു.

**മലപ്പുറം**

കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിൽ 26-03-2018 ന് മലപ്പുറത്ത് നടന്ന യോഗത്തിൽ അനിൽകുമാർ.ആർ ജാഫർ അനുസ്മരണ പ്രഭാഷണം നടത്തി. യൂണിയൻ പ്രസിഡന്റ് മമ്മിച്ചൻ.എ അധ്യക്ഷനായ ചടങ്ങിൽ സുനീഷ്.കെ.എം. സ്വാഗതവും പ്രകാശൻ നന്ദിയും പറഞ്ഞു.

**കോഴിക്കോട്**

കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിൽ നടന്ന എൻ.എ.ജാഫർ അനുസ്മരണം 2018 മാർച്ച് 24 ന് ഉച്ചയ്ക്ക് യൂണിയൻ ജില്ലാ വൈസ് പ്രസിഡന്റ് വിനോദ്കുമാർ.വി.വി. യുടെ അധ്യക്ഷതയിൽ ചേർന്നു. യൂണിയൻ പ്രസിഡന്റ് എസ്.ജയകുമാർ ജാഫർ അനുസ്മരണ പ്രഭാഷണം നടത്തി. വി.മോഹനൻ സ്വാഗതവും ഷെറീന നന്ദിയും പറഞ്ഞു.

**വയനാട്**

കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിൽ 2018 മാർച്ച് 26 ന് വയനാട് ജില്ലയിൽ നടന്ന എൻ.എ.ജാഫർ അനുസ്മരണം യൂണിയൻ ജില്ലാ പ്രസിഡന്റ് പി.രാജീവിന്റെ അധ്യക്ഷതയിൽ നടന്നു. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി.സാജിത എഫ്.എസ്.ഇ.ടി.ഒ ജില്ലാ സെക്രട്ടറി പി.കെ. അബ്ദുൾ ഗഫൂർ എന്നിവർ സംസാരിച്ചു.
കെ.എസ്. മഹേഷ് ബാബു സ്വാഗതവും എം.ദേവകുമാർ നന്ദിയും പറഞ്ഞു.

**കണ്ണൂർ**

2018 മാർച്ച് 26 ന് കണ്ണൂർ ജില്ലയിൽ എ.വി.മനോജ്കുമാറിന്റെ അധ്യക്ഷതയിൽ നടന്ന എൻ.എ.ജാഫർ അനുസ്മരണയോഗത്തിൽ യൂണിയൻ സംസ്ഥാന സെക്രട്ടറി കെ.വി.സുനുകുമാർ ജാഫർ അനുസ്മരണ പ്രഭാഷണം നടത്തി. സെക്രട്ടറി സുഭാഷ്.പി.കെ. സ്വാഗതവും ജോയിന്റ് സെക്രട്ടറി ദുർഗ്ഗാ ശ്രീധർ നന്ദിയും പറഞ്ഞു.

## തൃശ്ശൂർ ജില്ലാ കമ്മിറ്റി

### കാര്യക്ഷമമായ ഓഫീസ് പരിപാലനം

പി.എസ്.സി. എംപ്ലോയീസ് യൂണിയന്റെ ആഭിമുഖ്യത്തിൽ നടന്ന പഠനക്യാമ്പുകളിൽ ശ്രദ്ധിക്കപ്പെട്ട കാര്യക്ഷമമായ ഓഫീസ് പരിപാലനം എന്ന വിഷയത്തിലുള്ള കില റിസോഴ്സ് പേഴ്സണായ ശ്രീ. കെ. പി.എ. ഹാഷിംന്റെ ക്ലാസ്സ് തൃശ്ശൂർ ജില്ലാ ഓഫീസിൽ സംഘടിപ്പിച്ചു. ഓഫീസിലെ മുഴുവൻ ജീവനക്കാരും പങ്കെടുത്തു.

ഓഫീസിലെ കാര്യക്ഷമമായ പ്രവർത്തനം വഴി



**സാന്ത്വന പരിപാടി–തൃശ്ശൂർ ജില്ലാ കമ്മിറ്റി**

ഓരോരുത്തർക്കും അവരുടെ വ്യക്തിജീവിതത്തിലെയും കുടുംബ ജീവിതത്തിലെയും പ്രവർത്തനം അടുക്കും ചിട്ടയോടും കൂടി മുന്നോട്ട് കൊണ്ട് പോകുന്നതിനും കൂടുതൽ കാര്യക്ഷമത ആർജ്ജിക്കുന്നതിനും പ്രാപ്തരാക്കുന്ന വ്യത്യസ്തമായ ഒരു പാരിപാടിയായിരുന്നു സംഘടിപ്പിച്ചത്.

**പുല്ലാങ്കുഴൽ കച്ചേരി**

സാംസ്കാരിക തലസ്ഥാനം സമ്മേളന ചൂടിലേക്ക് പ്രവേശിച്ച സന്ദർഭത്തിൽ ഫെബ്രുവരി 20–ന് ഉച്ചക്ക് വൈവിധ്യമാർന്ന നാദവിസ്മയവുമായി കലാമണ്ഡലം ശ്രീനാഥും സംഘവും അവതരിപ്പിച്ച പുല്ലാങ്കുഴൽ കച്ചേരി അരങ്ങേറി.

**മേഘമൽഹാർ 2018**

2018 ഏപ്രിൽ 12 ഉച്ചക്ക് 01.15 ന് മേഘമൽഹാർ 2018 എന്ന നൃത്ത സംഗീത വിരുന്ന് സംഘടിപ്പിച്ചു. യൂണിയൻ അംഗങ്ങളായ ഗായകർക്കൊപ്പം തൃശ്ശൂർ കേരളവർമ്മ കോളേജിലെ വിദ്യാർത്ഥിനികൾ അവതരിപ്പിച്ച നൃത്തവും നാടൻ പാട്ടും സംഘഗാനവും കൊണ്ട് നൃത്ത സംഗീതവിരുന്ന് ശ്രദ്ധേയമായി.

**യാത്രയയപ്പ് പരിപാടി**

തൃശ്ശൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി.സി. ആയി നിയമനം ലഭിച്ച സ. കലാദേവി, ആരോഗ്യവകുപ്പിൽ ഡെപ്യൂട്ടി ഡിസ്ട്രിക്ട് മീഡിയ ഓഫീസർ ആയി നിയമനം ലഭിച്ച സ. വിനോദ്.വി. എന്നീ മുൻ ജില്ലാ കമ്മിറ്റി അംഗങ്ങൾക്ക് 09–03–2018 തീയതിയിൽ നടന്ന ചടങ്ങിൽ എംപ്ലോയീസ് യൂണിയൻ തൃശ്ശൂർ ജില്ലാ കമ്മിറ്റി സ്നേഹാദരം അർപ്പിച്ചു. യൂണിയന്റെ ഉപഹാരവും ഇരുവർക്കും നൽകുകയുണ്ടായി.

**സാന്ത്വന പരിപാടി**

പി.എസ്.സി. എംപ്ലോയീസ് യൂണിയൻ തൃശ്ശൂർ ജില്ലാ കമ്മിറ്റി, തൃശ്ശൂർ ജില്ലാ ആശുപത്രി കേന്ദ്രത്തിലെ നിർധനരായ 30 രോഗികളുടെ ഡയാലിസിസിന് സ്വരൂപിച്ച തുക തൃശ്ശൂർ കോർപ്പറേഷൻ മേയർ അജിത ജയരാജനിൽ നിന്ന് തൃശ്ശൂർ ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. ശ്രീദേവി.ടി.പി. ഏറ്റുവാങ്ങി. ഡോ. പ്രശാന്ത് സ. മനോജ്.സി.വി, പ്രസിഡന്റ് സിജോ. സി.സി, ജില്ലാ സെക്രട്ടറി പി.കെ.അനീഷ്, ഷിനോയ് വി.ജെ. കുഞ്ഞുമോൻ.കെ.കെ, ജ്യോത്സനാനാഥ്.കെ. ടി, രാജീവ്.എം.ആർ എന്നിവർ പങ്കെടുത്തു.

## വനിതാ ദിനം –മാർച്ച് – 8

2018 വർഷത്തെ സാർവ്വദേശീയ വനിതാദിനം മാർച്ച് 08 ന് ആസ്ഥാന ഓഫീസിൽ സമുചിതമായി ആചരിച്ചു. വനിതാകമ്മിഷൻ അധ്യക്ഷ ശ്രീമതി എം.സി. ജോസഫൈൻ ഉദ്ഘാടനം നിർവ്വഹിച്ച പരിപാടിയിൽ സബിതാ ജാസ്മിൻ അധ്യക്ഷത വഹിയ്ക്കുകയും വനിതാ സബ്കമ്മിറ്റി കൺവീനർ ആർ.ബി. സിന്ധു സ്വാഗതം ആശംസിക്കുകയും ചെയ്തു. പ്രസ്തുത പരിപാടി പങ്കാളിത്തം കൊണ്ടും ഉള്ളടക്കം കൊണ്ടും ശ്രദ്ധേയമായി. വിവിധ മേഖലകളിൽ തീരുമാനങ്ങൾ കൈക്കൊള്ളേണ്ട പദവികളിൽ സ്ത്രീകൾ എത്തിപ്പെടാത്തിടത്തോളം സ്ത്രീസമത്വം അപ്രാപ്യമാണെന്ന സന്ദേശം ഉൾക്കൊള്ളുന്നതായിരുന്നു പ്രസംഗം.

**കൊല്ലം**

മാർച്ച് 08 ന് PSCEU കൊല്ലം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ചവനിതാ കൂട്ടായ്മയിൽ എൻ.ജി.ഒ. യൂണിയൻ സംസ്ഥാനസെക്രട്ടേറിയറ്റ് അംഗം സുശീല സംസാരിച്ചു.

**ആലപ്പുഴ**

ആലപ്പുഴ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച Yes സ്ത്രീ സ്വാതന്ത്ര്യമർഹതി എന്ന വിഷയത്തിൽ സ്ത്രീപക്ഷ സംവാദം സംഘടിപ്പിച്ചു. അഡ്വ. ഷീനാ സനൽകുമാർ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ PSCEU സംസ്ഥാന കമ്മിറ്റി അംഗം രജിത.ആർ. അധ്യക്ഷത വഹിച്ചു.




**എൻ.എ.ജാഫർ ലൈബ്രറി ചർച്ചാവേദി സംഘടിപ്പിച്ച ഫാസിസ്റ്റ് വിരുദ്ധ കൂട്ടായ്മയിൽ കവി കുരീപ്പുഴ ശ്രീകുമാർ സംസാരിക്കുന്നു**

**പത്തനംതിട്ട**

സാർവ്വദേശീയ വനിതാദിനാചരണത്തിന്റേ ഭാഗമായി നടത്തിയക്കൂട്ടായ്മയിൽ ജി. വസന്തകുമാരി അധ്യക്ഷ യായിരുന്നു. പ്രസ്തുത കൂട്ടായ്മ എൻ. എം. ശ്രീകല ഉദ്ഘാടനം ചെയ്തു.

**കോട്ടയം**

കോട്ടയം ജില്ലാ ഓഫീസ് സ്ഥിതി ചെയ്യുന്ന കഞ്ഞിക്കുഴി കൊല്ലാട് റോഡിലെ വഴിയാത്രക്കാർക്കും പ്രദേശവാസികൾക്കും വനിതാ ദിനാശംസകൾ നേർന്നും മധുരം നൽകിയും ആശംസാ കാർഡുകൾ വിതരണം ചെയ്തും കോട്ടയം ജില്ലാ കമ്മിറ്റി വേറിട്ട രീതിയിൽ വനിതാദിനം ആചരിച്ചു.

**ഇടുക്കി**

ഇടുക്കി ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച വനിതാ ദിനാചരണ പരിപാടി കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സാലി ജോളി ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന ട്രഷറർ ടി.കെ.വിജയൻ പരിപാടിക്ക് ആശംസകൾ നേർന്ന് സംസാരിച്ചു.

**എറണാകുളം**

എറണാകുളം ജില്ലാ വനിത സബ്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വനിതാ സബ്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വനിതാദിനാചരണ പരിപാടിയിൽ KSTA State Executive Member എൽ.എൽ. മാഗി സ്ത്രീ-കരുത്ത്-കരുതൽ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

**തൃശ്ശൂർ**

തൃശ്ശൂർ വനിതാ സബ്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഇതാണ് അതിന്റെ സമയം എന്ന വനിതാ ദിനാചരണ പരിപാടിയിൽ KGOA സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ഡോ. ഇ.ടി.ബിന്ദു സംസാരിച്ചു.

**കോഴിക്കോട്**

സാർവ്വദേശീയ വനിതാദിനാചരണത്തിന്റെ ഭാഗമായി മാർച്ച് 08ന് കോഴിക്കോട് ജില്ലാ പി.എസ്.സി. എംപ്ലോയീസ് യൂണിയൻ സംഘടിപ്പിച്ച പരിപാടിയിൽ അഡ്വ. പി.എം. ആതിര തൊഴിലിടങ്ങളിലെ സ്ത്രീ എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തി.

**കണ്ണൂർ**

പെൺജീവിതം എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിച്ച് കണ്ണൂർ ജില്ലാ വനിതാ സബ്കമ്മിറ്റി വനിതാദിനാചരണം നടത്തി.

**പാലക്കാട്**

പാലക്കാട് ജില്ലാ കമ്മിറ്റി FSETO യോടൊപ്പം വനിതാദിനാചരണം നടത്തി.

## ചർച്ചാവേദി

എൻ.എ.ജാഫർ ലൈബ്രറി ചർച്ചാവേദിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധ കവി കുരീപ്പുഴ ശ്രീകുമാറിനെ പങ്കെടുപ്പിച്ചുകൊണ്ട് ഫാസിസ്റ്റ് വിരുദ്ധ കൂട്ടായ്മ സംഘടിപ്പിച്ചു. എംപ്ലോയീസ് യൂണിയൻ ഹാളിൽ 2018 മാർച്ച് 14 ന് സംഘടിപ്പിച്ച പരിപാടിയിൽ സബിതാ ജാസ്മിൻ അദ്ധ്യക്ഷത വഹിച്ചു. വംശീയ ഫാസിസ്റ്റു ശക്തികളുടെ ഉറഞ്ഞു തുള്ളലിൽ അശേഷം ഭയപ്പെടാതെ മുന്നേറുന്ന പ്രിയകവി സംഘപരിവാരങ്ങളുടെ ഫാസിസ്റ്റ് ഭീകരത എണ്ണിയെണ്ണി പ്രതിപാദിച്ചുകൊണ്ട് സംസാരിച്ചു. ശ്രദ്ധേയമായ പരിപാടിയായിരുന്നു.




**പി.എഫ്.ആർ.ഡി.എ. ബില്ലിനെതിരെ ഒപ്പുശേഖരണം–എഫ്.എ.സി.ടി.ഒ. ജനറൽ സെക്രട്ടറി ടി.സി.മാത്തുക്കുട്ടി**




**പി.എഫ്.ആർ.ഡി.എ. ബിൽ പിൻവലിക്കുക എന്നാവശ്യപ്പെട്ടുകൊണ്ട് പത്തനംതിട്ട സിവിൽ സ്റ്റേഷനിൽ നടന്ന ധർണ്ണ യൂണിയൻ ജനറൽ സെക്രട്ടറി എം.ഷാജഹാൻ നിർവ്വഹിക്കുന്നു**




വനിതാ സംഗമം വനിതാ കമ്മീഷൻ അദ്ധ്യക്ഷ എം.സി.ജോസഫൈൻ ഉദ്ഘാടനം ചെയ്യുന്നു



സ. എൻ.എ.ജാഫർ അനുസ്മരണ പ്രഭാഷണം അഡ്വ. ഡി.കെ.മുരളി എം.എൽ.എ.

Printed &Published by M Shajahan, General Secretary, Kerala PSC Employees Union
Printed at Bhagath, Pattom. Ph. 4017097, bhagathpattom@yahoo.com